Barth.
Biblische Geschichten.
1. 2
1849. 50.

Ci
XIV
128a

N12<526908486 021
LS
ubTÜBINGEN

Received 25 März
1850

[Chr. Gottl. Barth
Biblische Geschichten.]
1.

# സത്യവെദകഥകൾ

ഒന്നാംഖണ്ഡം

പഴയനിയമത്തിൽനിന്നെടുത്തവ

അമ്പത്തരണ്ടു


തലശ്ശെരിക്കല്ലച്ശാപിതം

൧൮൪൯

1849.

UNIV. BIBL. TÜBINGEN

Ci XIV 128a.

# സത്യവേദകഥകൾ

## ൧. സൃഷ്ടി

ആദിയിൽ ദൈവം തന്റെ ഇഷ്ടാനുസാരം പരലോകത്തെ
യും ഭൂലോകത്തെയും സൃഷ്ടിച്ചു — ആദിയിങ്കൽ അവൻ അപ്പോൾ
മറ്റൊന്നും ഉണ്ടായില്ല — ദൈവം അവറ്റെ ഉത്ഭവിപ്പിച്ചശേഷം അവൻ ത
ന്റെ ഇഷ്ടപ്രകാരം എല്ലാറ്റെയും സൃഷ്ടിപ്പാൻ ആറു ദിവസം എടുത്തു — സകലത്തി
ലും വെച്ചു മനുഷ്യനെ ഏറ്റവും പ്രധാനിയാക്കി നടത്തുക കൊണ്ടു പരലോ
ക ഭൂലോകങ്ങളെ കൈക്കൊണ്ടതിൽ എല്ലാ ക്രമത്തെയും ഉറപ്പിപ്പാൻ അ
വന്നു ആവശ്യം ഉണ്ടായതു — ദൈവം ആറു ദിവസങ്ങളിൽ പരലോക
ഭൂലോകങ്ങളെ ഉണ്ടാക്കിയ പ്രകാരം ആവിതു —
പ്രകാശം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചപ്പോൾ പ്രകാശം ഉണ്ടായി അ
വൻ പ്രകാശത്തെയും ഇരുട്ടിനെയും വേർതിരിച്ചതിനാൽ ഒന്നാം പക
ലും രാവും ഉണ്ടായി — ൨ാം ദിവസത്തിൽ ഭൂമിയെ ചുറ്റിയിരിക്കുന്ന
ത്തിനെ ഉണ്ടാക്കി താഴെയും മേലും ഉള്ള വെള്ളങ്ങളെ വേർതിരിച്ചു
അതിന്നു ആകാശം എന്നു പേർ വിളിച്ചു — ൩ാം ദിവസത്തിൽ വെള്ളങ്ങ
ളെയും ഭൂമിയെയും വിഭാഗിച്ചു ഭൂമിയിൽനിന്നു പുല്ലുകളെയും ഫലവൃ
ക്ഷങ്ങളെയും മുളപ്പിച്ചു — ൪ാം ദിവസത്തിൽ കാലഭേദങ്ങളെ അറിയി
പ്പാൻ പകലിന്നു സൂര്യനെയും രാത്രിക്കു ചന്ദ്രനെയും നക്ഷത്രങ്ങളെ
യും ഉണ്ടാക്കി — ൫ാം ദിവസത്തിൽ വെള്ളങ്ങളിൽനിന്നു വലിയ മത്സ്യ
ങ്ങൾ ജന്തുക്കളെയും ആകാശത്തിൽ പറക്കുന്ന സകലവിധ പക്ഷികളെയും
പടച്ചു അവ പെരുകി നിറഞ്ഞു വരുവാൻ തന്നെ അനുഗ്രഹിച്ചു — ൬ാം
ദിവസത്തിൽ ദൈവം പലവിധ കാട്ടുമൃഗങ്ങളെയും നാട്ടുമൃഗങ്ങളെയും
ഭൂമിയിൽനിന്നു ഉളവാക്കിയശേഷം തന്റെ രൂപത്തിൽ ഉള്ള മനുഷ്യരെയും

ആകാശത്തിലെ പക്ഷികൾക്കും മൃഗജാതികളെയും നിലത്തിൽ ഇഴയുന്നവയിൽ ഉള്ള ജന്തുക്കൾക്കും ഭൂമിക്കും എല്ലാം മേൽ ഭരിച്ചുകൊള്ളുവാൻ നമ്മുടെ രൂപത്തിൽ മനുഷ്യരെ ഉണ്ടാക്കേണം എന്നു കല്പിച്ചു തന്റെ സാദൃശ്യത്തിൽ അവരെ സൃഷ്ടിച്ചു — ആണും പെണ്ണുമായിട്ട് അവരെ സൃഷ്ടിച്ചശേഷം അവരോട് നിങ്ങൾ വർദ്ധിച്ചു ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കിക്കൊള്ളുവിൻ എന്ന അനുഗ്രഹിച്ചശേഷം ദൈവം താൻ സൃഷ്ടിച്ചതൊക്കെയും നോക്കി ഇതാ അവ ഏറ്റവും നല്ലവ എന്നു കണ്ടു ൬ാം ദിവസത്തിൽ പ്രവൃത്തി കഴിഞ്ഞു — ൭ാം ദിവസത്തിൽ സകല പ്രവൃത്തികളിൽനിന്നും ഒഴിവുള്ളതാകയാൽ മനുഷ്യർക്ക് ൭ാം ദിവസം സ്വസ്ഥതയായിരിക്കേണം എന്നു അനുഗ്രഹിച്ചും വെച്ചു —

## ൨. പാപപതനം

ദൈവം ഏദൻ എന്ന നല്ല തോട്ടത്തെ ഉണ്ടാക്കി ആദി മനുഷ്യനെ അതിൽ പാർപ്പിച്ചു — ആ തോട്ടത്തിൽ കാഴ്ചക്കു സുന്ദരമായും ഭക്ഷണത്തിന്നു നല്ലതുമായുള്ള പലവിധ ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു — നടുവിൽ ജീവവൃക്ഷം ഗുണദോഷങ്ങളെ അറിയിക്കുന്ന വൃക്ഷം എന്നീ വിശിഷ്ട മരങ്ങളും ഉണ്ടായി — ദൈവം മനുഷ്യനെ കാട്ടി നീ തോട്ടത്തിലെ മറ്റു സകല വൃക്ഷഫലങ്ങളെയും ഭക്ഷിക്കാം — ഗുണദോഷങ്ങളെ അറിയിക്കുന്ന വൃക്ഷത്തിന്റെ ഫലം മാത്രം ഭക്ഷിക്കരുത് ഭക്ഷിക്കും ദിവസം നീ മരിക്കും നിശ്ചയം എന്നു കല്പിച്ചു —

അനന്തരം മൃഗങ്ങളിൽ കൗശലമുള്ള പാമ്പ് തോട്ടത്തിൽ വെച്ചു സ്ത്രീയോട് നിങ്ങൾ സകല വൃക്ഷത്തിൽനിന്നും ഭക്ഷിക്കരുത് എന്നു ദൈവം വിലക്കിയിട്ടുണ്ടോ എന്നു ചോദിച്ചു — സ്ത്രീ പറഞ്ഞതിനോട്: തോട്ടത്തിലെ ഫലങ്ങളെ ഒക്കെയും ഞങ്ങൾക്കു ഭക്ഷിക്കാം എങ്കിലും നിന്നാൽ മരിക്കാതിരിക്കേണ്ടതിന്നു നടുവിൽ ഉള്ള ഒരു വൃക്ഷത്തിന്റെ ഫലം തന്നെ മാത്രം ഒട്ടും തൊടുകയും ഭക്ഷിക്കയും അരുത് എന്നു ദൈവത്തിന്റെ കല്പന ആകുന്നു — എന്നത് കേട്ടു പാമ്പ് നിങ്ങൾ മരിക്കയില്ല നിശ്ചയം

ഭക്ഷിക്കുന്നൊരു നാൾ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെട്ടും നന്മദൊഷങ്ങ
ളെ അറിഞ്ഞിരിക്കുന്ന ദൈവത്തെപ്പൊലെ ആയിരിക്കും എന്നറിയുന്നത്കൊണ്ടത്രെ
ആകുന്നതെന്നു സർപ്പം പറഞ്ഞപ്പൊൾ ആ വൃക്ഷത്തിൻ
ഫലം കാഴ്ചെക്ക ഭംഗിയും ഭക്ഷണത്തിന്നു നല്ലതും ബുദ്ധി വരുത്തുവാ
ൻ മതിയായിരിക്കും എന്നു സ്ത്രീ കണ്ടു ഫലത്തെ പറിച്ചു ഭക്ഷിച്ചു ഭർത്താവിന്നും
കൊടുത്താറെ അവനും ഭക്ഷിച്ചു— അപ്പൊൾ അവരിരുവരുടെയും ക
ണ്ണുകൾ തുറന്നു അവർ നഗ്നന്മാർ എന്നറിഞ്ഞു അത്തിഇലകളെ കൂട്ടി തു
ന്നി തങ്ങൾക്കു ഉടുപ്പുകളുണ്ടാക്കി—
പിന്നെ വൈകുന്നെരത്തു കുളിർമ്മയുള്ളപ്പൊൾ ദൈവമായ യഹൊവ തൊ
ട്ടത്തിൽ സഞ്ചരിച്ചാറെ ആദാമും ഭാര്യയും യഹൊവയുടെ ശബ്ദം കെട്ടിട്ടു സ
ന്നിധിയിൽനിന്നു ഒളിപ്പാൻ തൊട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു
അപ്പൊൾ യഹൊവ ആദാമെ നീ എവിടെ എന്നു വിളിച്ചു അതിന്നവൻ
തിരുശബ്ദത്തെ തൊട്ടത്തിൽ കെട്ടു ഞാൻ നഗ്നനാകകൊണ്ടു ഞാൻ ഭയപ്പെട്ടു ഒളിച്ചു എ
ന്നു പറഞ്ഞാറെ ദൈവം നീ നഗ്നൻ എന്നു നിന്നൊടു അറിയിച്ചതാർ ഭക്ഷി
ക്കരുത് എന്ന ഞാൻ വിരൊധിച്ച വൃക്ഷത്തിന്റെ ഫലം നീ ഭക്ഷിച്ചിട്ടെ
ല്ലൊ എന്നു ചൊദിച്ച ശെഷം ആദാം പറഞ്ഞു നീ എന്നൊടു കൂടെ ഇരി
പ്പാൻ തന്നിട്ടുള്ള സ്ത്രീ തന്നെ വൃക്ഷത്തിൻ ഫലം എനിക്ക തന്നു ഞാൻ ഭ
ക്ഷിക്കയും ചെയ്തു— അപ്പൊൾ ദൈവം സ്ത്രീയൊടു നീ ചെയ്തിട്ടുള്ളതെ
ന്തെന്നു ചൊദിച്ചു അതിന്നു സ്ത്രീ സർപ്പം എന്നെ ചതിച്ചതുകൊണ്ടു ഞാൻ ഭ
ക്ഷിച്ചു എന്നു പറഞ്ഞു—
അതിന്റെ ശെഷം ദൈവം പാമ്പിനെ നൊക്കി പറഞ്ഞു നീ ഇതിനെ ചെ
യ്തതുകൊണ്ടു എല്ലാ ജന്തുക്കളിലും ഞാൻ നിന്നെ ശപിക്കുന്നു നീ ജീവി
ക്കുന്നെടത്തൊളം ഉരസ്സു കൊണ്ടു നടന്നു പൊടിതിന്നും നിനക്കും സ്ത്രീക്കും
നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും ഞാൻ ശത്രുത്വം ഉണ്ടാക്കും അ
വൻ നിന്റെ തലയെ ചതെക്കും നീ അവന്റെ കുതികാലിനെ ചതെക്കും എന്നു
കല്പിച്ച ശെഷം സ്ത്രീയൊടു നിന്റെ ഗർഭധാരണത്തെയും ദുഃഖത്തെയും

ഞാൻ ഏറെറവും വൎദ്ധിപ്പിക്കും നീ വെദനയൊടെ പൈതങ്ങളെ പ്രസവി
ക്കും നിന്റെ ഇഛ്ശ ഭൎത്താവിന്നു താണിരിക്കയും അവൻ നിന്റെ മെൽവാ
ഴുകയും ചെയ്യും എന്നു കല്പിച്ചശെഷം ആദാമിനൊടു നീ ഭാൎയ്യയുടെ വാക്ക്
കെട്ടനുസരിച്ചു എന്റെ വാക്കിനെ തള്ളിക്കളഞ്ഞതു കൊണ്ടു ഭക്ഷിച്ചതു
കൊണ്ടു നിന്റെ നിമിത്തം ഭൂമിക്കു ശാപം ഉണ്ടു നിന്റെ ആയുസ്സുള്ളനാ
ൾ ഒക്കയും ദുഃഖത്തൊടു കൂടെ അതിൻ ഫലത്തെ നീ ഭക്ഷിക്കും അതു നി
നക്കു മുള്ളുകളെയും പറക്കാരകളെയും മുളപ്പിക്കും നീ നിലത്തു നിന്നു എ
ടുക്കപ്പെട്ടു പൊടിയാകുന്ന പൊടിക്കു തിരികെ ചെരുകയും ചെയ്യും നിന്റെ
മുഖത്തെ വിയൎപ്പൊടു കൂടി അപ്പം ഭക്ഷിക്കും എന്നു കല്പിച്ചതിൽ പി
ന്നെ അവരെ തൊട്ടത്തിൽ നിന്നു പുറത്താക്കി ജീവവൃക്ഷവഴിയെ കാ
ക്കെണ്ടതിന്നായിട്ടു ജ്വലിച്ചു തിരിയുന്ന അഗ്നിവാളെടുത്തിരിക്കുന്ന കെ
രൂബിമാരെ സ്ഥാപിക്കയും ചെയ്തു—

## ൩. സഹൊദരവധം

ആദാമിന്റെ പുത്രന്മാരിൽ ജ്യെഷ്ഠനായ കായിൻ കൃഷിക്കാരനും അനു
ജനായ ഹാബെൽ ആടു മെയ്ക്കുന്നവനും ആയിരുന്നു— ഒരു ദിവസം ഇരുവരും ബലി
കഴിപ്പാൻ വന്നപ്പൊൾ കായിൻ കൃഷിഫലങ്ങളെയും ഹാബെൽ ആട്ടിൻകൂട്ട
ത്തിലുള്ള കടിഞ്ഞൂൽ കുട്ടികളെയും കൊണ്ടുവന്നു അൎപ്പിച്ചാറെ യഹൊവാ
വിശ്വാസമുള്ള ഹാബെലിന്റെ കാഴ്ചയിൽ പ്രസാദിച്ചു കായിന്റെ ബ
ലിയെ നിരസിച്ചു— കായിനും അസൂയക്കാരനായി തീൎന്നു അവൻ അനുജ
നെ കണ്ടപ്പൊൾ ഏറെറവും കൊപിച്ചു മുഖപ്രസാദം കൂടാതെ ഇരുന്നു- എ
ന്നാറെ കൊപം ഉണ്ടാകുന്നത് എന്തിന്നു നിൻ മുഖം വാടിയിരിക്കുന്നതെന്തു നന്മ
ചെയ്യുന്നു എങ്കിൽ പ്രസാദം ഉണ്ടാകയില്ലയൊ നന്മ ചെയ്യാഞ്ഞാൽ പാപം
വാതില്ക്കൽ കിടക്കയും നിന്മെൽ ആഗ്രഹം വെക്കയും ചെയ്യുന്നു അല്ലൊ അ
തിനെ നീ അടക്കെണം എന്നു യഹൊവ പറഞ്ഞതു കായിൻ കെ
ട്ടില്ല പിന്നെ അനുജനൊടു സ്നെഹമായി സംസാരിച്ചു എങ്കിലും പറമ്പിൽ വെ
ച്ചു അവനെ കൊല്ലുകയും ചെയ്തു—

അനന്തരം യഹൊവ നിന്റെ അനുജനായ ഹാബെൽ എവിടെ എ
ന്നു ചൊദിച്ചതിന്ന ഞാൻ അറിയുന്നില്ല ഞാൻ എന്റെ കാവല്ക്കാരൻ ഞാ
നൊ എന്നു കായിൻ പറഞ്ഞാറെ യഹൊവ നീ എന്തു ചെയ്തു നിന്റെ അനു
ജന്റെ രക്തം നിലത്തിൽനിന്ന എന്നൊടു നിലവിളിക്കുന്നു സഹോദരവധം
കൊണ്ടു രക്തം കുടിച്ചിട്ടുള്ള ഭൂമിയിൽനിന്ന നീ ശപിക്കപ്പെട്ടവൻ ആയി ചെ
യ്യുമ്പൊൾ അത തന്റെ സാരം നിണക്ക തരികയില്ല ഭൂമിയിൽ ഉഴലുന്നവ
നും അലയുന്നവനും ആകും എന്ന് കല്പിച്ചപ്പൊൾ കായിൻ ദൈവത്തൊടു പ
റഞ്ഞു എന്റെ പാപം ക്ഷമിപ്പാൻ കഴിയാത്തവണ്ണം വലിയതാകുന്നു- ഇ
പ്പൊൾ കാണുന്നവൻ എല്ലാം എന്നെ കൊല്ലും- എന്നാറെ യഹൊവ അവ
ന്റെ മെൽ ഒരുത്തനും അവനെ കൊല്ലാതെ ഇരിപ്പാൻ മുമ്പെ
ഒരടയാളം വെക്കുകയും ചെയ്തു—

അതിന്റെ ശെഷം കായിൻ ഭാൎയ്യാപുത്രന്മാരൊടുകൂട യഹൊവയുടെ സ
ന്നിധിയിൽനിന്ന പുറപ്പെട്ടു പൊയി നൊദ എന്ന ദെശത്തിൽ എത്തി ഒരു
പട്ടണം ഉണ്ടാക്കി അതിന്ന ജ്യെഷ്ഠപുത്രനായ ഹനൊക്കിന്റെ പെർ വി
ളിച്ചു- ഇത് സംഭവിച്ചപ്പൊൾ ആദാമിന്ന ൧൩൦ വയസ്സായിരുന്നു- അ
ക്കാലത്ത് ഹവ്വ പിന്നെയും ഒരു പുത്രനെ പ്രസവിച്ചു ഹാബെലിന്ന പക
രം ഉള്ള സന്തതി ദൈവം തന്നു എന്ന അൎത്ഥമായിട്ടുള്ള ശെത്ത എന്ന പെ
ർ വിളിക്കയും ചെയ്തു—

## ൪. ജലപ്രളയം

ആദ്യമനുഷ്യൎക്ക ആരൊഗ്യവും ദീൎഘായുസ്സും പ്രബലരൂപവും ഉണ്ടായിരുന്നു- ആദാം
തന്റെ സന്തതിയിൽ ൮ തലമുറയൊളം കണ്ടു- ൯൩൦- വയസ്സുള്ളവനാ
യി മരിച്ചു- നൊഹ- ൯൫൦- മെഥുശലാ- ൯൬൯- വയസ്സൊളം ജീവിച്ചു- ഈ
ദീൎഘായുസ്സുനിമിത്തം മനുഷ്യവൎഗ്ഗം ഭൂമിയിൽ വളരെ പെരുകി അഹംഭാ
വം ശൌൎയ്യം കാമവികാരം മുതലായ ദുൎഗ്ഗുണങ്ങളും അതിക്രമിച്ചുവന്നാറെ യ
ഹൊവ മാംസസ്വഭാവമുള്ള മനുഷ്യരൊടു എന്റെ ആത്മാവ് എപ്പൊഴും
വിവാദിക്കയില്ല അവൎക്ക ൧൨൦ സംവത്സരം ഇട കൊടുക്കും എന്ന്

കല്പിച്ചു- എങ്കിലൊ അക്കാലത്തിലെ ജനങ്ങളുടെ ദുഷ്ടതനിമിത്തം ശിക്ഷിപ്പാൻ ദൈ
വം ൧൨൦ വൎഷം പശ്ചാത്താപത്തിനു മുതലായി കൊടുക്കുള്ള പ്രയൊജിക്കാതെ വെദവും ശി
ക്ഷാശാസ്ത്രവും എഴുതിയിട്ടില്ലാക്കകൊണ്ടു തന്റെ ആത്മാവിനാൽ അത്രെ
ബൊധം വരുത്തി-

അതിന്റെ ശെഷം യഹൊവ താൻ സൃഷ്ടിച്ച മനുഷ്യരെ ഞാൻ ഭൂമി
യിൽനിന്നു നശിപ്പിക്കും എന്നും നൊഹ തിരികമാത്രം ഉത്തമനാകകൊണ്ടു എന്നൊ
ടു ഐക്യമായി നടന്നതുകൊണ്ടു അവനെ അവന്റെ കുലത്തിനെ രക്ഷിക്കണം എ
ന്നും നിശ്ചയിച്ചു അവനൊടു ഞാൻ ഭൂമിമെൽ ജലപ്രളയം വരുത്തുന്നത്
കൊണ്ടു നീ ൩൦൦ മുഴം നീളവും ൫൦ മുഴം വീതിയും ൩൦ മുഴം ഉയരവും ഉള്ളൊ
രു പെട്ടകം ഉണ്ടാക്കി അതിനെ പല മുറികളൊടും കൂടെ തീൎത്ത ശെഷം നീയും
ഭാൎയ്യാ പുത്രന്മാരും പുത്രഭാൎയ്യമാരും അതിൽ പ്രവെശിക്കയും നിന്നൊടു കൂടെ ജീ
വനൊടെ രക്ഷിപ്പാനായി സകല ജന്തുക്കളിൽ ആണും പെണ്ണുമായി ഇര
ണ്ടീ) രണ്ടു കൂടെ ചെൎത്തിട്ടും അവറ്റിന്നും ഭക്ഷിപ്പാൻ വെണ്ടുന്നതെ
ല്ലാം ശെഖരിക്കയും വെണം എന്നു കല്പിച്ചു നൊഹ അപ്രകാരം തന്നെ ചെയ്തിരിക്ക
കയും ചെയ്തു-

അനന്തരം ദൈവകല്പനകെട്ടിട്ടു നൊഹ തന്റെ ൬൦൦ാം വയസ്സിൽ കു
ഡുംബത്തൊടു കൂട പെട്ടകത്തിൽ പ്രവെശിച്ച ശെഷം മഹാ ആഴിയിലുള്ള ഉറ
വുകൾ എല്ലാം പിളൎന്നു ആകാശത്തിലുള്ള ജലദ്വാരങ്ങളും തുറന്നു- പിന്നെ
൪൦ം പകലും രാവും ഭൂമിമെൽ പെരുമഴ ഉണ്ടാകയാൽ വെള്ളങ്ങൾ വൎദ്ധിച്ചു
പെട്ടകത്തെ മെല്പെട്ടു പൊങ്ങിച്ചു അങ്ങൊട്ടിങ്ങൊട്ടു ഒടിച്ചു- പിന്നെ
യും വളരെ പെരുകി വന്നു ആകാശത്തിൻ കീഴിലുള്ള മലകളെ മൂടുവൊ
ളമല്ലാതെ ശിഖരങ്ങളിൽ നിന്നു ൧൫ മുഴം ഉയരം മെല്പെട്ടു വൎദ്ധിച്ചു- അ
പ്പൊൾ സകല മൃഗപക്ഷികളും ഇഴവജന്തുക്കളും എല്ലാ മനുഷ്യരും ചത്തു
പൊയി പെട്ടകം മാത്രം വെള്ളങ്ങളുടെ മീതെ ഒഴുകി- അങ്ങിനെ വെള്ള
ങ്ങൾ ഭൂമിയുടെമെൽ ൧൫൦ ദിവസത്തൊളം നിന്നാറെ കുറഞ്ഞു പെട്ട
കം അരരാത്ത എന്ന മലയിൽ ഉറച്ചു- ൧൦ മാസം ചെന്ന ശെഷം വെള്ള

ങ്ങൾ നെയ്യിട്ടും കാറ്റൊന്നു പൊക്കി മലകളിൽ പരന്നു പൊങ്ങി വന്നതി
ന്നെക്കും ൪൦ ദിവസം കഴിഞ്ഞാറെ നോഹ പെട്ടകത്തിന്റെ വാതിൽ തു
റന്നു ഒരു മലങ്കാക്കയെ പുറത്തു വിട്ടു അതു വെള്ളം വറ്റി പൊകുവോ
ളം പൊയും വന്നും പൊക്കും കൊണ്ടിരിക്കുമ്പൊൾ ഒരു പ്രാവിനെയും വിട്ടു
അതു സ്വസ്ഥമായി കാൽ വെപ്പാൻ സ്ഥലം കാണാഞ്ഞു കൊണ്ടു തിരിച്ചു വന്നു ൭ ദിവസത്തിന്റെ
ശെഷം പ്രാവിനെ പിന്നെയും വിട്ടാറെ അതു ഒരു ഒലിവവൃക്ഷത്തി
ന്റെ ഇലയെ കൊത്തി കൊണ്ടു വന്നു- അവൻ പിന്നെയും ൭ ദിവസം
പാർത്തിട്ടു പ്രാവിനെ പുറത്തു വിട്ടു മടങ്ങി വരായ്ക കൊണ്ടു വെള്ളം ഭൂ
മിയിൽ നിന്നു വറ്റി പൊയി എന്നു നോഹ നിശ്ചയിച്ചു മെൽതട്ടിനെ നീക്കി ഉണ
ങ്ങിയ സ്ഥലത്തെ കണ്ടു പിന്നെയും ഏകദെശം ൨ മാസം കഴിഞ്ഞ
ശെഷം താനും കുഡുംബക്കാരും ജന്തുക്കളൊടു കൂട പെട്ടകത്തെ വിട്ടു പുറ
ത്തു വരികയും ചെയ്തു—

അനന്തരം നോഹ ഹൊമബലികളെ കഴിച്ചപ്പൊൾ യഹൊവ മനുഷ്യ
ഹൃദയനിരൂപണങ്ങൾ ബാല്യം മുതൽ ദൊഷമുള്ളവ ആക കൊണ്ടു
അവർ നിമിത്തമായി ഞാൻ ഭൂമിയെ ഇനി ശപിക്കയില്ല ഭൂമിയുള്ള
നാളൊക്കെയും വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വെനൽകാലവും
വർഷകാലവും പകലും രാവും ഇവറ്റിന്നു നീക്കം വരികയില്ല എന്നരു
ളിച്ചെയ്തു നൊഹയെ അനുഗ്രഹിച്ചു മഴ പെയ്യുന്നതിനാലെ പെട്ടെ
ന്നാകുന്നത് എന്നതിന്നു അടയാളമായിട്ടു മെഘത്തിൽ ശൊഭയുള്ള
മഴവില്ലിനെ ഉണ്ടാക്കി വെച്ചു ഇതു എനിക്കും ഭൂമിയിലെ സകലജ
ഡത്തിന്നും ഉള്ള നിയമത്തിന്നു സ്മാരകം ഇരിക്കും എന്നു കല്പിക്കയും ചെ
യ്തു—

൩. ബാബെലിലെ ഗൊപുരം.

ജലപ്രളയത്തിന്റെ ശെഷം മനുഷ്യരുടെ ശരീരശക്തിയും ആയുസ്സും
ക്ഷയിച്ചു തുടങ്ങി കൊണ്ടു വന്നു നോഹ പിന്നെയും ൩൫൦ സംവത്സ
രം ജീവിച്ചു അവന്റെ ആയുഷ്കാലം ആയ ശെഷം ൯൫൦ വർഷത്തൊളമാ

ആദാം തന്റെ സന്തതിയെ ൭ തലമുറയൊളം കണ്ടു- അവന്റെ പു
ത്രനായ ഹനൊക്ക് ൩൬൫ വയസ്സുവരെ ജീവിച്ചു അവന്റെ പുത്രനായ
മെഥുശെലാ ൯൬൯ാം വയസ്സിൽ മരിച്ചു- അന്നുള്ള ജനങ്ങൾ പാപാഭിരതന്മാ
ൽ അശക്തരായിത്തീരുക കൊണ്ടു ൧൨൦ വയസ്സിൽ മെല്പെട്ടു മനുഷ്യരും
ജീവിച്ചിരുന്നില്ല അപ്പൊൾ ഹാമിന്റെ സന്തതിയിലുള്ള നിമ്രൊദ് മു
തലായ വീരന്മാർ പരാക്രമപ്രവൃത്തികളെ നടത്തി ഒരൊ ദെശങ്ങളെ
യും ജനങ്ങളെയും കൈവശമാക്കി പ്രഭുക്കന്മാരായി വാണു തുടങ്ങി-
ആ കാലത്തൊളം ലൊകത്തിൽ എങ്ങും ഒരു ഭാഷ തന്നെ നടന്നുവ
ന്നപ്പൊൾ പൂൎവ്വദിക്കിൽ [illegible] പ്രദെശത്തുള്ള മനുഷ്യർ നാം
ഇനിമെൽ ഭൂമിമെൽ ചിതറാതെ ഇരിപ്പാനും സകലരും ഒന്നിച്ചു കൂടി നമ്മെ
കീൎത്തിപ്രശംസിപ്പാനും ഒരു പട്ടണത്തെയും അതിൽ ആകാശത്തൊളം
നീണ്ടുയരുന്ന ഒരു ഗൊപുരത്തെയും തീൎപ്പാൻ നിശ്ചയിച്ചു- പണിചെയ്യു
മ്പൊൾ ആയതു യഹൊവെക്ക് അനിഷ്ടമാകകൊണ്ടു അവൻ ഇറങ്ങി
വന്നു ഒരൊരുത്തരുടെ വാക്കുകൾ അന്യൊന്യം തിരിയാതെ ഇരിപ്പാൻ
വെവ്വെറെ ആക്കി- അവർ ആ സ്ഥലത്തെ വിട്ടു പട്ടണവും ഗൊ
പുരവും മുഴുവൻ തീൎക്കാതെ ഭൂമിയിൽ എങ്ങും ചിന്നഭിന്നമായി പൊ
വാൻ സംഗതിവരുത്തി- അന്നുമുതൽ ആ പട്ടണത്തിന്നു കലക്കം എ
ന്നൎത്ഥമുള്ള ബാബെൽ എന്ന പെർ സംഭവിക്കയും ചെയ്തു-

൩. ദൈവം അബ്രഹാമിനെ വിളിച്ചത്

നൊഹ മരിക്കുന്നതിന്നു അല്പകാലം മുമ്പെ ജനങ്ങൾ ഏറ്റവും പെരുകി
പലവക ബിംബങ്ങളെയും സ്ഥാപിച്ചു പൂജിച്ചുവരുമ്പൊൾ ശെമിന്റെ
പത്താം സന്തതിയായ അബ്രഹാമൊടു ദൈവം അരുളിച്ചെയ്തു- അച്ഛ
ന്റെ ഭവനത്തെയും ജന്മദെശത്തെയും ബന്ധുജനങ്ങളെയും വിട്ടിട്ടു പു
റപ്പെട്ടു ഞാൻ കാണിക്കും ദെശത്തെക്കു പൊക അവിടെ ഞാൻ നിന്നെ
അനുഗ്രഹിച്ചു വലിയ ജാതിയാക്കി നിന്റെ നാമത്തെ മഹത്വീകരി
ക്കും സൎവ്വവംശങ്ങളും നിന്നാൽ അനുഗ്രഹം വരുത്തും എന്നരുൾ

ഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും ശപിക്കുന്നവരെ ശപിക്കും എന്ന
തു കേട്ട അബ്രാം ൭൰൫ വയസ്സുള്ളവനായി ഭാൎയ്യയെയും അനുജന്റെ
പുത്രനായ ലോത്തനെയും കൂട്ടിക്കൊണ്ടു കനാൻ ദേശത്തെക്കു യാത്ര
യാക്കി പുറപ്പെടുകയും ചെയ്തു—

അവിടെ ഇരിക്കുന്ന സമയത്തിങ്കൽ ലോത്തനും കന്നുകാലികൾ മുത
ലായ സമ്പത്തുകൾ വളരെ ഉണ്ടാകകൊണ്ടു ഒന്നിച്ചു പാൎപ്പാൻ ആ ഭൂമി പോ
രാതെ ഇരുന്നു—ഇരുവരുടെ മൃഗക്കൂട്ടങ്ങളെ മെയ്ക്കുന്ന ഇടയന്മാൎത്തമ്മിൽ
കലശൽ ഉണ്ടാകകൊണ്ട് അബ്രാം അറിഞ്ഞു ലോത്തനോടു പറഞ്ഞു നിനക്കും എന
ക്കും നമ്മുടെ ഇടയൎക്കും തമ്മിൽ വിവാദം ഉണ്ടാകരുത് നാം സഹോദരന്മാര
ല്ലൊ ആകുന്നത്—ദേശം ഒക്കയും നിന്റെ മുമ്പാകെ ഇരിക്കുന്നവല്ലൊ
നീ എന്നെ വിട്ട ഇടത്തോട്ടു മാറുന്നെങ്കിൽ ഞാൻ വലത്തോട്ടു പോകാം
വലത്തോട്ടു നീ പോകുന്നെങ്കിൽ ഞാൻ ഇടത്തോട്ടു തിരിഞ്ഞുകൊള്ളാം
എന്നു പറഞ്ഞിട്ടു ലോത്തൻ കിഴക്കെ ദേശം തോട്ടത്തിനു സമം എന്നു ക
ണ്ടു യൎദ്ദെൻ നദി ഒഴുകുന്ന സമഭൂമിയിൽ ഇറങ്ങി സൊദോം പട്ടണത്തിൽ
ചെന്നു വസിച്ചു—അബ്രാമൊ കനാൻ ദേശത്തു തന്നെ പാൎക്കയും ചെയ്തു—

൩. അബ്രഹാമിന്റെ വിശ്വാസം—

അബ്രാം ഇപ്രകാരം ചെയ്തുകൊണ്ടു യഹോവ അവന്നു ദൎശിച്ചു
അവനോടു ഭയപ്പെടരുത് നിന്റെ പരിചയും പ്രതിഫലവും ഞാൻ തന്നെ
ആകുന്നു എന്നു പറഞ്ഞു—തനിക്കു സന്തതി ഇല്ലായ്കകൊണ്ട് അവൻ ദുഃ
ഖിച്ചിരുന്നപ്പോൾ ആകാശത്തെ നോക്കി നക്ഷത്രങ്ങളെ എ
ണ്ണുവാൻ കഴിയുമോ അപ്രകാരം ഞാൻ നിന്റെ സന്തതിയെ വൎദ്ധിപ്പി
ക്കും എന്നുള്ള യഹോവയുടെ അരുളപ്പാടിനെ പരിഗ്രഹിച്ചു അവനി
ൽ വിശ്വസിച്ചു യഹോവ അതിനെ അവന്നു നീതിയായി എണ്ണുകയും
ചെയ്തു—

൯൰൯. വയസ്സായപ്പോൾ യഹോവ പ്രത്യക്ഷനായി കല്പി
ച്ചിതു ഞാൻ സൎവ്വശക്തനായ ദൈവം എന്റെ മുമ്പാകെ നടന്നുകൊണ്ടു

ത്തുങ്ങളുണ്ടാവാനായിട്ടിക്കപ്പെന്നാലെ ഞാൻ നിന്നൊടുകൂടെ എന്റെ നിയ്യ
മം സ്ഥാപിക്കും വളരെ ജാതികൾക്കും നീ പിതാവായിരിക്കും - ആയതു
കൊണ്ടു നിന്റെ പേർ അബ്രാം എന്നല്ല കൂട്ടത്തിന്റെ അച്ഛൻ എ
ന്നർത്ഥമുള്ള അബ്രഹാം എന്നു വിളിക്കും - പിന്നെ യഹോവ തന്റെ നി
യ്യമത്തിന്നടയാളമായിട്ടു ചേലാകർമ്മത്തെ ആചാരമായി കല്പിച്ചു —
: അതിന്റെ ശേഷം അബ്രഹാം ഒരു ദിവസം ഉച്ചെക്കു കൂടാര വാതുക്ക
ൽ ഇരുന്നപ്പോൾ യഹോവ പ്രത്യക്ഷനായി അവൻ കണ്ണുകളെ ഉയർത്തി നോ
ൽ അവൻ നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ അടുക്കെ വരുന്നതു കണ്ടു
ഓടി ചെന്നു എതിരേറ്റു നിലം വരെ വണങ്ങി പറഞ്ഞു കർത്താവെ
നിന്റെ കണ്ണുകളിൽ കൃപ ലഭിച്ചു എങ്കിൽ നിന്റെ ദാസനെ ഒഴിച്ചു
പോകരുതെ - മരത്തിൻ കീഴിൽ ആശ്വസിച്ചു അല്പം തിന്നു കഴിച്ചു
കാലുകളെയും കഴുകിച്ചു സല്ക്കരിച്ച ശേഷം അകത്തു ചെന്നു ഭാ
ര്യ സാറായോടു നീ വേഗം അപ്പം ഉണ്ടാക്കുക എന്നു പറഞ്ഞു താൻ
ഒരു കന്നുകുട്ടിയെ പാകം ചെയ്യിച്ചു കൊണ്ടുവന്നു അപ്പവും പാലും വെ
ണ്ണയും ഒക്കെ അവരുടെ മുമ്പാകെ വെച്ചു അവർ ഭക്ഷിച്ചു കൊണ്ടിരി
ക്കുമ്പോൾ കർത്താവായവൻ പറഞ്ഞു ഒരു സംവത്സരത്തിന്റെ ശേഷം
ഞാൻ മടങ്ങി വരും അപ്പോൾ നിന്റെ ഭാര്യക്കു ഒരു പുത്രൻ ഉണ്ടാ
കും എന്നതു അവന്റെ പിന്നിൽ കൂടാര വാതുക്കൽ നില്ക്കുന്ന സാറാ കെ
ട്ടു ഉള്ളംകൊണ്ടു ചിരിച്ചപ്പോൾ കർത്താവ് സാറാ എന്തു ചൊല്ലി ചിരിക്കുന്നു
യഹോവയാൽ കഴിയാത്ത കാര്യമുണ്ടോ എന്നു കല്പിച്ചപ്പോൾ
സാറാ ഞാൻ ചിരിച്ചില്ല എന്നു ചൊല്ലിയതിന്നു അവൻ അല്ല നീ
ചിരിച്ചു നിശ്ചയം എന്നു വാക്കിനെ ഖണ്ഡിക്കയും ചെയ്തു —

അനന്തരം ആ പുരുഷന്മാർ മൂവരും എഴുനീറ്റു സദോമിലെക്കു പു
റപ്പെട്ടു അബ്രഹാം കൂടെ പോകുമ്പോൾ യഹോവ ഞാൻ ചെയ്വാ
നിരിക്കുന്നതിനെ അബ്രഹാമിൽ നിന്നു മറെക്കുമോ അവൻ ത
ന്നെ മഹാ ജാതിയും എല്ലാ ജാതികൾക്കും അനുഗ്രഹ സ്വരൂപനുമായി

ത്തിരുമല്ലൊ പുത്രപൌത്രന്മാരൊടു യഹൊവയുടെ പ്രവൃത്തികളെ അ
റിയിച്ചു തീരിക്കും ധൎമ്മവും പ്രമാണിച്ചു നടന്നുകൊള്ളും എന്നു പറഞ്ഞു
അവനൊടു സദൊം ഗൊമൊറ പട്ടണക്കാരുടെ മഹാപാപങ്ങളെ
നൊക്കികാണ്മാൻ അവരെ നശിപ്പിപ്പാൻ പൊകുന്നു എന്നറിയിച്ചു-
എന്നാറെ അബ്രഹാം അല്ലയൊ ന്യായകൎത്താവെ ദുഷ്ടന്മാരൊടു കൂ
ടി നീതിമാന്മാരെയും നശിപ്പിക്കുമൊ ആ പട്ടണങ്ങളിൽ ൫൦ നീതിമാന്മാർ ഉണ്ടെ
ങ്കിൽ ക്ഷമിക്കാതെ ഇരിക്കുമൊ എന്ന ചൊദിച്ചാറെ ൫൦ നീതിമാന്മാ
ർ ഉണ്ടെങ്കിൽ ഞാൻ ക്ഷമിക്കും എന്ന് യഹൊവ കല്പിച്ചു-പിന്നെയും
അവൻ അപെക്ഷിക്കകൊണ്ടു ൪൫ എങ്കിലും ൪൦ എങ്കിലും ൩൦ എങ്കിലും ൨൦
എങ്കിലും ഉണ്ടായാൽ ക്ഷമിക്കുമൊ എന്ന ക്രമെണ അപെക്ഷിച്ചതി
ന്നപ്രകാരം ഒക്കെയും ക്ഷമിക്കും എന്ന യഹൊവ സമ്മതിച്ചു-ഒടു
ക്കം ഞാൻ ഒന്നുകൂടെ അപെക്ഷിക്കുന്നു പത്ത് പെർ മാത്രം ഉണ്ടായാ
ൽ ക്ഷമിക്കുമൊ എന്ന് ചൊദിച്ചപ്പൊൾ നരന്റെ നിമിത്തമായാലും ഞാൻ
നശിപ്പിക്കയില്ല എന്ന് യഹൊവ തിരുത്ത കല്പിച്ചു മറഞ്ഞു-മറ്റെ രണ്ടു
പെർ സദൊമിന്റെ നെരെ യാത്രയായി അബ്രഹാമും സ്വസ്ഥലത്തെ
ക്കു മടങ്ങിവരികയും ചെയ്തു—

## ൯. സദൊമും ഗൊമൊറയും

ദൂതന്മാർ വൈകുന്നെരത്ത സദൊമിൽ എത്തിയപ്പൊൾ ലൊത്തൻ
അവരെ കണ്ടു തൊഴുതു വഴിപൊക്കർ എന്ന് വിചാരിച്ചു വീട്ടിൽ പാ
ൎപ്പിച്ചു സല്ക്കരിച്ചതിന്റെ ശെഷം പട്ടണക്കാർ എല്ലാവരും കൂടി
ചെന്നു ഭവനം വളഞ്ഞു യാത്രക്കാരെ അപമാനിച്ചു ഉപദ്രവിപ്പാനായി
വാതിൽ പൊളിക്കെണ്ടതിന്നു ഭാവിച്ചപ്പൊൾ അവർക്കെല്ലാവൎക്കും
അന്ധത പിടിച്ചു-പിന്നെ ദൂതന്മാർ ഈ പട്ടണത്തെ നശിപ്പിപ്പാ,
നായി ദൈവം ഞങ്ങളെ അയച്ചു നിന്റെ വല്ലവർ ഉണ്ടെങ്കിൽ അവരും
നീയും ക്ഷണത്തിൽ പട്ടണം വിട്ടു പുറത്തുപൊകെണം എന്നു പറഞ്ഞ
ത് ലൊത്തൻ കെട്ടു പുത്രിമാരെ കെട്ടുവാനുള്ളവരൊടും അറിയിച്ചു ഉടനെ

ന്മാരൊട് കാൎയ്യം അറിയിച്ചാറെ അവർ പരിഹസിച്ചു ചിരിക്കയും ചെയ്തു—
നെരം പുലരുമ്പൊൾ ദൂതന്മാർ ലൊത്തനെ ബദ്ധപ്പെടുത്തി നീയും പെ
ണ്ണുങ്ങളും കൂടെ വെഗം പൊകെണം എന്ന് പറഞ്ഞ ശെഷം താമസിച്ചാറെ
അവർ അവൻെറയും ഭാൎയ്യയുടെയും കൈ പിടിച്ചു പുത്രിമാരൊട് കൂടെ
പട്ടണത്തിന്നു പുറത്തു കൊണ്ടുപൊയി പ്രാണരക്ഷക്കായി മല
യിൽ പൊക മറിഞ്ഞു നൊക്കരുത് സമഭൂമിയിൽ എങ്ങും നില്ക്കയും അരുത്
എന്ന കല്പിച്ചയച്ചു - ലൊത്തൻെറ ഭാൎയ്യ വഴിയിൽ നിന്നു മറിഞ്ഞു നൊ
ക്കിയ ഉടനെ മരിച്ചു ഉപ്പുതൂണായി തീരുകയും ചെയ്തു - മറ്റവർ സൊവാ
ർ എന്ന ഊരിലെത്തി സൂൎയ്യൻ ഉദിച്ചപ്പൊൾ യഹൊവ സദൊം മുതലാ
യ പട്ടണങ്ങളിൽ ഗന്ധകത്തെയും അഗ്നിയെയും വൎഷിപ്പിച്ചു അവറ്റെ
യും സമഭൂമിയും ഒക്കവെ മറിച്ചു കളഞ്ഞു ആ സ്ഥലം കടലായി തീൎന്നു
അതിന്നു ശവക്കടൽ എന്നും ഉപ്പുപൊയ്ക എന്നും പെരുകളുണ്ടു ജീവ
ന്നു - ദൈവം ഇങ്ങിനെ അതിക്രമക്കാരെ ഭയങ്കരമാം വണ്ണം ശിക്ഷി
ക്കും എന്നതിന്നു ഉപായമായി കിടക്കുന്ന ദെശം നല്ലവണ്ണം ശ്യാമമായിരുന്നും
കാണ്മാൻ ഉണ്ടു—

## ൬. ഇഷ്മയെൽ

അബ്രഹാമിന്നു ൮൬ാം വയസ്സിൽ ദാസിപുത്രനായ ഇഷ്മയെൽ ജനിച്ചു-
തതിക്ക ൧൦൦ വയസ്സായപ്പൊൾ വൃദ്ധയായ സാറാ ദൈവാനുഗ്രഹ
ത്താൽ ഗൎഭം ധരിച്ചു ഒരു പുത്രനെ പ്രസവിച്ചു അവന്നു ഇസ്ഹാക്ക് എന്നു
പെർ വിളിച്ചു - ഇഷ്മയെൽ പരിഹാസക്കാരനായി ചമഞ്ഞു എന്നു സാ
റാ കണ്ടു ഭൎത്താവൊട് അടിമയെയും അവളുടെ മകനെയും കൂടെ പുറത്തു
ള്ളികളക എന്ന് പറഞ്ഞത് അബ്രഹാമിന്നു അനിഷ്ടമായപ്പൊൾ ദൈ
വം അവനൊട് സാറാ ദാസിയെയും മകനെയും കുറിച്ചു പറഞ്ഞത്
കൊണ്ട് നീരസം തൊന്നരുത് വിശിഷ്ട സന്തതി ഇസ്ഹാക്കിൽ നിന്നു ഉ
ണ്ടാകുമല്ലൊ ആകയാൽ സാറയുടെ വാക്കുകൾ എല്ലാം നീ അനുസരി
ക്ക ദാസിപുത്രൻ നിന്റെ സന്തതി ആകകൊണ്ടു അവനെയും ഞാൻ വ

ചാരിച്ചു ഒരു ജാതിയാക്കും എന്നരുളിച്ചെയ്തു—
അനന്തരം അബ്രഹാം അപ്പവും വെള്ളത്തുരുത്തിയും എടുത്ത് ഹാഗാ
റിന്നു കൊടുത്തു അവളെ പുത്രനോടു കൂടെ അയച്ചു- അവൾ പൊയി കാ
ട്ടിൽ ഉഴന്നു വലഞ്ഞു തൊലിലെ വെള്ളം ചെലവായാറെ എങ്ങും അ
ന്വെഷിച്ചു വെള്ളം കിട്ടാഞ്ഞ ശെഷം ദുഃഖപരവശയായി മകനെ
ഒരു മരത്തിൻ ചുവട്ടിൽ കിടത്തി കുട്ടിയുടെ മരണം കാണ്ക്കൂടാ എന്നു
വെച്ചു കുറെ ദൂരെ പൊയി ഇരുന്നു നിലവിളിച്ചു കരഞ്ഞു- ബാലന്റെ ക
രച്ചിൽ ദൈവം കെട്ടു ഒരു ദൂതൻ ആകാശത്തിൽനിന്നു ഹാഗാരെ വി
ളിച്ചു നിണക്ക എന്തെ വെണം ഭയപ്പെടരുത് എന്നും മറ്റും പറഞ്ഞു
ദൈവം അവൾക്കു കണ്ണു തുറന്നു ഉറവുവെള്ളം കാണിച്ചു അപ്പൊൾ അവ
ൾ കൊരി ബാലനെ കുടിപ്പിച്ചു- ദൈവാനുഗ്രഹം ഉണ്ടാകകൊണ്ടു അവ
ൻ വളൎന്നു കാട്ടിൽ തന്നെ പാൎത്തു വില്ലാളിയും ശൂരനുമായി തീൎന്നു അവ
ന്റെ ൧൨ പുത്രന്മാർ പ്രഭുക്കളായ്ക്കൂടി അവരിൽനിന്നു മുഹമ്മത്ത് വം
ശവും അറബിജാതികൾ പലതും ഉണ്ടായ്‌വരികയും ചെയ്തു—

൧൦. ഇസ്സാക്ക

ഏറക്കാലങ്ങൾ കഴിഞ്ഞ ശെഷം ദൈവം അബ്രഹാമെ പരീക്ഷിക്കെ
ണ്ടതിന്നു അവനൊടു നിണക്ക അതിപ്രിയനും ഏകപുത്രനുമായ ഇസ്സാ
ക്കിനെ കൂട്ടിക്കൊണ്ടു മൊറിയ ദെശത്തെക്ക ചെന്നു ഞാൻ കാണിക്കും
മലമുകളിൽ അവനെ ഹൊമബലിയാക്കി കഴിക്കെണം എന്നു കല്പിച്ചു- അ
പ്പൊൾ അബ്രഹാം അതികാലത്ത് എഴുനീറ്റു കഴുതെക്കു ജീൻ കെ
ട്ടി മകനെയും രണ്ടു പണിക്കാരെയും കൂട്ടിക്കൊണ്ടു ദൈവം കല്പിച്ച
ദെശത്തെക്കു പൊകയും ചെയ്തു—
മൂന്നാം ദിവസത്തിൽ ആ മല കണ്ടപ്പൊൾ പണിക്കാരൊടു നിങ്ങൾ
കഴുതയൊടു കൂടെ ഇവിടെ പാൎപ്പിൻ എന്നു കല്പിച്ചു വിറകു കെട്ടു ഇ
സ്സാക്കിന്റെ ചുമലിൽ വെച്ചു തന്റെ കൈകളിൽ തീയും കത്തിയും എടു
ച്ചു ഇരുവരും ഒന്നിച്ചു പൊകുമ്പൊൾ ഇസ്സാക്ക പറഞ്ഞു അപ്പായൊ അ

ച്ചു തീയും വിറകും ഉണ്ടല്ലൊ ഹൊമബലിക്കായിട്ടു ആട്ടിൻകുട്ടി എവിടെ
എന്നു ചൊദിച്ചതിന്നു എൻ മകനെ ഹൊമബലിക്കായി ദൈവം തനി
ക്കു തന്നെ ഒരു ആട്ടിൻകുട്ടിയെ നൊക്കിക്കൊള്ളും എന്ന് അബ്രഹാം
ഉത്തരം പറഞ്ഞു ഒരുമിച്ചു നടക്കയും ചെയ്തു—
പിന്നെ അവർ സ്ഥലത്ത് എത്തിയപ്പൊൾ അബ്രഹാം ബലിപീഠം പണി
തു വിറകു അടുക്കി ഇസ്സാക്കിനെ കെട്ടി പീഠത്തിൽ വിറകിന്മെൽ കിട
ത്തി കൈ നീട്ടി പുത്രനെ അറുക്കെണ്ടതിന്നു കത്തി എടുത്ത സമയം യ
ഹൊവയുടെ ദൂതൻ ആകാശത്തിൽനിന്നു അബ്രഹാമെ അബ്രഹാമെ
കുഞ്ഞന്റെ മെൽ നിന്റെ കൈ വെക്കരുതെ നീ ദൈവത്തെ ഭയ
പ്പെടുന്നവനാകുന്നു എന്നു ഞാൻ ഇപ്പൊൾ അറിയുന്നു എന്നു വിളി
ച്ചു പറയുന്നത് അബ്രഹാം കെട്ടു നൊക്കുമ്പൊൾ പിന്നിൽ ഒരു ആട്ടി
നെ കാട്ടിൽ കൊമ്പു കുടുങ്ങി നിന്നത് കണ്ടു ചെന്നു പിടിച്ചു മകന്നു പ
കരം അതിനെ ഹൊമബലി കഴിച്ചു- അനന്തരം യഹൊവയുടെ ദൂതൻ
ആകാശത്തിൽനിന്നു അബ്രഹാമൊടു വിളിച്ചു പറഞ്ഞു നീ എന്റെ വാക്കിനെ അ
നുസരിച്ചു അതിപ്രിയമുള്ള ഏകപുത്രനെ വിരൊധിക്കാതെ അർപ്പിച്ച
ത് കൊണ്ടു ഞാൻ നിന്നെ അനുഗ്രഹിക്കും നിന്റെ സന്തതിയെ ആകാ
ശത്തിലെ നക്ഷത്രങ്ങളെ പൊലെ വർദ്ധിപ്പിച്ചു അതിനെ കൊണ്ടു എന്നാ
ണ ഞാൻ ഭൂമിയിലുള്ള എല്ലാ ജാതികൾക്കും അനുഗ്രഹം വരുത്തും എന്ന് സ
ത്യം കഴിച്ചു വാഗ്ദത്തം ഉറപ്പിക്കയും ചെയ്തു—

## ൧൭. സാറയുടെ മരണവും ശവസംസ്കാരവും

അബ്രഹാം ൬൨ം സംവത്സരം കനാൻ ദെശത്തിൽ പാർത്തു ഒരടി നിലം പൊ
പാലും ഉള്ളാക്കു കൊണ്ടു ആട്ടുമാട്ടുകളൊടും അങ്ങൊട്ടിങ്ങൊട്ടു കൊണ്ടു പൊ
യി മെച്ചു കനാന്യരുടെ ഇടയിൽ പരദെശിയായിരുന്നതിന്റെ ശെ
ഷം അവന്റെ ൧൨൭ം വയസ്സിൽ സാറാ ഹെബ്രൊനിൽ വെച്ചു മ
രിച്ചു- ശവം അടക്കെണ്ടതിന്നു ഒരു സ്ഥലം ഉള്ളാക്കു കൊണ്ടു ഹെത്തഗൊ
ത്രക്കാരൊടു നിങ്ങളുടെ ഇടയിൽ ശവം അടക്കുന്നതിന്നു എനിക്കു ഒരു നിലം

അവകാശമാക്കിതന്നാൽ ഭാൎയ്യയെകഴിച്ചിടാം എന്നുപറഞ്ഞപ്പൊൾ ഞ
ങ്ങളുടെഗ്രഹക്കളിൽ ഞങ്ങൾക്കിഷ്ടമാക്കിൽ മരിച്ചവരെകുഴിച്ചിട്ടുകഞ്ഞ
ൾ വിരൊധിക്കില്ല - എന്നവർ പറഞ്ഞാറെ വിലകൊടുക്കാതെ ഒന്നിനെയും
എടുപ്പാൻ മനസ്സില്ലായ്കകൊണ്ട് തന്റെ ഇഷ്ടപ്രകാരം ഹെബ്രൊനിലു
ള്ള ഒരുഗുഹയെയും തൊട്ടത്തെയും അബ്രഹാമിന്നു കൊടുത്ത ഇഫ്രൊനി
ലനിന്ന ൪൦൦ ഉറുപ്പികക്കും വെള്ളിവാങ്ങി - അതിന്റെശെഷം അബ്രഹാം
തന്റെഭാൎയ്യയായസാറയെ മരിച്ചനെരെ ആ ഉള്ള മക്ഫെല എന്ന ഗു
ഹയിൽ കുഴിച്ചിട്ടുകയും ചെയ്തു -

## ൨൫. ഇസ്സാക്കിവാഹം കഴിച്ചത്

അബ്രഹാം വൃദ്ധനായസമയത്ത പുത്രനെവിവാഹം കഴിപ്പിക്കെണം
എന്നവെച്ചു വിശ്വാസമുള്ള വൎത്തകാരനായ എലിയെസരെ വരുത്തി
ഇറനാട്ടിലെ സ്ത്രീകളിൽനിന്ന ഒരു കാനാൻ ഭാൎയ്യയെ എടുക്കരുത് മെസൊ
പൊത്താമ്യായിലെ എന്റെ ബന്ധുക്കളുടെ ചെന്ന കണ്ടു ഒരു സ്ത്രീയെ കൊ
ണ്ടുവരെണം എന്ന കല്പിച്ചത് കെട്ടു എലിയെസർ യജമാനന്റെ വി
ശെഷവസ്തുക്കളിൽ വിലത്തും വാങ്ങി ഒട്ടകങ്ങളുടെമെൽകളിൽ കയറിയാ
ത്രയായി - ഒരു വൈകുന്നെരത്ത നാഹൊർ എന്നവന്റെ പട്ടണസമീപത്തു
എത്തിയപ്പൊൾ ഒട്ടകങ്ങളെ ഒരു കിണറ്റിന്റെ അരികെ ഇരുത്തി പ്രാൎത്ഥി
പ്പാൻ തുടങ്ങി - യഹൊവയായ ദൈവമെ ഈ പട്ടണക്കാരുടെ പുത്രിമാർ വെള്ളം
കൊരുവാൻ വരുമാറുള്ള നെരത്തിൽ ഞാൻ ഒരുത്തിയൊട കുടിപ്പാൻ തരെണ
മെന്നു പാത്രം ഇറക്കുക എന്ന ഞാൻ അപെക്ഷിക്കുമ്പൊൾ നിനക്കും ഒട്ട
കങ്ങൾക്കും ഞാൻ കുടിപ്പാൻ തരാം എന്ന പറയുന്ന സ്ത്രീ തന്നെ നിന്റെ ഭൃത്യ
നായ ഇസ്സാക്കിന്നു ഭാൎയ്യയായിരിപ്പാൻ സംഗതിവരുത്തെണമെ
എന്നാൽ എന്റെയജമാനനിൽ നീ കൃപ ചെയ്തിരിക്കുന്നു എന്ന ഞാൻ അ
റിയും എന്ന പ്രകാരം പറഞ്ഞു തീരും മുമ്പെ ബെത്തുവെലിന്റെ പുത്രിയാ
യ റിബെക്കാ വന്നു കിണറ്റിൽ ഇറങ്ങി പാത്രം നിറച്ചുകൊണ്ടു കരെറിയ
പ്പൊൾ എലിയെസർ കുറെ വെള്ളം തന്നെ എന്ന അപെക്ഷിച്ചു - ഉടനെ

ചൊദിച്ചതിന്നു ഞാൻ കുടിക്ക കൊടുക്കാമെന്നവൾ ചൊല്ലി ഒട്ടകങ്ങളും
കുടിച്ചു തീരുവൊളം ഞാൻ കൊരി ഒഴിക്കാം എന്നു പറഞ്ഞു ബദ്ധപ്പെട്ടു പാ
ത്തിയിൽ വെള്ളം ഒഴിച്ചു - ആയതു കണ്ടാറെ അവൻ അതിശയിച്ചു മിണ്ടാ
തെ പാർത്ത ശെഷം പൊൻകൊണ്ടുള്ള മൂക്കുത്തിയെയും കൈവളകളെയും
കൊടുത്തു നീ ആരുടെ പുത്രി എന്നും നിങ്ങളുടെ വീട്ടിൽ പാർപ്പാൻ സ്ഥലമു
ണ്ടൊ എന്നും ചൊദിച്ചതിന്നു അവൾ നാഹൊരുടെ പുത്രനായ ബെത്തുവെൽ
എന്റെ അച്ശൻ വീട്ടിൽ പാർപ്പാൻ സ്ഥലം ഉണ്ട എന്നവൾ പറഞ്ഞതു കെ
ട്ടു അവൻ തല കുമ്പിട്ടു യഹൊവയെ വന്ദിച്ചു പറഞ്ഞു അബ്രഹാമുടെ
ദൈവമെ എന്റെ കാരുണ്യവും സത്യവും യജമാനനിൽ നിന്നു നീക്കാതെ
എന്നെ അവന്റെ വംശക്കാരുടെ ഭവനത്തിൽ തന്നെ പ്രവെശിപ്പിച്ചതു
കൊണ്ടു ഞാൻ സ്തുതിക്കുന്നു - എന്നു പറഞ്ഞു വീട്ടിൽ ചെന്നു പാർത്തു - അവരു
ടെ അച്ശനൊടും അനുജനൊടും വർത്തമാനമെല്ലാം പറഞ്ഞു ഭക്ഷിക്കും
മുമ്പെ വിവാഹകാര്യം നിശ്ചയിക്കയും ചെയ്തു-
പിറ്റെ ദിവസം രാവിലെ യജമാനന്റെ നാട്ടിൽ എന്നെ പറഞ്ഞയക്കെ
ണം എന്നവൻ പറഞ്ഞപ്പൊൾ നീ ഈ പുരുഷനൊടു കൂടെ പൊകുമൊ എ
ന്നു റിബെക്കയെ വിളിച്ചു ചൊദിച്ചു പൊകാം എന്നു അവൾ സമ്മതിച്ചു പറ
ഞ്ഞതിന്നു നീ കൊടി ജനങ്ങൾക്കു മാതാവായി തീരുക എന്നു അവളെ അനു
ഗ്രഹിച്ച ശെഷം എലിയെസർ അവളെ കൂട്ടിക്കൊണ്ടു യജമാനൻ പാർക്കു
ന്ന ദെശത്തെക്കു മടങ്ങി ചെന്നെത്തിയപ്പൊൾ ൪൦ വയസ്സുള്ള ഇസ്ഹാക്ക അവ
ളെ വിവാഹം കഴിച്ചു അമ്മയുടെ മരണദുഃഖം ശമിക്കയും ചെയ്തു-

## ൧൩. യാക്കൊബും എസാവും

ഇസ്ഹാക്കിന്നു അറുവത വയസ്സായപ്പൊൾ റിബെക്കാ ഗർഭം ധരിച്ചു ഇരട്ടക്കുട്ടികളെ പ്ര
സവിച്ചു - മൂത്തവന്നു എസാവു എന്നും ഇളയവന്നു യാക്കൊബ എന്നും പെർവി
ളിച്ചു - എസാവു നായാട്ടുകാരനായി കാട്ടിൽ സഞ്ചരിച്ചു പലവിധമൃഗങ്ങളെ
കൊണ്ടുവന്നു അച്ശന്നു പ്രസാദം വരുത്തി - യാക്കൊബ പിതാക്കന്മാരുടെ മുറപ്ര
കാരം കൂടാരങ്ങളിൽ പാർത്തു ആടുകളെയും മറ്റും മെച്ചു ദൈവഭക്തിയൊടും മാത്ര

ദ്രിയന്മാൎക്കിന്റെ—

ഒരു ദിവസം എസാവു നായാട്ടിന്നു പൊയി ക്ഷുല്പരവശത്തൊടെ തിരിച്ചു വന്ന
പ്പൊൾ യാക്കൊബെന്നവൻ കുട്ടകത്തിൽ കണ്ടിട്ടു ആഴുകുന്നതു കാണുന്നതു എനിക്ക
തിന്മാൻ തരെണം എന്നു ചൊദിച്ചാറെ നിന്റെ ജ്യെഷ്ഠാവകാശത്തെ ഇപ്പൊൾ
എനിക്ക കൊടുത്താൽ ഈ പുഴുങ്ങി വെച്ച പയറു ഞാൻ തരാം എന്നു അവ
ൻ പറഞ്ഞപ്പൊൾ എസാവു ഞാൻ മരിക്കുന്നതല്ലൊ ആ ജ്യെഷ്ഠാവകാശം
കൊണ്ടു എനിക്ക എന്തു അതിനെ നിനക്ക തന്നെ വൊക്കി എടുത്തു കൊൾക
എന്നു സത്യം ചെയ്തുറപ്പിച്ചു॥ ഈ പ്രകാരം എസാവു ജ്യെഷ്ഠാവകാശത്തെ
നിരസിച്ചതിനാലും ദുഷ്പ്രവൃത്തികളാലും അപ്പനമ്മമാരെ സങ്കടം വരു
ത്തുകയും ചെയ്തു—

അനന്തരം ഇസ്സാക്ക വൃദ്ധനായി കണ്ണിന്റെ കാഴ്ച കുറഞ്ഞു വന്നപ്പൊൾ എ
സാവിനെ വിളിച്ചു ഞാൻ വയസ്സനായി മരണം അടുത്തിരിക്കുന്നതിനാൽ നാ
ട്ടിൽ കിഴിച്ചു നല്ല മാംസം കൊണ്ടു വന്നു എനിക്ക ഇഷ്ടമാം വണ്ണം പാകം ചെയ്തു ഭക്ഷി
പ്പാറാക്കി തരെണം അതിന്റെ ശെഷം ഞാൻ നിന്നെ അനുഗ്രഹിക്കും എന്ന
പറഞ്ഞു അവനെ അയച്ചു– ആ വൎത്തമാനം അമ്മ കെട്ടു യാക്കൊബൊടു
അറിയിച്ചു പിതാവിന്നു ഇഷ്ടമാകും ഞാൻ ഉണ്ടാക്കി തരാം അതിനെ നീ കൊ
ണ്ടു ചെന്നു കൊടുത്തു പ്രസാദിപ്പിച്ചു അനുഗ്രഹം വാങ്ങെണം എന്നു പറഞ്ഞപ്പൊ
ൾ അവൻ ജ്യെഷ്ഠന്നു പരുത്തും എനിക്ക നെൎത്തുള്ള രൊമം അത്രെ അച്ചൻ
അറിഞ്ഞതാക കൊണ്ടു എന്നെ തൊട്ടു നൊക്കി എങ്കിൽ ഞാൻ ചതിയൻ
എന്നറിഞ്ഞു അനുഗ്രഹമല്ല ശാപം തന്നെ തരും എന്നതു കെട്ടപ്പൊൾ അ
മ്മ ഭയപ്പെടെണ്ട എന്റെ വാക്കിൻ പ്രകാരം ചെയ്ക എന്നു പറഞ്ഞു ഒർ ആട്ടി
ൻ കുട്ടിയെ കൊല്ലിച്ചു എടുത്ത തൊൽ അവന്റെ കൈ കഴുത്തുകളി
ന്മെൽ ഇട്ടു ജ്യെഷ്ഠന്റെ വസ്ത്രങ്ങളെയും ധരിപ്പിച്ചു താൻ ഉണ്ടാക്കിയ പദാൎത്ഥ
ങ്ങളെ കൊടുത്തയച്ചു– യാക്കൊബ് ചെന്നു അച്ചന്റെ അരികിൽ കൊ
ണ്ടു വെച്ചാറെ അവൻ പുത്രാ നീ ആർ എന്നു ചൊദിച്ചപ്പൊൾ ഞാൻ നി
ന്റെ ആദ്യജാതനായ എസാവു തന്നെ നീ എഴുനീറ്റു ഞാൻ കൊണ്ടു വന്നത്

ഭക്ഷിച്ചുഎന്നെഅനുഗ്രഹിക്കണമെഎന്നപെക്ഷിച്ചശെഷംഇ
സ്സാക്കഅവനെതൊട്ടുനൊക്കി-ശബ്ദംയാക്കൊബിന്റെശബ്ദംകൈക
ൾഎസാവിന്റെകൈകൾനീഎസാവുതന്നെയൊഎന്നചൊദിച്ചതിന്ന
അതെഎന്നചൊന്നുടനെഇസ്സാക്കഭക്ഷിച്ചുകുടിച്ചശെഷംപുത്രനിന്നടു
ത്തുവന്നഎന്നെചുംബിക്കഎന്നുപറഞ്ഞുചുംബിച്ചപ്പൊൾപുത്രനെദൈവംആ
കാശത്തിലെമഞ്ഞിൽനിന്നുംഭൂമിയുടെപുഷ്ടിയിൽനിന്നുംഏറെധാന്യവും
വീഞ്ഞുംനിനക്കതരുമാറാകട്ടെജനങ്ങൾനിന്നെസെവിക്കയുംജാതി
കൾനിന്നെവണങ്ങുകയുംചെയ്യട്ടെനിന്നെശപിക്കുന്നവന്നുശാപവുംഅ
നുഗ്രഹിക്കുന്നവന്നഅനുഗ്രഹവുംവരെണമെഎന്നിങ്ങിനെയുള്ളആശീർവ്വാ
ദംവാങ്ങുകയുംചെയ്തു—

യാക്കൊബ്പുറപ്പെട്ടുപൊയശെഷംഎസാവുനായാട്ടുകഴിച്ചുവന്നപിതാ
വ്കല്പിച്ചതുണ്ടാക്കികൊണ്ടചെന്നഅവന്റെഅരികിൽവെച്ചുപിതാ
വെഎഴുനീറ്റുരറെകൊണ്ടുവന്നത്ഭക്ഷിച്ചുഎന്നെഅനുഗ്രഹിക്ക
ണമെഎന്നപറഞ്ഞപ്പൊൾഇസ്സാക്കഏറ്റവുംവിറെച്ചുമാനിറച്ചിയു
മകൊണ്ടുവന്നവൻഎവിടെഅവനെഞാൻഅനുഗ്രഹിച്ചിരിക്കുന്നു·
ആഅനുഗ്രഹംഅവന്നുണ്ടായിരിക്കുംനിശ്ചയംഎന്നുകല്പിച്ചാറെഎസാ
വുവ്യസനപ്പെട്ടുനിലവിളിച്ചുഅച്ചഎന്നെയുംകൂടഅനുഗ്രഹിക്കെ
ണംഎന്നപെക്ഷിച്ചതിന്നഅനുജൻവന്നുകൌശലംകൊണ്ടു
നിന്റെഅനുഗ്രഹത്തെഅപഹരിച്ചുഎന്നുചൊന്നാറെഎസാവു
വളരെകരഞ്ഞുഅനുഗ്രഹത്തിന്നായിമുട്ടിച്ചപ്പൊൾഇസ്സാക്കനിനക്കുഇരി
ക്കുംദെശംപുഷ്ടിയിൽനിന്നുംആകാശമഞ്ഞിൽനിന്നുംദൂരമായിരിക്കും
വാൾകൊണ്ടത്രെനിന്റെഉപജീവനംഉണ്ടാകുംഅനുജനെനീസെവി
ച്ചിട്ടുംഅവന്റെനുകത്തെപറിച്ചുകളവാനുള്ളസമയംവരുംഎന്നിപ്ര
കാരംഅവനെയുംഅനുഗ്രഹിച്ചു-എസാവുഅതകൊണ്ടുംമറക്കാതെഅനു
ജനെദ്വെഷിച്ചുഅച്ചന്റെപുലദിവസംകഴിഞ്ഞാൽഞാൻയാക്കൊ
ബിനെകൊല്ലുംഎന്നപറഞ്ഞതിനെഅമ്മകെട്ടുഅനുജനെവരുത്തി

എൻ മകനെ നീ ബാധപ്പെട്ടു ഒളിച്ചു പൊകി ഹാരാനിലുള്ള എന്റെ ആങ്ങ
ളയൊടു കൂട പാർക്ക ജ്യെഷ്ഠന്റെ കൊപം ശമിച്ചാൽ ഞാൻ ആളയച്ചു
നിന്നെ വരുത്താം എന്നുപദെശിച്ചു പറഞ്ഞയക്കയും ചെയ്തു-

## ൨൫. യാക്കൊബിന്റെ പ്രയാണം

യാക്കൊബ് യാത്ര കഴിഞ്ഞു അച്ഛനൊടു വിടവാങ്ങി വണങ്ങിയപ്പൊൾ ഇസ്ഹാ
ക്ക് കനാന്യത്തിൽ നിന്നു സ്ത്രീയെ കെട്ടാതെ അമ്മയുടെ ജന്മദെശത്തുള്ള
ലാബാന്റെ പുത്രിമാരിൽ ഒരുത്തിയെ കെട്ടെണം എന്നാൽ ദൈ
വം നിന്നെ അനുഗ്രഹിച്ചു വളരെ വർദ്ധിപ്പിക്കും- എന്നു അച്ഛന്റെ ആശീർവ്വാ
ദം കെട്ടു പുറപ്പെട്ടു ഹാരാന്റെ നെരെ പൊകി രാത്രിയിൽ ഒരു സ്ഥലത്തു
പാർത്തു ഒരു കല്ലു തലെക്കു വെച്ചു കിടന്നുറങ്ങുമ്പൊൾ ഒരു സ്വപ്നം കണ്ടതെ
ന്തെന്നാൽ ദൈവദൂതന്മാർ കരെറിയും ഇറങ്ങിയും കൊണ്ടിരിക്കുന്ന ഒരു
കൊവിണി ഭൂമിയിൽ നിന്നു ആകാശത്തൊളം ഉയർന്നു നില്ക്കുന്നതിന്മീ
തെ യഹൊവ നിന്നു കല്പിച്ച വചനം- അബ്രഹാം ഇസ്ഹാക്ക എന്നീ നിൻ പി
താക്കന്മാരുടെ ദൈവം ഞാൻ ആകുന്നു- നിണക്കും നിന്റെ സന്തതിക്കും
ഈ ഭൂമിയെ ഞാൻ തരും നിന്നിലും സന്തതിയിലും സകല വംശങ്ങളും അനുഗ്ര
ഹമാകിവരും ഞാൻ നിന്റെ കൂട ഉണ്ടാകി നിന്നെ കൈവിടാതെ രക്ഷി
ക്കും- എന്നു കെട്ടപ്പൊൾ യാക്കൊബ് ഉണർന്നു ഭയപ്പെട്ടു ഈ ദൈവസ്ഥ
ലം തന്നെ എത്ര ഭയങ്കരം സ്വർഗ്ഗത്തിന്റെ വാതിൽ എന്നു പറഞ്ഞു തന്റെ
തലക്കല്ലിനെ തൂണാക്കി നിറുത്തി ദൈവാലയം എന്നർത്ഥമുള്ള ബെത്ഥെ
ൽ എന്നു പെർ വിളിക്കയും ചെയ്തു-

പിന്നെ പ്രയാണമാകി പല ദെശങ്ങളെ കടന്നു ഒരു ദിവസം ഹാരാൻ
പട്ടണസമീപത്ത് എത്തി കിണറ്റിൻ അരികെ ലാബാന്റെ മകളാകു
റാഹെൽ എന്നവളെ കണ്ടു അവളിൽ താല്പര്യം ജനിച്ചു അവളെ ഭാര്യയാ
ക്കി കിട്ടെണ്ടതിന്നു അച്ഛനായ ലാബാനെ ൭ സംവത്സരം സെവിച്ചു- ആ
സെവാകാലം കഴിഞ്ഞ ശെഷം ലാബാൻ ചതിപ്രയൊഗിച്ചു റാഹെലി
ന്നു പകരം ജ്യെഷ്ഠയായ ലെയയെ ഭാര്യയാക്കി കൊടുത്തു ഇതി

ദിത്തം സങ്കടം പറഞ്ഞാറെ ഇനിയും ൭ സംവത്സരം സെവിച്ചാൽ റാഹെലിനെ കൂടെ തരാം എന്ന പറഞ്ഞു അങ്ങനെ യാക്കൊബ സമ്മതിച്ചു പിന്നെയും ൭ സംവത്സരം സെവിച്ചു റാഹെലിനെയും വിവാഹം കഴിക്കയും ചെയ്തു — ഈ രണ്ടു ഭാര്യമാരിൽ നിന്നും അവന്നു ഇസ്രായെൽ ഗൊത്ര പിതാക്കന്മാരായ ൧൨ പുത്രന്മാർ ജനിച്ചു അവരുടെ നാമങ്ങൾ റൂബെൻ - സിമെയൊൻ - ലെവി - യുദാ - ദാൻ - നപ്തലി - ഗാദ - ആശെർ - ഇസക്കാർ - സബുലൊൻ - യൊസെഫ - ബന്യമിൻ — യാക്കൊബ ൨൦ സംവത്സരം സെവിച്ചതിന്റെ ശെഷം ലാബാന്റെ അപെക്ഷ കെട്ടിട്ടു പിന്നെയും ൬ വർഷം സെവിച്ചു പാർത്തു ദൈവാനുഗ്രഹത്താലെ അവന്നു ദാസിദാസന്മാരും ഒട്ടകങ്ങളും കഴുതകളും ആട്ടുമാട്ടുകളും വളരെ വർദ്ധിച്ചു ലാബാൻ സമ്പത്തു നിമിത്തം മുഖപ്രസാദം കാണിക്കാതെ ആയപ്പെട്ടപ്പൊൾ യാക്കൊബ ഒരു വാക്കും പറയാതെ ഭാര്യാപുത്രന്മാരെയും മൃഗക്കൂട്ടങ്ങളെയും കൂട്ടിക്കൊണ്ടു കാനാൻ ദെശത്തെക്കു യാത്രയായി - ലാബാൻ മൂന്നാം ദിവസത്തിൽ അവസ്ഥ കെട്ടറിഞ്ഞപ്പൊൾ പിന്നാലെ ഓടി ചെന്നു എഴാം ദിവസത്തിൽ അവനെ കണ്ടെത്തി - ഒരു സ്വപ്നത്തിൽ യാക്കൊബൊടു ഗുണമൊ ദൊഷമൊ മാകുന്നം ഒന്നും വിചാരിച്ചു പറയരുത എന്ന ദൈവകല്പന കെട്ടതിനാൽ വൈരം അടക്കി ഗിലെയാദ പർവ്വതത്തിൽ വെച്ചു തമ്മിൽ ഇരുവരും നിരന്നു കരാർ നിശ്ചയിച്ചു - ലാബാൻ മടങ്ങി പൊകയും ചെയ്തു - അനന്തരം യാക്കൊബ യാത്രയായി ജ്യെഷ്ഠനായ എസാവിന്റെ ഭാവം അറിയെണ്ടതിന്നു വഴിക്കൽ നിന്നു ദൂതരെ അയച്ചു തന്റെ വർത്തമാനം അറിയിച്ചപ്പൊൾ ഞാൻ എതിരെല്പാനായി നാനൂറ പെരൊടു കൂടെ വരുന്നു എന്നു ചൊല്ലി അയച്ചത കെട്ടാറെ എറ്റവും ഭയപ്പെട്ടു ദുഃഖിച്ചു - എന്റെ പിതാക്കന്മാരുടെ ദൈവമെ നീ ചെയ്തു വന്ന എല്ലാ കരുണകളും വിശ്വസ്തതെക്കും ഞാൻ എത്രയും അപാത്രം - ഒരു വടിയൊടു കൂടെ ഞാൻ ഏകനായി യൊർദ്ദാനെ കടന്നു ഇപ്പൊൾ രണ്ടു കൂട്ടവുമായി മടങ്ങി വന്നു എൻ ജ്യെഷ്ഠന്റെ കയ്യിൽ നിന്നു അടിയനെ രക്ഷിക്കെണമെ എന്നാൽ തിണക്കനമ്മ ചെയ്യും

എന്നിവ പറഞ്ഞുവല്ലൊ എന്നു പ്രാൎത്ഥിച്ചു- പിന്നെ യൊസെഫിനെ പ്രസാ
ദിപ്പിപ്പാൻ കൂട്ടങ്ങളിൽ നിന്നു വിശിഷ്ടങ്ങളായ ആടുകളെയും മറ്റും എ
ടുത്തു സമ്മാനമാക്കി മുമ്പെ അയച്ചു രാത്രിയിൽ ഭാൎയ്യാപുത്രാദികളെയും
പൊക്കി എന്നെ പുഴ കടത്തി താൻ തന്നെ ഇക്കരെ പാൎത്തപ്പൊൾ ഒരു പു
രുഷൻ ഉദയമാകുവൊളം അവനൊടു പൊരുതു ജയിക്കായ്കകൊണ്ടു
ഉഷസ്സു വന്നു എന്നെ വിട്ടുകൊ എന്നു പറഞ്ഞപ്പൊൾ അനുഗ്രഹിച്ചല്ലാതെ
ഞാ അയക്കയില്ല എന്നു പറഞ്ഞാറെ അവന്റെ പെർ ചൊദിച്ചറിഞ്ഞു
ഇനിമെൽ നിന്റെ പെർ യാക്കൊബ് എന്നല്ല ദൈവത്തൊടും മനുഷ്യ
രൊടും പൊരുതു ജയിച്ചതിനാൽ ഇസ്രയെൽ എന്നു തന്നെ എന്നു പ
ഞ്ഞു- അതിന്റെ ശെഷം എസാവും തന്റെ ആളുകളൊടു കൂടെ വരുന്ന
തു കണ്ടിട്ടു യാക്കൊബ് ചെരുന്നതു വരെ എഴുവട്ടം കുമ്പിട്ടപ്പൊൾ എസാ
വു ഓടി വന്നു അവനെ എഴുനീല്പിച്ചു ആലിംഗനം ചെയ്കയും ചെയ്തു
ഇരുവരും കരഞ്ഞു- പിന്നെ ഭാൎയ്യമാരും മക്കളും വന്നു വണങ്ങി അവൻ
അവസ്ഥ എല്ലാം ചൊദിച്ചറിഞ്ഞു മുമ്പെ അയച്ച സമ്മാനങ്ങളെ വിരൊ
ധിച്ചപ്പൊൾ യാക്കൊബ് എട്ടക്കനെ എന്ന് അപെക്ഷിച്ചു നിൎബ്ബന്ധി
ച്ചു എസാവു സമ്മതിച്ചു വാങ്ങി- അതിന്റെ ശെഷം സ്വദെശത്തെക്ക തിരി
ച്ചു പൊയി യാക്കൊബും കുഡുംബം ബെഥെലൊട്ടു കൂടെ പുറപ്പെട്ടു കനാനിൽ
അച്ഛന്റെ അരികെ എത്തുകയും ചെയ്തു-

൧൪. യൊസെഫിനെ വിറ്റത്-

മെസൊപതാമ്യയിൽ യാക്കൊബിന്നു ജനിച്ച പുത്രന്മാരിൽ യൊസെ
ഫ തന്നെ ഇളയവൻ എല്ലാവരുടെ അനുജനായ ബെന്യമിൻ കനാൻ
ദെശത്തു ജനിച്ചു- അച്ഛൻ യൊസെഫിൽ അധികം സ്നെഹം വെച്ചു
ഒരു നല്ല അങ്കി ഉണ്ടാക്കിച്ചു കൊടുത്തതുകൊണ്ടു ജ്യെഷ്ഠന്മാർ അ
സൂയപ്പെട്ടു വൈരം ഭാവിച്ചിരിക്കുന്ന സമയം അവൻ അവരൊടു
നാം കറ്റ കെട്ടി കൊണ്ടു ഇരിക്കുമ്പൊൾ നടുവിൽ നിന്നിരുന്ന എ
ന്റെ കറ്റയെ നിങ്ങളുടെ കറ്റകൾ ചുറ്റും നിന്നു വണങ്ങി എന്നും താൻ

കണ്ട സ്വപ്നാവസ്ഥയെ പറഞ്ഞാറെ അവർ അധികം കൊപിച്ചു
ദ്വെഷിക്കയും ചെയ്തു- പിന്നെയും ആദിത്യചന്ദ്രന്മാരും ൧൧ നക്ഷത്രങ്ങ
ളും എന്നെ കുമ്പിട്ടത് സ്വപ്നത്തിൽ കണ്ടു എന്നുള്ളതും അറിയിച്ചപ്പൊൾ
മാതാപിതാക്കന്മാർ കൂടെ നിന്നെ വണങ്ങെണ്ടി വരുമൊ എന്ന് അച്ഛ
ൻ ശാസിച്ചു വിചാരിച്ചിരിക്കുമ്പൊൾ ഒരു ദിവസം അച്ഛന്റെ നിയൊ
ഗത്താൽ തങ്ങളുടെ വൎത്തമാനം അറിയെണ്ടതിന്നു വരുന്ന യൊസെ
ഫിനെ സഹൊദരന്മാർ കണ്ടാറെ അതാ സ്വപ്നക്കാരൻ വരുന്നുണ്ടു
അവനെ കൊല്ലെണം പിന്നെ സ്വപ്നത്തിന്റെ സാരം അറിയാമല്ലൊ
എന്നു ചൊന്നപ്പൊൾ കൊല്ലരുത് എന്നു രൂബെൻ പറഞ്ഞത് അനുസരി
ച്ചു അങ്കിയെ അഴിച്ചെടുത്ത് അവനെ വെള്ളമില്ലാത്ത ഒരു പൊട്ടക്കു
ഴിയിൽ ഇറക്കിവിടുകയും ചെയ്തു-
അനന്തരം ഇശ്മയെല്യരും മിദ്യാനരും കച്ചവടത്തിന്നായി മിസ്രയി
ലെക്ക പൊകുന്നതു കണ്ടപ്പൊൾ യഹൂദ മുതലായ സഹൊദരന്മാർ എ
ല്ലാവരും കൂടി രൂബെനെ അറിയിക്കാതെ അവനെ കുഴിയിൽനിന്നു ക
രെറ്റി കൊണ്ടുപൊയി ൨൦ ഉറുപ്പിക വില വാങ്ങി കച്ചവടക്കാൎക്കു വിറ്റു
കളഞ്ഞു- പിന്നെ രൂബെൻ വന്നു കുഴിയിൽ നൊക്കി യൊസെഫിനെ കാ
ണാഞ്ഞു കൊണ്ടു വസ്ത്രം കീറി സഹൊദരന്മാരൊട് അറിയിച്ചാറെ അ
വർ അങ്കിയെ ആട്ടിൻ ചൊരയിൽ മുക്കി കൊടുത്തയച്ചു അച്ഛനെ കാ
ണിച്ചു ഇതു ഞങ്ങൾക്കു കിട്ടി ഇരിക്കുന്നത് പുത്രന്റെതല്ലയൊ എന്ന് നൊക്കി
അറിയെണം എന്നു പറയിച്ചു- യാക്കൊബ് നൊക്കി ഇത് എൻ മകന്റെ
വസ്ത്രം തന്നെ ഒരു ദുഷ്ടമൃഗം അവനെ കൊന്നു ഭക്ഷിച്ചു കളഞ്ഞു നിശ്ച
യം എന്നു നിലവിളിച്ചു എറ്റവും ഖെദിച്ചു പുത്രന്മാർ വന്നു ദുഃഖം നീക്കുവാൻ
പുത്രിമാരും പ്രയത്നം ചെയ്തിട്ടും അവൻ ആശ്വസിക്കാതെ പുത്രനൊടു കൂ
ടെ ശവക്കുഴിയിൽ ഇറങ്ങുകെ ഉള്ളു എന്നു പറഞ്ഞു കരഞ്ഞു പൊരുകയും
ചെയ്തു-

൧൪. യൊസെഫ് മിസ്രയിൽ വന്ന പാട്-

൧൫—

ആ ഇഷ്മയെല്യർ യൊസെഫിനെ മിസ്രത്തിലെക്ക കൊണ്ടുപൊയി രാജ
മന്ത്രിയായ പൊതിഫാരിന്ന അടിമയാക്കി വിറ്റു- ആ മന്ത്രി അവന്റെ
ബുദ്ധിവിശെഷവും ഭക്തിയും ദൈവാനുഗ്രഹത്താൽ അവനാലുള്ള കാ
ൎയ്യസാദ്ധ്യവും കണ്ടപ്പൊൾ വളരെ സ്നെഹിച്ചു കാൎയ്യങ്ങൾ ഒക്കയും അവ
ങ്കൽ സമൎപ്പിച്ചു- യൊസെഫ വിശ്വാസ്യതയൊടെ സകലവും നടത്തി
കൊണ്ടിരിക്കുമ്പൊൾ യജമാനന്റെ ഭാൎയ്യ അവന്റെ സൌന്ദൎയ്യം കണ്ടു
മൊഹിച്ചു അവനെ ദൊഷത്തിൽ അകപ്പെടുത്തുവാൻ ശ്രമിച്ചാ
റെ യൊസെഫ ദൈവത്തിന്ന വിരൊധമായിട്ടുള്ള വലിയ പാപം ഞാ
ൻ എങ്ങിനെ ചെയ്യെണ്ടു എന്ന പറഞ്ഞു വശീകരണ വാക്കുകൾക്ക
അനുസരിക്കാഞ്ഞപ്പൊൾ അവൾ വളരെ കൊപിച്ചു പ്രതിക്രിയക്കാ
യി ഈ ദാസൻ എന്നെ അവമാനിപ്പാൻ വന്നിരിക്കുന്നു എന്ന് വ്യാ
ജമായി ഭൎത്താവൊട ബൊധിപ്പിച്ചപ്പൊൾ അവൻ നീരസപ്പെട്ടു
യൊസെഫിനെ തടവിൽ ആക്കിച്ചു- അവിടെയും ദൈവസഹായം ഉ
ണ്ടായതിനാൽ കാരാഗൃഹപ്രമാണിക്ക അവനിൽ കരുണ ജനിച്ചു
തടവുകാരെ ഒക്കയും അവന്റെ വിചാരണത്തിൽ ഏല്പിക്കയും ചെ
യ്തു—

അക്കാലത്ത മിസ്ര രാജാവ തന്റെ നെരെ ദ്രൊഹം ചെയ്ക മന്ത്രി
കളായ മദ്യപ്രമാണിയെയും അപ്പപ്രമാണിയെയും തടവിൽ വെച്ചു
യൊസെഫ അവൎക്കും ശുശ്രൂഷ ചെയ്തിരുന്നു- ഒരു നാൾ രാവിലെ അ
വർ വിഷാദിച്ചിരിക്കുന്നതിനെ കണ്ടു ആയതിന്റെ സംഗതി ചൊദിച്ചാ
റെ ഞങ്ങൾ ഒരൊ സ്വപ്നം കണ്ടു അതിന്റെ അൎത്ഥം പറയുന്നവരെ കി
ട്ടില്ല എന്ന ചൊന്നതിന്ന അൎത്ഥം അറിയിക്കുന്നത ദൈവകാൎയ്യം ത
ന്നെ എങ്കിലും സ്വപ്നപ്രകാരം ചൊല്ലാമല്ലൊ എന്നു ചൊദിച്ചു- അപ്പൊ
ൾ മദ്യപ്രമാണി മൂന്ന കൊമ്പുകളൊടും തളിൎത്തും പൂവിടൎന്നും കുലകൾ പ
ഴുത്തുമുള്ള ഒരു മുന്തിരിങ്ങാവള്ളിയെ കണ്ടു അവ ഞാൻ പിഴിഞ്ഞു പാ
നപാത്രത്തിൽ ആക്കി യജമാനന്റെ കൈക്കിൽ കൊടുത്തു എ

ന്നു പറഞ്ഞപ്പൊൾ യൊസെഫ ആ കൊമ്പുകൾ മൂന്നും മൂന്നു ദിവസങ്ങ
ൾ ആകുന്നു - ഈ മൂന്നു ദിവസത്തിന്നകം നിന്നെ സ്ഥാനത്തിൽ ആക്കും - അ
തിന്റെ ശെഷം നീ പാനപാത്രത്തെ രാജാവിന്റെ കൈയിൽ കൊ
ടുത്തു സുഖമായിരിക്കുമ്പൊൾ എന്നെ ഓൎത്തു വസ്തുത അറിയിച്ചു ഇവിടെ
നിന്നു വിട്ടയപ്പാൻ സംഗതി വരുത്തെണം എന്ന് അവനൊടു പറഞ്ഞു - പി
ന്നെ അപ്പപ്രമാണിയും വെണ്മയുള്ള മൂന്നു കൊട്ട എന്റെ തലയിൽ ഉ
ണ്ടായിരുന്നു മെലെ വെച്ച കൊട്ടയിൽ ഉണ്ടായ നല്ല തരമായ അപ്പങ്ങ
ളെ പക്ഷികൾ കൊത്തി തിന്നു എന്നു കണ്ട പ്രകാരം പറഞ്ഞപ്പൊൾ
യൊസെഫ മൂന്നു കൊട്ട മൂന്നു ദിവസം ആകുന്നു മൂന്നു ദിവസത്തിന്നകം
നിന്നെ ഒരു മരത്തിന്മെൽ തൂക്കിക്കും പക്ഷികൾ നിന്റെ മാംസം തിന്നും
എന്ന് അവനൊടും അറിയിച്ചു - അതിന്റെ മൂന്നാം ദിവസം രാജാവ് ഒ
രു സദ്യ കഴിച്ചു തടവുകാരായ ഇരുവരെയും വരുത്തി മദ്യപ്രമാണിയെ
സ്വസ്ഥാനത്താക്കി അപ്പപ്രമാണിയെ തൂക്കിച്ചു യൊസെഫ പറഞ്ഞ
പ്രകാരം എല്ലാം ഒത്തുവരികയും ചെയ്തു - എങ്കിലും മദ്യപ്രമാണി അവ
നെ ഓൎത്തു വിചാരിച്ചതും ഇല്ല -

പിന്നെ രണ്ടു വൎഷം കഴിഞ്ഞതിന്റെ ശെഷം ആ രാജാവ് ഒരു സമയ
ത്ത് ഒരു സ്വപ്നം കണ്ടു അവറ്റിന്റെ അൎത്ഥം വിദ്വാന്മാരിൽ ആരും പറ
ഞ്ഞറിയായ്കകൊണ്ടു വളരെ വിഷാദിച്ചിരിക്കുമ്പൊൾ മദ്യപ്രമാണിക്കു
ഓൎമ്മ വന്നു തടവിൽ തനിക്ക് ഉണ്ടായ തന്റെ സ്വപ്നാവസ്ഥ രാജാവെ അറി
യിച്ചു യൊസെഫ കല്പന പ്രകാരം തടവിൽ നിന്നു രാജസന്നിധിയിൽ
വന്നിരുന്നപ്പൊൾ രാജാവ് ഞാൻ സ്വപ്നം കണ്ടു സ്വപ്നങ്ങളുടെ അ
ൎത്ഥം സൂക്ഷ്മമായി പറയുന്നവൻ നീ തന്നെ ആകുന്നു എന്നു കെട്ടു - എ
ന്ന് കല്പിച്ചതിന്നു യൊസെഫ ഞാനായിട്ടല്ല അറിയിക്കുന്നത് ദൈവ
മത്രെ ആകുന്നു അവൻ ശുഭമായുള്ള ഉത്തരം കല്പിക്കും എന്ന് ഉണൎത്തിച്ചാറെ
രാജാവ് കണ്ട സ്വപ്നപ്രകാരം അറിയിച്ചു ഞാൻ നീല നദിയുടെ കരമെ
ൽ നിന്നിരുന്നു - അപ്പൊൾ പുഷ്ടിയും സൌന്ദൎയ്യവും ഏറെയുള്ള ഏഴു പശു

ക്കൾ ആ പുഴയിൽനിന്ന കരെറി മെഞ്ഞിരുന്നു - അവററിന്റെ വഴിയെ
ഏഴു പെക്കാണാത്ത അവലക്ഷണരൂപമുള്ള മെലിഞ്ഞ പശുക്കളും
കരെറി പുഷ്ടിയുള്ള പശുക്കളെ തിന്നുകളഞ്ഞിട്ടും തിന്നവയെന്ന അറിവാ
നുണ്ടായതുമില്ല - ഇപ്രകാരം ഒരു സ്വപ്നം കണ്ടു ഉണൎന്നു - പിന്നെയും ഉറ
ങ്ങി നല്ല മണിയുള്ള ഏഴു കതിരുകൾ ഒരു തണ്ടിന്മെൽ മുളച്ചുണ്ടായി കണ്ടു
ഉണങ്ങി കരിഞ്ഞ പതിരായ ഏഴു കതിരുകളും മുളച്ചു ആ നല്ല ഏഴു കതിരു
കളെ വിഴുങ്ങികളഞ്ഞു - എന്നിങ്ങിനെ രണ്ടാം സ്വപ്നവും പറഞ്ഞതിന്നെ
പ്പൊൾ യൊസെഫ പറഞ്ഞു സ്വപ്നങ്ങൾ രണ്ടും ഒന്നു തന്നെ - ദൈവം ചെയ്യാ
ൻ ഭാവിക്കുന്നതിനെ രാജാവൊട് അറിയിച്ചിരിക്കുന്നു ഏഴു നല്ല പശുക്ക
ളും കതിരുകളും ഏഴു വൎഷങ്ങളാകുന്നു മെലിഞ്ഞ പശുക്കളും പതിരുള്ള കതി
രുകളും ക്ഷാമമുള്ള ഏഴു വൎഷങ്ങളാകുന്നു - കെട്ടാലും രാജ്യത്തിൽ
എല്ലാടവും ധാന്യപുഷ്ടിയുള്ള ഏഴു വൎഷം വരുന്നതിന്റെ ശെഷം
ക്ഷാമമുള്ള ഏഴു വൎഷവും വരും രണ്ടുവട്ടം സ്വപ്നം കാണിച്ചതിനാൽ ദൈവം
അത സ്ഥിരമാക്കി നിശ്ചയിച്ചതെന്നും ഇപ്പൊൾ തന്നെ ആരംഭിച്ചു എന്നും
അറിയിച്ചിരിക്കുന്നു അതുകൊണ്ടു രാജാവ ബുദ്ധിയും ജ്ഞാനവുമുള്ള
ഒരു മനുഷ്യനെ നെരെ നാട്ടിൽ അധികാരിയാക്കി പുഷ്ടിയുള്ള വൎഷ
ങ്ങളിൽ വിളവിൽ അഞ്ചിലൊന്നു വാങ്ങി വളരെ ധാന്യങ്ങളെ പാണ്ടി
ശാലകളിൽ സ്വരൂപിച്ചു സൂക്ഷിക്ക എന്നാൽ ക്ഷാമം കൊണ്ടു ദെശത്തി
ന്നാശം വരുവാൻ സംഗതിയില്ല - ഇപ്രകാരം പറഞ്ഞത കെട്ടു നന്ന എ
ന്നു തൊന്നിയാറെ രാജാവ മന്ത്രികളെ നൊക്കി ദൈവാത്മാവുള്ള ഈ
മനുഷ്യനെ പൊലെ ഒരുവനെ കിട്ടുമൊ എന്നു കല്പിച്ചു ദൈവം ഈ അ
വസ്ഥയെ ഒക്കയും നിന്നെ അറിയിച്ചിരിക്കകൊണ്ടു നിന്നെ പൊലെ വി
വെകമുള്ളവൻ ഒരുത്തനുമില്ല ഞാൻ ഈ രാജ്യത്തിൽ നിന്നെ സൎവ്വാ
ധികാരിയാക്കുന്നു രാജാസനത്തിൽ മാത്രം ഞാൻ വലിയവനാകുന്നു എ
ന്നു യൊസെഫിനൊടു കല്പിച്ചു തന്റെ മുദ്രമൊതിരം ഊരി അവന്റെ
വിരലിൽ ഇട്ടു നെൎമ്മ വസ്ത്രങ്ങളെയും ധരിപ്പിച്ചു പൊൻമാലയും അവന്റെ

കഴുത്തിൽ ഇട്ടു തന്റെ രണ്ടാം തെരിൽ കരെറി ഇവന്റെ മുമ്പാകെ മുട്ടുകുത്തുവിൻ ഇവൻ രാജ്യാധികാരി എന്ന് എല്ലാവരൊടും വിളിച്ചു പറയിച്ചു- പിന്നെ യൊസെഫിനൊടു ഞാൻ രാജാവു തന്നെ എങ്കിലും നിന്റെ കല്പന കൂടാതെ മിസ്ര രാജ്യത്തിൽ ഒരുത്തനും തന്റെ കൈയൊ കാലൊ ഇളക്കുക ഇല്ല നിശ്ചയം എന്നു കല്പിക്കയും ചെയ്തു- ഇപ്രകാരം ദൈവം യൊസെഫിനെ സങ്കടങ്ങളിൽ നിന്നു വിടുവിച്ചു രാജമഹാത്മ്യൊളം കരെറി- അവൻ ൰൭ വയസ്സിൽ അടിമയായി മിസ്രയിൽ വന്നു ൰൩ാമതിൽ രാജസന്നിധിയിങ്കൽ നില്ക്കയും ചെയ്തു-

## ൰൧. യൊസെഫിന്റെ സഹൊദരന്മാർ മിസ്രയിൽ വന്നതു-

ദൈവം അറിയിച്ച പ്രകാരം തന്നെ സംഭവിച്ചു- പുഷ്ടിയുള്ള ൭ സംവത്സരങ്ങളിൽ യൊസെഫ രാജ്യത്തിലെ സകല ധാന്യങ്ങളിൽ നിന്നും അഞ്ചിലൊന്നു എടുത്തു അനവധി സ്വരൂപിച്ചു- ക്ഷാമകാലം തുടങ്ങിയപ്പൊൾ നാട്ടുകാരും അന്യദെശക്കാരും വന്നു ധാന്യങ്ങളെ വാങ്ങുകയും ചെയ്തു-

കനാനിലും വളരെ ഞെരിക്കം ഉണ്ടായാറെ മിസ്രയിൽ ധാന്യമുണ്ടെന്നു യാക്കൊബ കെട്ടപ്പൊൾ പുത്രന്മാരൊടു തമ്മിൽ തമ്മിൽ നൊക്കുന്നതെന്തിനാ നാം മരിക്കാതിരിക്കെണ്ടതിന്നു നിങ്ങളും അങ്ങൊട്ടു പൊയി നമുക്കു ധാന്യം വാങ്ങി കൊണ്ടുവരെണം എന്നു കല്പിച്ച പ്രകാരം ബെന്യമീനെ കൂടാതെ ശെഷം പത്താളുകൾ മിസ്രയിൽ പൊയി രാജ്യാധികാരിയായ യൊസെഫിന്റെ സന്നിധിയിങ്കൽ ചെന്നു വണങ്ങിയാറെ അവൻ അവരെ അറിഞ്ഞിട്ടും അറിയാത്തവനെ പൊലെ നിങ്ങൾ എവിടത്തുകാർ എന്തിന്നായിട്ടു വന്നു എന്നു ചൊദിച്ചപ്പൊൾ അവർ ഞങ്ങൾ ധാന്യം വാങ്ങുവാൻ കനാൻ ദെശത്തിന്നു ഇങ്ങൊട്ടു വന്നു എന്നു പറഞ്ഞതിന്നു യൊസെഫ നിങ്ങൾ ഒറ്റുകാരാകുന്നു എന്നു കഠിനമായി കല്പിച്ചപ്പൊൾ അവർ കർത്താവെ ഞങ്ങൾ ഒർ ആളുടെ പുത്രന്മാർ ൰൨ സഹൊദര

ന്മാരിൽ ഞങ്ങൾ ൧൨ം പെരാകുന്നു- ഇളയവൻ അപ്പന്റെ കൂട്ടത്തിലിരിക്കുന്നു
അവന്റെ ജ്യെഷ്ഠൻ ഇല്ല ഞങ്ങൾ ഒറ്റുകാരല്ലെന്നുള്ളവർ തന്നെ എ
ന്നു ഭയപ്പെട്ടു പറഞ്ഞത് കെട്ടാറെ യൊസെഫ നിങ്ങൾക്ക നെരുണ്ടെങ്കിൽ
ഒരുത്തൻ പൊയി അനുജനെ കൊണ്ടുവന്നു കാണിച്ചാൽ നിങ്ങളെ വിടാം.
എന്നു കല്പിച്ചു മൂന്നു ദിവസം തടവിൽ പാൎപ്പിച്ചു നാലാം ദിവസത്തിൽ അ
വരെ വരുത്തി ഞാൻ ദൈവത്തെ ഭയപ്പെടുന്നതുകൊണ്ടും അന്യായം ചെ
യ്വാൻ മനസ്സില്ലാത്തതുകൊണ്ടു ഒരു വഴി പറയാം ഒരുവനെ ഇവിടെ പാ
ൎപ്പിച്ചു ശെഷമുള്ളവർ വാങ്ങിയ ധാന്യം കൊണ്ടുപൊയി കൊടുത്തു അ
നുജനെ ഇങ്ങൊട്ടു കൊണ്ടുവരുവിൻ എന്നാൽ നിങ്ങളുടെ വാക്കു പ്രമാ
ണിക്കാം നിങ്ങൾ മരിക്കാതെയും ഇരിക്കും എന്നിപ്രകാരം കല്പിച്ചത് കെട്ടാ
റെ തങ്ങളിൽ നൊക്കി ഇതെല്ലാം നമ്മുടെ സഹൊദരനൊടു ചെയ്ത കുറ്റം
ആണെ അവൻ അപെക്ഷിച്ചപ്പൊൾ അവന്റെ ദുഃഖം കണ്ടാറെയും അ
നുസരിക്കാതെ ഇരുന്നുവല്ലൊ അതുകൊണ്ടു ഈ ദുഃഖം നമുക്കു വന്നി
രിക്കുന്നു അവന്റെ രക്തം ഇപ്പൊൾ ദൈവം ചൊദിക്കുന്നു എന്നു പറഞ്ഞു-
യൊസെഫ ദ്വിഭാഷി മുഖാന്തരം സംസാരിച്ചതിനാൽ അതൊക്കെയും
കെട്ടറിഞ്ഞു എന്ന അവർ വിചാരിച്ചില്ല- അവൻ അവരെ വിട്ടു പൊയി കര
ഞ്ഞു-പിന്നെയും വന്നു എല്ലാവരും കാണ്കെ ശിമ്യൊനെ പിടിച്ചു കെട്ടിച്ചു
തടവിൽ ആക്കിച്ചു ശെഷം അവർ ധാന്യം എടുത്തു നാട്ടിൽ തിരിച്ചു ചെന്നു അ
പ്പനൊടു വസ്തുതകൾ അറിയിച്ചു ബെന്യമിനെ കൊണ്ടുവന്നാൽ അത്രെ തടവി
ൽ ഉള്ളവനെ വിടുകയുള്ളു എന്നും മറ്റും കെൾപ്പിച്ചപ്പൊൾ യാക്കൊബ വള
ര വിഷാദിച്ചു നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കി യൊസെഫും ശിമ്യൊ
നും ഇല്ലാതെയായി ബെന്യമിനെയും കൂടെ കൊണ്ടുപൊകും ഇതൊക്കെയും എ
നിക്കു വിരൊധമായി വന്നിരിക്കുന്നു എന്മകൻ നിങ്ങളൊടു കൂടെ പൊരികയി
ല്ല എന്നു കല്പിക്കയും ചെയ്തു-

൬൨. യൊസെഫിന്റെ സഹൊദരന്മാർ രണ്ടാമത് മിസ്രയി
ൽ പൊയത-

ഷിന്റെ വൎഷത്തിൽ ഒക്കെയും വൎദ്ധിച്ചിട്ടു കൊണ്ടുവന്ന ധാന്യങ്ങളെല്ലാം
തീൎന്നപ്പൊൾ പിന്നെയും കൊണ്ടുവരുവാൻ യാക്കൊബ പുത്രന്മാരൊടു
കല്പിച്ചു- അവർ ബെന്യമിനെ കൂടാതെ ഞങ്ങൾ പൊകയില്ലെന്ന പറഞ്ഞാ
റെ അനന്തരം ഞങ്ങളൊടു യഹൂദാൻ അഴുന്ന വളരെ അനിഷ്ടം ഉണ്ടാകിയതി
ച്ചും ഒട്ടു പിൻ സമ്മതിച്ചു- ആ ദെശത്തിലെ ഉത്തമം നല്ല പഴങ്ങളും ദ്രവ്യൌ
ഷധങ്ങളും മറ്റും സമ്മാനമാക്കി കൊണ്ടു പൊകുവിൻ സൎവ്വശക്തനായ ദൈ
ദവം എന്റെ രണ്ടു മക്കളെയും തിരിച്ചു അയപ്പാൻ നിങ്ങളെ അധികാരിക്കു
കൃപ ഉണ്ടാക്കുമാറാകണം ഞാൻ പുത്രനില്ലാത്തവനെന്ന പൊലെ ആകിലു
മെന്നു പറഞ്ഞു അവരെ അയക്കയും ചെയ്തു-
അവർ മിസ്രെയിൽ എത്തിയെന്നു യൊസെഫ കെട്ടാറെ അവരെ വീട്ടിൽ
വരുത്തി ഉപ്രസാദം കാണിച്ചു നിങ്ങളുടെ അപ്പൻ ജീവിച്ചു സുഖമായി
ഇരിക്കുന്നുവൊ എന്നു ചൊദിച്ചതിന്നു അവർ സുഖം തന്നെ എന്നു പറ
ഞ്ഞതിന്റെ ശെഷം യൊസെഫ ബെന്യമിനെ നൊക്കി ഇവനൊ നിങ്ങൾ പറഞ്ഞ
അനുജൻ എന്നു ചൊദിച്ചു നിന്നെ ദൈവം നിനക്കു കൃപ ചെയ്കട്ടെ എ
ന്നനുഗ്രഹിച്ചു- മനസ്സുരുക്കം കൊണ്ടു ബദ്ധപ്പെട്ടു മുറിക്കിൽ ചെന്നു കരഞ്ഞു
മുഖം കഴുകി പുറത്തു വന്നു തന്നൊടു കൂടി ഭക്ഷണം വെപ്പാൻ കല്പിച്ചു- ദെ
ശമൎയ്യാദപ്രകാരം തനിക്കും സഹൊദരന്മാൎക്കും പ്രത്യെകം വെപ്പിച്ചു- ജ്യെ
ഷ്ഠാനുക്രമപ്രകാരം അവരെ ഇരുത്തിയതിനാൽ അവർ അതിശ
യിച്ചു സുഖെന ഭക്ഷിച്ചു സന്തൊഷിക്കയും ചെയ്തു-
അനന്തരം കാൎയ്യസ്ഥനൊടു ഇവരുടെ ചാക്കുകളിൽ പിടിക്കുന്ന ധാന്യ
വും കൊണ്ടുവന്ന ദ്രവ്യവും ഇളയവന്റെ ചാക്കിൽ എന്റെ വെള്ളി പാന
പാത്രവും കൂടെ ഇടുക എന്നു കല്പിച്ചപ്രകാരം അവൻ ചെയ്തു- പിറ്റെന്നാ
ൾ അവർ ധാന്യം എടുത്തു പുറപ്പെട്ടു അല്പ വഴി കടന്നെത്തിയ ശെഷം യൊ
സെഫിന്റെ കല്പനപ്രകാരം കാൎയ്യസ്ഥൻ ചെന്നു എത്തി അവരൊടു
ഗുണത്തിന്നു പകരം നിങ്ങൾ ദൊഷമൊ ചെയ്തിരിക്കുന്നു എന്നു പറഞ്ഞതു കെ
ട്ടു അവർ ഭ്രമിച്ചു അയ്യൊ ഇതൊന്നും നൊക്കിയാറെ യജമാനന്റെ പാനപാ

ത്രം എന്തിന കട്ടു എന്നു ചൊദിച്ചതിന്നു അവർ അപ്രകാരം ഒന്നിലും
ചെയ്തിട്ടില്ലാ ഞങ്ങൾ നെരുള്ളവർ ആകുന്നു ആരുടെ പക്കൽ എങ്കിലും കാ
ണാൽ അവൻ മരിക്കട്ടെ ഞങ്ങളും അടിമകളാകും എന്നു പറഞ്ഞാറെ കാ
ര്യസ്ഥൻ ശൊധന ചെയ്തു ബെന്യമീന്റെ ചാക്കിൽ ആ പാത്രം കണ്ടെത്തു
കെല്ലാവരും വിറെച്ചു വസ്ത്രങ്ങളെ കീറി മടങ്ങി ചെന്നു ഔസെപ്പി
നെ കണ്ടു കാല്ക്കൽ വീഴുകയും ചെയ്തു- അവൻ നിരസഭാവം കാട്ടി എന്തി
ന് ഈപ്രകാരം ചെയ്തു എന്നു കല്പിച്ചപ്പൊൾ യഹൂദ മുതിർന്ന് കർത്താവൊ
ട് ഉത്തരം പറയെണ്ടു ഞങ്ങൾക്കു കുറ്റമില്ലാത്തവർ എന്ന് എങ്ങിനെ കാട്ടെ
ണ്ടു ഞങ്ങളുടെ ദുഷ്കൃത്യം ദൈവം കണ്ടെത്തിയതിനാൽ ഞങ്ങൾ എല്ലാ
വരും കർത്താവിന്നു അടിമകൾ എന്ന് അറിയിച്ചാറെ ഔസെപ്പ അരുൾ
ചെയ്തു പാത്രം കട്ടവൻ അടിമയായാൽ മതി നിങ്ങൾ സ്വപിതാവി
ന്റെ അടുക്കൽ പൊകുവിൻ എന്നു കല്പിച്ചപ്പൊൾ യഹൂദാ കർത്താവെ
കൊപിക്കരുതെ കാരുണ്യം ചെയ്തു ഇവനെ വിട്ടയക്കണമെ- ഞങ്ങൾ ഇവ
നെ കൂടാതെ വീട്ടിൽ ചെന്നാൽ അപ്പൻ ദുഃഖത്താൽ മരിക്കും നിശ്ച
യം- ഞാൻ തന്നെ പൈതലിന്നു ജാമ്യമായി നിന്ന് ഒരു അപായവും ഉ
പിക്കാതെ കൂട്ടികൊണ്ടുവരാം എന്നു അപ്പനൊടു പറഞ്ഞു- ഒപ്പിച്ചിരിക്കു
ന്നു- ആയതുകൊണ്ടു ഇവന്നു പകരം ഞാൻ അടിമയാകുവാൻ സമ്മതം ചെ
ന്നു സഹൊദരന്മാരൊടു കൂട പൊകട്ടെ അവനെ കൂടാതെ ഞാൻ എ
ങ്ങിനെ അപ്പനെ ചെന്നു കാണും എന്നിങ്ങിനെ മുട്ടിച്ചു അപേക്ഷിച്ചപ്പൊ
ൾ ഔസെപ്പ തന്നെ അടക്കുവാൻ കഴിയാതെ ചുറ്റുമുള്ളവരെ പുറത്താ
ക്കി ഉറക്കെ കരഞ്ഞു സഹൊദരന്മാരൊടു ഞാൻ ഔസെപ്പ ആകുന്നു അ
പ്പൻ ജീവിക്കുന്നുവൊ എന്നു പറഞ്ഞാറെ അവർ ഭയപ്പെട്ടു ഉത്തരം ഒന്നും
പറയായ്കയാൽ അടുത്തു വരുവാൻ അവരൊടു കല്പിച്ചു അടുത്തു ചെ
ന്നപ്പൊൾ നിങ്ങൾ മിസ്രയിമിലെക്കു വിറ്റുകളഞ്ഞ ഔസെപ്പ ഞാ
ൻ തന്നെ ആകുന്നു എന്നു പറഞ്ഞു- വിറ്റതു ചൊല്ലി ഇപ്പൊൾ ദുഃഖിക്കരുത്
നിങ്ങളെല്ലാം ദൈവം നിങ്ങളുടെ ജീവരക്ഷക്കായിട്ടു മുമ്പെ എന്നെ

ഷിടെ തന്നെ ഇരിക്കുന്നു- ഉടനെ മടങ്ങി ചെന്നു നിന്റെ മകൻ ജീവിക്കുന്നു ദൈവം
അവനെ മിസ്രയിൽ കൎത്താവാക്കി വെച്ചിരിക്കുന്നു എന്നും എന്റെ അവ
സ്ഥ കണ്ടു കെട്ടതും ഒക്കെ അച്ഛനെ അറിയിച്ചു താമസിയാതെ അവനെ
കൂട്ടിക്കൊണ്ടു വരുവിൻ എന്നും മറ്റും പറഞ്ഞാറെ അവനും അനുജനായ
ബെന്യമീനും കഴുത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു ജ്യേഷ്ഠന്മാരെയും ചുംബി
ച്ചു കരഞ്ഞു അന്യോന്യം സംസാരിക്കയും ചെയ്തു- ഈ വൎത്തമാനം രാജാ
വ് കെട്ടപ്പോൾ പ്രസാദിച്ചു യൊസെഫിനൊട്ട നിന്റെ അച്ഛനെയും
കുഡുംബങ്ങളെയും വരുത്തുവാൻ പറക അതിന്നു വെണ്ടുന്ന രഥങ്ങളും മ
റ്റും ഇവിടെനിന്നു കൊടുത്തയക്ക എന്നു കല്പിച്ച പ്രകാരം അവൎക്കു ദ്രവ്യ
വും അന്നവസ്ത്രാദികളും കൊടുത്തു വഴിക്കൽ തന്നു ശണ്ഠകൂടരുത് എന്നു
പറഞ്ഞയച്ചു- അവരും സന്തോഷത്തോടെ കനാനിലെക്ക യാത്രയാ
കയും ചെയ്തു-

൧൭. യാക്കോബ മിസ്രയിലെക്ക പൊയി വസിച്ചതു-

അനന്തരം ആ ൧൧ സഹോദരന്മാർ അച്ഛന്റെ അടുക്കൽ എത്തി യൊസെ
ഫ് ജീവിച്ചിരിക്കുന്നു മിസ്രയിലെ സൎവ്വാധികാരിയാകുന്നു എന്നു അറി
യിച്ചപ്പോൾ അവൻ ഭ്രമിച്ചു പ്രമാണിക്കാതെ ഇരുന്നു- പിന്നെ യൊ
സെഫ പറഞ്ഞവാക്കുകൾ കെട്ടു കൊടുത്തയച്ച തെരുക്കളും മറ്റും കണ്ടെ
പ്പോൾ സന്തോഷത്താൽ അവന്റെ ആത്മാവ് ഉണൎന്നു മതി എന്റെ മകൻ
ജീവിക്കുന്നു ഞാൻ മരിക്കും മുമ്പെ അവനെ പൊയി കാണും എന്നു തെളി
ഞ്ഞു പറകയും ചെയ്തു- അതിന്റെ ശെഷം അവൻ കുഡുംബങ്ങളൊടും സക
ല പദാൎത്ഥങ്ങളൊടും കൂടെ പുറപ്പെട്ടു മിസ്രയിൽ എത്തി- ഈ വൎത്തമാനം യൊ
സെഫ കെട്ടപ്പോൾ തന്റെ തെരിൽ കയറി അച്ഛനെ എതിരേറ്റു കണ്ടാ
റെ അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു വളരെ നെരം കരഞ്ഞ ശെഷം യാ
ക്കോബ് നിന്റെ മുഖം കണ്ടുവല്ലൊ ഇനി ഞാൻ മരിച്ചാൽ വെണ്ടതി
ല്ലാ എന്നു പറഞ്ഞു- അനന്തരം അച്ഛൻ കുഡുംബങ്ങളൊടുകൂടെ ഗൊശെ
ൻ· എത്തി എന്നു യൊസെഫ രാജാവൊടു ഉണൎത്തിച്ചു അവനെയും പി

ലസഹൊദരന്മാരെയും വരുത്തി കാണിച്ചപ്പൊൾ രാജാവ യാക്കൊബെ
ബൊട്ട വയസ്സ എത്ര എന്ന ചൊദിച്ചതിന്ന സഞ്ചാരവൎഷങ്ങൾ നൂറ്റിമുപ്പത
എന്റെ അപ്പന്മാരുടെ ദിവസങ്ങൾ അല്പവും ദൊഷമുള്ളവും ആയിരു
ന്നു പിതാക്കന്മാരുടെ സഞ്ചാരസമയത്തിൽ ഉണ്ടായ ദിവസങ്ങളൊ
ട എത്തിയിട്ടില്ല എന്ന യാക്കൊബ പറഞ്ഞു രാജാവെ അനുഗ്രഹിക്ക
യും ചെയ്തു—

അവൻ പിന്നെ പതിനെഴു വൎഷം മിസ്രെമിൽ പാൎത്ത മരണം അടുത്തപ്പൊൾ
യൌസെപ്പ എഫ്രെമിം മനശ്ശെ എന്ന രണ്ട പുത്രന്മാരെ കൂട്ടി കൊണ്ടുചെ
ല്ലുന്നെ ചെന്നപ്പൊൾ നിന്റെ മുഖം തന്നെ കാണും എന്ന ഞാൻ വിചാരി
ച്ചില്ല ദൈവം നിന്റെ സന്തതിയെയും കൂട കാണ്മാൻ സംഗതിയാക്കിയല്ലൊ എന്ന
ഇസ്രായെൽ പറഞ്ഞു— പിന്നെ അനുഗ്രഹം പ്രാപിപ്പാൻ യൌസെപ്പ തന്റെ
ൻ മക്കളെ അടുക്കൽ ആക്കിയപ്പൊൾ യാക്കൊബ വലത്തെ കൈ ഇളയവ
ന്റെ തലമെലും ഇടത്തെ കൈ മൂത്തവന്റെ തലമെലും വെച്ച അനുഗ്രഹിച്ചു—
പിതാക്കന്മാർ കണ്ടു നടന്ന ദൈവമെ എന്നെ ഇന്നെവരെയും രക്ഷിച്ചുവ
ന്നു യഹൊവയെ സകല ദൊഷങ്ങളിൽനിന്നും എന്നെ വീണ്ടെടുത്ത ദൂത
നുമായവൻ ഈ രണ്ട പൈതങ്ങളെ അനുഗ്രഹിക്കെണമെ— പിതാക്കന്മാരുടെ
പെരുകൾ ഇവരുടെ മെൽ ചൊല്ലി ഇവർ ദെശമദ്ധ്യത്തിങ്കൽ വൎദ്ധിച്ചുവരെണ
മെ എന്നും അപെക്ഷിച്ചു അവരെ സ്വന്തപുത്രന്മാരെ പൊലെ വിചാരിച്ചു
അവകാശസ്ഥാനവും കൊടുത്തു അനുഗ്രഹിച്ചു ദൈവം നിന്നെ എഫ്രെമിം
മനശ്ശെ എന്നവരെ പൊലെ ആക്കുമാറാക എന്ന ഇസ്രായെൽ ആശീൎവ്വ
ദിക്കും എന്ന കല്പിച്ചു പിന്നെ യാക്കൊബ തന്റെ പുത്രന്മാരെയും വ
രുത്തി വരുവാനുള്ള അവസ്ഥയെ ദീൎഘദൎശിച്ചു ഒരൊരുത്തനെ പ്രത്യെ
കം അനുഗ്രഹിച്ച ശെഷം പ്രാണനെ വിട്ട സ്വജനത്തൊട ചെരുകയും ചെ
യ്തു— അനന്തരം യൌസെപ്പും സഹൊദരന്മാരും മിസ്രയിലെ പല ഒത്തു
ന്മാരും ശവം എഴുന്നള്ളിച്ചു കിരിയത്തിലും തെക്കിലും കടന്നുചെന്നു കനാ
ൻ ദെശത്തിലെ അബ്രഹാം മക്പെലഗുഹയിൽ വെച്ച അടക്കം ചെയ്തു—

ഹാമിന്റെ ശെഷക്കാരവർ എല്ലാവരും മിസ്രയിലെ ക്കാമടങ്ങളിൽ ചെന്നവാ
സിച്ചപ്പൊൾ സഹൊദരന്മാർ ഭയപ്പെട്ട യൊസെഫിനെ വണങ്ങിയപ്പൊൾ
അവനൊട്ട കാട്ടിയ ദ്രൊഹങ്ങളെ അശ്ശനെ വിചാരിച്ചു കയ്യിൽ കൊണ്ട മെഷെ
നൊപെക്ഷിച്ചപ്പൊൾ അവൻ കരഞ്ഞു നിങ്ങൾ ഭയപ്പെടെണ്ടാ ഞാൻ ദൈ
വമൊ- നിങ്ങൾ എനിക്ക ദൊഷം വിചാരിച്ചിരുന്നു ദൈവമൊ എനിക്ക ഗുണം
വിചാരിച്ചു വളരെ ജനങ്ങളെ ജീവനൊടെ രക്ഷിക്കുമാറാക്കി ഞാൻ നിങ്ങ
ളെയും നിങ്ങളെയും കുട്ടികളെയും പൊറ്റും എന്ന പറഞ്ഞു അവരെ
ആശ്വസിപ്പിച്ചു ശെഷം യൊസെഫ് കുഡുംബങ്ങളൊടു കൂടെ മിസ്രയിൽ സുഖെന വസി
ച്ചു പൌത്രപ്രപൌത്രന്മാരെയും കണ്ട ൧൧൦ വയസ്സിൽ മരിക്കയും ചെ
യ്തു—

## ൧൦. മൊശെ.

ഇസ്രയെലിന്റെ പുത്രന്മാരിൽനിന്ന ചിലനൂറുവൎഷത്തിന്നകം ൧൨ ഗൊത്ര
ങ്ങളായ ഇസ്രയെല്യ സംഘം വൎദ്ധിച്ചുവന്നു- അവർ മിസ്രദെശത്തിൽ പെരു
കുമ്പൊൾ നിർഭയപ്പെടെണ്ട ഞാൻ കൂടെ പൊരുന്നു നിന്നെ വലിയ ജാതിയാ
ക്കുമെന്ന ദൈവത്തിന്റെ അരുളപ്പാടു കെട്ടവണ്ണം തന്നെ സംഭവിക്കു
കയും ചെയ്തു ഇസ്രയെല്യർ ഏറവും പെരുകി ബലമുള്ള സമൂഹമായിതീൎന്ന
പ്പൊൾ മിസ്രക്കാൎക്ക ഭയം ജനിച്ചു- അപ്പൊൾ യൊസെഫിന്റെ അവസ്ഥ
അറിയാത്ത ഒരു പുതിയ രാജാവ് അവരെ അടിമക്കളെ എന്നപൊലെ
പീഡിപ്പിച്ചു പട്ടണങ്ങളെയും കൊട്ടകളെയും മറ്റും കെട്ടെണ്ടതിന്നു ഇഷ്ടിക
യുണ്ടാക്കുക മുതലായ കഠിനവെലകളെ എടുപ്പിച്ചു- അവർ പീഡിതകാല
ത്തും വൎദ്ധിച്ചുവന്നതിനാൽ അവരുടെ ആൺപൈതങ്ങളെ ഒക്കയും കൊ
ല്ലേണമെന്ന ഫറവൊ രാജാവ് എബ്രായ വയറ്റാട്ടികളൊടു കല്പിച്ചു- ആയവർ ദൈ
വത്തെ ഭയപ്പെട്ട രാജകല്പന പ്രമാണിക്കാതെ ആൺകുഞ്ഞുങ്ങളെ ര
ക്ഷിച്ചു കൊണ്ടിരുന്നപ്പൊൾ ഫറവൊ മിസ്രക്കാരൊടു ഇസ്രയെല്യരുടെ
ആൺകുഞ്ഞുങ്ങളെ ഒക്കയും പുഴയിൽ ഇട്ടുകളയെണം എന്ന കല്പി
ക്കയും ചെയ്തു—

ഷൃകാലത്തു ലെവിഗൊത്രക്കാരനായ അമ്രാമിന്നു സുന്ദരനായൊരു പുത്രൻ
ജനിച്ചു - അമ്മ അവനെ ഭയത്തൊടെ മൂന്നു മാസം ഒളിച്ചു വെച്ചതിന്റെ ശെഷം
ഒളിപ്പാൻ കഴിയാഞ്ഞപ്പൊൾ ഒരു പെട്ടി ഞാങ്ങണ പശ തെച്ചു കുഞ്ഞിനെ അ
തിൽ കിടത്തി നദീതീരത്തെ ഞാങ്ങണകളുടെ ഇടയിൽ വെച്ചു കുട്ടിയുടെ സഹൊ
ദരി ദൂരെ നിന്നു നൊക്കികൊണ്ടിരുന്നു - അതിന്റെ ശെഷം രാജപുത്രി പുഴയിൽ കു
ളിപ്പാൻ വന്നു പെട്ടിയെ കണ്ടപ്പൊൾ ദാസിയെ അയച്ചു പെട്ടിയെ വരു
ത്തി തുറന്നു നൊക്കിയാറെ കരയുന്ന കുഞ്ഞിനെ കണ്ടു അവൾ മനസ്സലി
ഞ്ഞു ഇതു ഒരു എബ്രായക്കുട്ടി എന്നു പറഞ്ഞതു കെട്ടപ്പൊൾ സഹൊദരി
അടുത്തു വന്നു മുലകൊടുപ്പാൻ ഒരു എബ്രായസ്ത്രീയെ വിളിക്കെണ്ടു
മൊ എന്നു ചൊദിച്ചു കല്പന വാങ്ങി അമ്മയെ വരുത്തിയശെഷം രാജപു
ത്രി കുഞ്ഞിനെ വളർത്തുവാൻ അവളുടെ കൈക്കൽ ഏല്പിച്ചു - പിന്നെ വള
ർന്നപ്പൊൾ അവനെ വാങ്ങി തന്റെ പുത്രനാക്കി വെച്ചു മിസ്രക്കാരുടെ സകല
വിദ്യകളെ പഠിപ്പിച്ചു - വെള്ളത്തിൽനിന്നു എടുത്തവൻ എന്നർത്ഥമുള്ള മൊ
ശെ എന്ന പെർ വിളിക്കയും ചെയ്തു -

അവൻ പ്രാപ്തനായപ്പൊൾ രാജമഹത്വത്തിലും ധനത്തിലും രസിക്കാതെ
ഇസ്രയെല്യരുടെ ഞെരുക്കങ്ങളെ കണ്ടിട്ടു ദുഃഖിച്ചു കൊണ്ടിരുന്നു. ൪൦ വ
യസ്സിൽ ഒരു ദിവസം സഹൊദരന്മാരുടെ അരികിൽ ചെന്നാറെ അവരിൽ
ഒരുവനെ ഒരു മിസ്രക്കാരൻ അടിക്കുന്നതു കണ്ടപ്പൊൾ അവനെ അടിച്ചു
കൊന്നു കളഞ്ഞു - ദൈവം എന്റെ കൈകൊണ്ടു ഇസ്രയെല്യർക്കു രക്ഷ വ
രുത്തുമെന്നു അവർ കണ്ടറിയും എന്നവൻ വിചാരിച്ചു. [illegible]
കലൊക്കും രാജാവും അറിഞ്ഞു കൊല്ലുവാൻ ഭാവിക്കുന്നപ്പൊൾ മൊശെ ഓടി
അബ്രഹാമിന്റെ സന്തതിക്കാരായ മിദ്യാനരുടെ ദെശത്തിൽ ചെന്നു ഒരു
കിണറ്റിന്റെ അരികെ ഇരുന്നപ്പൊൾ ആ നാട്ടിലെ പുരൊഹിതന്റെ ഏഴു പു
ത്രിമാർ വന്നു ആടുകൾക്കു വെള്ളം കൊരി തൊട്ടികളെ നിറെച്ചാറെ വെറെ ഇട
യന്മാർ വന്നു അവരെ തെറ്റിച്ചു ഓടിച്ചതു കണ്ടു മൊശെ അവരെ രക്ഷിച്ചു
ആടുകളെ വെള്ളം കുടിപ്പിക്കയും ചെയ്തു -- പിന്നെ കന്യകമാരുടെ അപ്പനായ

ഇത്രൊ ഈ അവസ്ഥകളെ കെട്ടപ്പൊൾ അവനെ വരുത്തി വീട്ടിൽ പാൎപ്പിച്ചു പു-
ത്രികളിൽ സിപ്പൊറയെ ഭാൎയ്യയാക്കി കൊടുത്തു ആട്ടിൻകൂട്ടങ്ങളെ ഒക്കെയും
വിചാരിക്കയും ചെയ്തു—

൨൭. മൊശെ ഫറവൊ എന്ന രാജാവിന്റെ മുമ്പാകെ നിന്നത്

മൊശെ ൪൦ വൎഷം മിദ്യാനിൽ പാൎത്തതിന്റെ ശെഷം ആട്ടിൻകൂട്ടത്തെ
ഹൊറെബ് മലക്കരികെ താഴ്വരയിൽ ആക്കി മെച്ചുകൊണ്ടിരുന്നപ്പൊൾ ക-
ത്തിക്കൊണ്ടിരുന്നിട്ടും വെന്തു പൊകാതിരിക്കുന്നൊരു മുൾപടൎപ്പു കണ്ടു അ-
തിശയിച്ചു അടുത്തു ചെന്നാറെ അതിൽനിന്നു ദൈവം മൊശെ മൊശെ
എന്നു വിളിക്കുന്നതിനെ കെട്ടു ഞാൻ ഇവിടെ തന്നെ എന്നു മൊ-
ശ പറഞ്ഞപ്പൊൾ ദൈവം അടുത്തു വരാതെ ചെരിപ്പുകളെ അഴിച്ചു
കാല്ക്കൽ നില്ക്കുന്ന സ്ഥലം ശുദ്ധഭൂമിയല്ലൊ എന്നു കല്പിച്ചു ഉടനെ മൊശെ
ചെരിപ്പുകളെ അഴിച്ചശെഷം ഞാൻ നിന്റെ പിതാവിന്റെ ദൈവം
ആകുന്നു— അബ്രഹാം ഇസ്സഹാക്ക യാക്കൊബ എന്നവരുടെ ദൈവം
തന്നെ എന്നരുളിച്ചെയ്കപ്പൊൾ മൊശെ ഭയപ്പെട്ടു മുഖത്തെ മറെച്ചു
പിന്നെ യഹൊവ മിസ്രയിലുള്ള എന്റെ ജനത്തിന്റെ പീഡനങ്ങൾക്കാ-
യുള്ള നിലവിളിയെയും കെട്ടു അവരെ മിസ്രക്കാരുടെ കൈയിൽനിന്നു
വിടുവിച്ചു പാലും തെനും ഒഴുകുന്നൊരു ദെശത്തിൽ ആക്കുവാൻ ഞാൻ ഇറങ്ങി വ-
ന്നിരിക്കുന്നു ഇപ്പൊൾ നീ എൻ ജനത്തെ മിസ്രയിൽനിന്നു പുറപ്പെടുവി-
ക്കെണ്ടതിന്നു ഞാൻ നിന്നെ രാജസന്നിധിയിൽ അയക്കാം എന്നു കല്പിച്ചാ-
റെ മൊശെ രാജാവിനെ ചെന്നു കണ്ടു ഇസ്രയെല്യരെ കൂട്ടിക്കൊണ്ടു വരു-
വാൻ ഞാൻ പ്രാപ്തനൊ എന്നു അണെച്ചപ്പൊൾ ഞാൻ നിന്നൊടു കൂടെ ഇ-
രിക്കുമല്ലൊ എന്നത് കെട്ടിട്ടു മൊശെ പറഞ്ഞു അവർ എന്നെ വിശ്വസി-
ക്കാതെ യഹൊവ നിനക്കു പ്രത്യക്ഷനായില്ല എന്നു പറയും— എന്നതി-
ന്നു യഹൊവ കൂടെ അത്ഭുതങ്ങളാൽ കൈക്കലുള്ള ദണ്ഡിനെ നിലത്തി-
ട്ടു സൎപ്പമാക്കി ഭയപ്പെടുത്തികൊണ്ടു വെച്ചു— പിന്നെ കല്പനപ്രകാരം അതിനെ

ന്റെ വാൽ പിടിച്ചപ്പോൾ ദണ്ഡായിത്തന്നെ തീൎന്നതിന്റെ ശേഷം കൈ
കമാറിലിടുക എന്ന വാക്കിൻപ്രകാരം ചെയ്തു എടുത്തു നോക്കിയപ്പോൾ കൈ
വെളുത്ത രോഗമായിക്കണ്ടു - പിന്നെയും മാറിൽ ഇടേണം എന്നു കേട്ടനുസരി
ച്ചപ്പോൾ പൂൎവസ്ഥമായിതീൎന്നു - ഈ രണ്ടടയാളങ്ങളെ വിശ്വസിക്കാഞ്ഞാ
ൽ നീ നദിയിലെ വെള്ളം കോരി കരമേൽ ഒഴിക്കേണം എന്നാൽ രക്ത
മായി ചമയും എന്നു യഹോവ കല്പിക്കയും ചെയ്തു—
പിന്നെ മോശെ എൻ കൎത്താവെ ഞാൻ വാചാലനല്ല തടിച്ച വായും നാ
വുമുള്ളവനത്രെ - എന്നു പറഞ്ഞപ്പോൾ യഹോവ മനുഷ്യന്നു വായി
നെ ചമച്ചതാർ ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുട
നെയും ഉണ്ടാക്കുന്നവൻ ആർ ഞാൻ അല്ലയൊ - ഇപ്പോൾ നീ പോക വാ
യെ തുറന്നിട്ടു ഞാൻ ഉപദേശിക്കും പറയേണ്ടുന്നതാകും ഇനിക്കും നി
ന്റെ ജ്യേഷ്ഠനായ അഹരോൻ തന്നെ എതിരേല്പാൻ പുറപ്പെട്ടു വരു
ന്നു അവൻ നിന്റെക്ക ഉപകാരമായി സംസാരിക്കയും ചെയ്യും എന്നു ക
ല്പിച്ചു—
അനന്തരം മോശെ അഹരോനോടു കൂടി മിസ്രയീമിൽ പോയി ഇസ്രയേല്യ
ക്കടെ മൂപ്പന്മാരെ വരുത്തി ദൈവവചനങ്ങളെ ഒക്കെയും അറിയിച്ചശേഷം
രാജാവെ ചെന്നു കണ്ടു വനത്തിൽ വെച്ചു ഉത്സവം കഴിക്കേണ്ടതി
ന്നു എൻ ജനത്തെ വിട്ടയക്കേണം എന്നു ഇസ്രയേൽ ദൈവമാകുന്ന യഹോ
വയുടെ കല്പന എന്നു അറിയിച്ചപ്പോൾ ഞാൻ അനുസരിക്കേണ്ടുന്ന യഹോ
വ ആർ ഞാൻ യഹോവയെ അറിയുന്നില്ല ഇസ്രയേല്യരെ വിട്ടയക്കയുമില്ല
എന്നു പറഞ്ഞയച്ചു - അതല്ലാതെ പണിയിപ്പുകാരെ വരുത്തി അവരാൽ ഇനങ്ങ
ൾ മക്കൾ ആർ എത്ര കൊണ്ടുവെച്ചാലും അധികം എടുപ്പിക്കേണം മുമ്പെത്തെ ക
ണക്കപ്രകാരം ഇഷ്ടികകൾ ഉണ്ടാക്കിച്ചു ഇനിമേൽ പടെണ്ടതിന്നു വൈ
ക്കോൽ കൊടുക്കരുത് അവർ തന്നെ അതിനെ കൊണ്ടുവരട്ടെ എന്നു ക
ല്പിച്ചശേഷം മോശെ ദൈവം തങ്ങളെ അയച്ചു എന്നറിയിപ്പാനായി
ദണ്ഡു കൊണ്ടുള്ള അതിശയങ്ങളെ ഒക്കയും കാണിച്ചു എങ്കിലും മിസ്രമന്ത്രവാദി

യും ആ പ്രകാരം കാണിച്ചപ്പോൾ രാജാവ് അതിനെ കൂട്ടാക്കാതെ
ഇരുന്നു—

അവൻ ദിവ്യകല്പന പ്രമാണിക്കാതെ കഠിനമനസ്സുള്ളവനായി തീർന്നാറെ
ദൈവം അവരുടെ മെലൊക്കെ ഭയങ്കര ബാധകളെ അയച്ചു—മൊ
ശെ കല്പന പ്രകാരം ദണ്ഡുകൊണ്ട് നീലനദിയിലെ വെള്ളങ്ങളിന്മെൽ അടി
ച്ചപ്പോൾ വെള്ളം രക്തമായി ചമഞ്ഞു മത്സ്യങ്ങളും ചത്തുപോയി—വെള്ളം
കുടിപ്പാൻ കഴിയായ്കകൊണ്ടു മിസ്രക്കാർ ഒരൊ കുഴി കുഴിച്ചുണ്ടാക്കി തീ
ണ്ണീർ കോരി കുടിക്കേണ്ടി വന്നു—

പിന്നെയും അഹറൊൻ ആജ്ഞപ്രകാരം ദണ്ഡിനെ നീട്ടിയാറെ കുളങ്ങളിൽ
നിന്നു തവളകൾ കരെറി മിസ്രയിൽ എങ്ങും നിറഞ്ഞു എല്ലാ ഭവനങ്ങളിലും
ശയ്യാസ്ഥലങ്ങളിലും കിടക്കമുറികളിലും തലയണവരെയും വ്യാപിച്ചപ്പോൾ രാജാവ്
യഹൊവയൊടു അപെക്ഷിക്കെണം അവൻ ഈ ബാധയെ നീക്കിയാൽ ജനത്തെ
സമ്മതിപ്പിടാം എന്നു മൊശയെ മുട്ടിച്ചു അവൻ പ്രാർത്ഥിച്ചിട്ടു തവളകൾ
ഒക്കയും മരിച്ചു ആശ്വാസം വന്നാറെ രാജാവ് പിന്നെയും ഹൃദയം കഠിനമാക്കി
ഇസ്രയെല്യരെ വിട്ടയക്കാതെ ഇരുന്നു—

അതിന്റെ ശെഷം അഹറൊൻ ദണ്ഡു നീട്ടി ദെശത്തിലെ മൺപൊടി അടി
ച്ചു മനുഷ്യരെയും ജന്തുക്കളെയും ബാധിക്കെണ്ടതിന്നു പെൻകൂട്ടമാക്കി തീർത്തു
മന്ത്രവാദികൾ അപ്രകാരം ഉണ്ടാക്കുവാൻ കഴിയാഞ്ഞപ്പോൾ ഇതു ദൈവ
ത്തിന്റെ വിരൽ എന്നു പറഞ്ഞു എങ്കിലും രാജാവിൻ മനസ്സിന്നു ഇളക്കം
വന്നില്ല—

അനന്തരം യഹൊവ പൊന്തുകളെ അയച്ചു രാജാവെയും ജനങ്ങളെയും
വളരെ വിഷമിപ്പിച്ചു—ആ ബാധയും നിഷ്ഫലമായപ്പോൾ ദെശത്തിലെ എ
ല്ലാ മൃഗക്കൂട്ടങ്ങളിലും ഒരു മഹാവ്യാധി പിടിപ്പിച്ചു അതിനാൽ കുതിര കഴുത ഒ
ട്ടകങ്ങളും ആടു മാട്ടുകളും വളരെ മരിച്ചു എന്നിട്ടും രാജാവ് കഠിനഹൃദയനാ
യിരുന്നു പാർത്തു—

പിന്നെയും മൊശെ ചൂളയിലെ ചാരം അള്ളി വാരി രാജാവിൻ മുമ്പാ

ഒക്കെ മെലെപ്പൊട്ടിച്ചാടിയനെരം മനുഷ്യരിലും മൃഗങ്ങളിലും വ്രണങ്ങളുണ്ടാക്കുന്ന
പരുക്കൾ ഉണ്ടായിച്ചു- ഇത്രശിക്ഷകൾ പാരം എറ്റിട്ടും രാജാവിന്റെ മനസ്സിന്നു
പാകം ഭവിച്ചില്ല-

അതിന്റെശെഷം മൊശെ ദണ്ഡിനെ ആകാശത്തെക്കു നീട്ടിയാറെ ഇടി
മുഴക്കവും മിന്നൽപിണരും കല്മഴയും ഭയങ്കരമായി പെയ്തുണ്ടായി വയലിലു
ള്ള സസ്യങ്ങളെയും മരങ്ങളെയും തകർത്തുകളഞ്ഞു മൃഗങ്ങളെയും മനുഷ്യരെ
യും കൊന്നു- അപ്പൊൾ രാജാവ് മൊശെയെയും അഹരൊനെയും വരുത്തി
ഞാൻ പാപം ചെയ്തു ഇടിയും കല്മഴയും തീർന്നെങ്കിൽ നിങ്ങളെ പൊവാനൊട്ടും
വെക്കയില്ലെന്നു പറഞ്ഞു മൊശെ പുറത്തു ചെന്നു കൈകൾ മെല്പട്ടു വിരിച്ചു പ്രാർത്ഥി
ച്ചു ഇടിയും മഴയും നിന്നു എന്നാൽ രാജാവ് കൽപ്പന പ്രകാരം ചെയ്യാതെ മു
മ്പത്തെ പ്രകാരം തന്നെ ഇരുന്നു-

അനന്തരം യഹൊവ കിഴക്കൻ കാറ്റിനെ അടിപ്പിച്ചു വെട്ടുക്കിളികളെ വരുത്തി
അവ മിസ്രയിമിൽ എല്ലാടവും വ്യാപിച്ചു പച്ചയായതൊക്കെയും തിന്നുകളഞ്ഞ
പ്പൊൾ രാജാവ് അവരെ വിളിച്ചു ക്ഷമിക്കെണം എന്നപെക്ഷിച്ചാറെ മൊശെ
പ്രാർത്ഥിച്ചിട്ടു യഹൊവ പടിഞ്ഞാറെ കാറ്റിനെ അടിപ്പിച്ചു വെട്ടുക്കിളികളെ
ചെങ്കടലിൽ എറിഞ്ഞുകളഞ്ഞു- രാജാവ് ഈ അത്ഭുതക്രിയകളെയും
കണ്ടിട്ടു ഇസ്രയെല്യരെ വിട്ടയച്ചില്ല-

പിന്നെയും മൊശെ കൈ നീട്ടിയാറെ യഹൊവ കൂരിരുട്ടുണ്ടാക്കി മൂന്നു
ദിവസം വരെക്കും മനുഷ്യർ തമ്മിൽ തമ്മിൽ കാണാതെയും ആരെയും സഞ്ച
രിക്കാതെയും ആക്കിവെച്ചു- ഇസ്രയെല്യർ പാർക്കുന്ന ഗൊശെൻ ദെശത്തി
ൽ മാത്രം പ്രകാശം ആക്കി- ഈ ബാധയും ഭയങ്കരമായി തൊന്നീട്ടും രാജാ
വ് അടങ്ങാതെ മൊശെയൊടു നീ എന്റെ മുഖം ഇനി കാണരുത് കണ്ടാ
ൽ നീ മരിക്കും എന്നു കല്പിക്കയും ചെയ്തു-

## ൧൯. ഇസ്രയെല്യർ മിസ്രയിമിൽനിന്നു പുറപ്പെട്ടത്

രാജാവിന്നു ഹൃദയകാഠിന്യം തികഞ്ഞു വന്നപ്പൊൾ യഹൊവ മൊശെയൊടു
ഞാൻ ഇനിയും ഒരു ബാധ വരുത്തും അപ്പൊൾ ഫറവൊൻ നിങ്ങളെ വിട്ടയക്കും

നിശ്ചയം — അൎദ്ധരാത്രിയിൽ തന്നെ ഞാൻ മിസ്രയിൽ കൂടി പൊകും രാജാസനമ
രൻ മുതൽ ദാസീപുത്രൻ വരെയുംഉള്ള കുട്ടികളെല്ലാവരും മൃഗങ്ങളിലെ കടിഞ്ഞൂലു
കളെയും മരിക്കും — അതുകൊണ്ടു ഇസ്രയെല്യർ യാത്രെക്കായി ഒരുങ്ങിയിരുന്നു
ഒരൊ വീട്ടുകാർ ഒരൊ ആട്ടിൻകുട്ടിയെ കൊന്നു ബാധ അവരിൽ വരാതിരി
ക്കെണ്ടതിന്നു രക്തം എടുത്തു ഒരൊ വീട്ടിലെ കട്ടിളക്കാലുകളിലും മെല്പടിയി
ലും തെക്കെണം മാംസം വറുത്തു അരകെട്ടുകളൊടും ചെരിപ്പുകളും വടികളും ധരിച്ചുംകൊ
ണ്ടു പെസഹാ ഭക്ഷണം കഴിക്കെണം എന്നു കല്പിച്ചു —
നിശ്ചയിച്ചിട്ടുള്ള സമയം വന്നു ഇസ്രയെല്യർ പ്രയാണത്തിന്നായി ഒരുങ്ങിനിന്ന
മ്പൊൾ അൎദ്ധരാത്രിയിൽ യഹൊവ രാജാവിന്റെ പ്രഥമപുത്രൻ മുതൽ ദാ
സപുത്രൻ വരെയുള്ള കടിഞ്ഞൂൽ സന്തതികളെ ഒക്കയും കൊന്നു — മിസ്രയി
ൽ എല്ലാടവും മഹാ നിലവിളിയും കരച്ചലും ഉണ്ടായപ്പൊൾ രാജാവ് മൊശ
യെയും അഹരൊനെയും വരുത്തി നിങ്ങളും ജനങ്ങളും ആടുമാടുകളൊടുംകൂട
പുറപ്പെട്ടു പൊകുവിൻ എന്നു കല്പിച്ചു — മിസ്രക്കാരും തങ്ങൾ എല്ലാവരും മ
രിക്കുന്നു വെഗം പൊകുവിൻ എന്നു അവരെ നിൎബ്ബന്ധിച്ചയച്ചു — ഇ
സ്രയെല്യർ പുളിക്കാത്ത കുഴച്ച മാവിനെ ശീലകളിൽ കെട്ടി ദൈവകല്പ
നപ്രകാരം മിസ്രക്കാരൊടു പൊൻ വെള്ളി ആഭരണങ്ങളെയും വസ്ത്രങ്ങളെ
യും ചൊദിച്ചു വാങ്ങി അടിമദെശത്തെ വിട്ടു കാൽനടയായി പുറപ്പെട്ടു പൊ
യി പൊകെണ്ടുന്ന വഴിയിൽ തെറ്റാതെ രാപ്പകൽ സഞ്ചരിക്കെണ്ടതിന്നു
യഹൊവ പകൽ മെഘത്തൂണിലും രാത്രിയിൽ അഗ്നിത്തൂണിലും വിളങ്ങി
അവൎക്കു മുമ്പായിട്ടു നടക്കയും ചെയ്തു —
അവർ ഒരുദിവസത്തെ വഴി പൊയ ശെഷം രാജാവിന്റെ മനസ്സു ഭെദിച്ചു
അടിമകളെ വിട്ടയച്ചത് എന്തിന്നു എന്നു ചൊല്ലി അവരുടെ വഴിയെ ചെ
ല്ലുവാൻ തന്റെ സൈന്യത്തെ നിയൊഗിച്ചു ആ സൈന്യം തെർ കുതിരകളൊടുംകൂട
പിന്തുടൎന്നു ചെങ്കടൽ പുറത്തു ഇസ്രയെല്യർ പാളയത്തിൽ എത്തി — ഇസ്രയെല്യ
ർ അവരെ കണ്ടു വളരെ ഭയപ്പെട്ടു നിലവിളിച്ചു മൊശയൊടു പിറുപിറുത്തപ്പൊൾ
മിണ്ടാതെ നില്പിൻ യഹൊവ ചെയ്യുന്ന രക്ഷയെ നൊക്കിക്കൊൾവിൻ എന്നു മൊ

ശെ പറഞ്ഞു ആശ്വസിപ്പിച്ച ശെഷം യഹൊവ അവനൊടു കല്പിച്ചിതു എ
ന്നൊടു നിലവിളിക്കുന്നതു എന്തു നെരെ നടക്കെണം എന്നു ഇസ്രയെല്യരൊടു പറഞ്ഞു
ദണ്ഡു കൊണ്ടു സമുദ്രത്തെ വിഭാഗിക്ക എന്നാൽ അവർ അതിന്നടുവിൽക്കൂ
ടി കടന്നു പൊകുമാറാകും ഞാൻ രാജാവിലും അവന്റെ തെർകുതിരക
ളിലും എന്റെ വൈഭവം കാണിക്കുമ്പൊൾ ഞാൻ യഹൊവ ആകുന്നു എ
ന്നു മിസ്രക്കാർ അറിയെണ്ടിവരും എന്നു അരുളിച്ചെയ്ത ശെഷം ദൈവദൂ
തൻ ഇസ്രയെല്യരുടെ മുമ്പിട്ട രണ്ടു സൈന്യങ്ങളുടെ നടുവിൽ വന്നു ഇസ്ര
യെല്യൎക്ക വെളിച്ചവും മറ്റെവൎക്ക ഇരുട്ടും ആയി നിന്നു കൊണ്ടിരുന്നു - യ
ഹൊവ ആ രാത്രി മുഴുവനും കിഴക്ക കാറ്റിനെ അടിപ്പിച്ചു വെള്ളത്തെ രണ്ടു
ഭാഗത്തും ഉയൎത്തിയപ്പൊൾ ഇസ്രയെല്യർ അതിന്നടുവിൽക്കൂടി കടന്നു കരെ
കെറിയതു മിസ്രക്കാരും പിന്തുടൎന്നു പുലർകാലത്തു യഹൊവ മെഘത്തൂണിൽ നി
ന്നു അവരുടെ സൈന്യത്തെ നൊക്കി അവൎക്ക ഭയവും കലക്കവും വരുത്തിയാറെ
അവർ നാം ഓടിപ്പൊക യഹൊവ ഇസ്രയെല്യൎക്ക വെണ്ടി യുദ്ധം ചെയ്യുന്നു എ
ന്നു നിലവിളിച്ചു പറഞ്ഞു ഉടനെ മൊശെ ദെവകല്പന പ്രകാരം കടലിന്മെൽ കൈ
കനീട്ടി വെള്ളവും തിരിച്ചു വന്നു മിസ്രക്കാർ അതിന്റെ നെരെ ഓടിയെങ്കിലും ശെ
ഷിക്കാതെ എല്ലാവരും വെള്ളത്തിൽ മുങ്ങിപ്പൊകയും ചെയ്തു —

൧൩. മരുഭൂമിയിലെ സഞ്ചാരം

ഇസ്രയെല്യർ ചെങ്കടൽ വിട്ട വെള്ളവും സസ്യാദികളും ഇല്ലാത്ത ഭൂമിയിൽക്കൂ
ടി മൂന്നു ദിവസം നടന്നു മാറ എന്ന സ്ഥലത്തെത്തിയാറെ വെള്ളം കണ്ടു എങ്കിലും കൈപ്പുര
സം കൊണ്ടു കുടിപ്പാൻ കഴിയാഞ്ഞപ്പൊൾ ജനങ്ങൾ എന്തു കുടിക്കെണ്ടു എ
ന്നു മൊശെയൊടു വെറുത്തു പറഞ്ഞ സമയം അവൻ പ്രാൎത്ഥിച്ചു യഹൊവ കാ
ണിച്ച മരത്തെ വെള്ളത്തിൽ ഇട്ടപ്പൊൾ വെള്ളം മധുരമായി വന്നു - ഞാൻ അ
ല്ലൊ നിന്റെ ചികിത്സകനാകുന്നു എന്നു യഹൊവ ജനത്തൊടു കല്പിക്ക
യും ചെയ്തു —

അതിന്റെ ശെഷം ഇറച്ചിയും അപ്പവും ഇല്ലായ്കയാൽ അവർ പിറുപിറുത്താ
റെ യഹൊവ കാടപ്പക്ഷികളെ വലിയ കൂട്ടത്തൊടെ വരുത്തിയതു അല്ലാതെ അ

വർഷിച്ചതിന്റെ ദിവസം രാവിലെ ഉറച്ച മഞ്ഞ പൊടി പൊലെ ഒരു സാധനത്തി
നെ കണ്ടപ്പൊൾ അറിയാഞ്ഞു- ഇത് എന്ത് എന്നർത്ഥമുള്ള മാൻഹാ എന്നതി
ൻ തർജ്ജിമയിൽ പറഞ്ഞാറെ ഇത യഹോവ ആകാശത്തിൽ നിന്ന ഭക്ഷിപ്പാൻ തന്നി
രിക്കുന്ന അപ്പമാകുന്നു എന്ന മൊശെ അറിയിച്ചു- വെള്ളം കിട്ടായ്ക സമയം
നിങ്ങളെ ദാഹത്താൽ നശിപ്പിപ്പാൻ എന്തിന കൂട്ടികൊണ്ടു വന്നു എന്ന വി
രസപ്പെട്ടു പറഞ്ഞപ്പൊൾ മൊശെ യഹോവയൊടു നിലവിളിച്ചു കല്പന പ്രകാ
രം ദണ്ഡു കൊണ്ടു ഒരു പാറമെൽ അടിച്ചാറെ വെള്ളം വന്നു ജനങ്ങൾക്ക ത
ൃപ്തിയും ചെയ്തു-

അങ്ങിനെ സഞ്ചരിക്കുന്ന സമയത്ത ശത്രുക്കളായ അമലെക്യർ വന്നു യു
ദ്ധം തുടങ്ങി പലരെയും കൊന്നപ്പൊൾ യൊശുവ സൈന്യത്തൊടു കൂട അവരു
ടെ നെരെ പൊരുതു- മൊശെ കുന്നിൻ മുകളിൽ കരെറി പ്രാർത്ഥിച്ചു- കൈ പൊ
ക്കി ഇരിക്കുമ്പൊൾ ഇസ്രയെല്യക്കാർക്കു ജയം വർദ്ധിച്ചു- കൈ താഴ്ത്തിയപ്പൊ
ൾ ശത്രു പ്രബലപ്പെട്ടു- കൈ തളർന്നു താഴ്ത്തിയാറെ അഹറൊനും ഹൂരും ഇരുപുറ
വും നിന്നു മൊശയുടെ കൈകളെ താങ്ങി- അപ്രകാരം അമലെക്യർ തൊ
റ്റുപൊകയും ചെയ്തു—

## ൧൯. ന്യായപ്രമാണം

അവർ മൂന്നാം മാസത്തിൽ സീനായി മലയുടെ താഴ്വരയിൽ എത്തി അവിടെ
ഒരു വർഷത്തൊളം പാർത്തു- ആ വർഷത്തിന്നകം അവരുടെ ആചാരങ്ങളൊ
ക്കെയും ഒരു ക്രമവും സ്ഥിരതയും വന്നു- മൊശെ ദൈവകല്പന പ്രകാരം അവരെ
ഗോത്രങ്ങളായും വംശങ്ങളായും വിഭാഗിച്ചു- കാര്യങ്ങളെ നടത്തെണ്ടതിന്ന
മെധാവികളെയും അധിപന്മാരെയും മൂപ്പന്മാരെയും നിശ്ചയിച്ചു ജനങ്ങളെ
ശിക്ഷാരക്ഷ ചെയ്വാൻ തക്കവർ ന്യായാസനത്തിൽ ഇരുന്നു വന്നു ക
ണ്ടു- ദൈവം അവിടെ വെച്ചു തന്നെ അവർക്ക ന്യായപ്രമാണത്തെ അറിയിച്ചു
രാജ്യവ്യവസ്ഥയെയും ഗോത്രമൎയ്യാദകളെയും നിയമിച്ചു ഇപ്രകാരം അവ
ർ ദൈവത്തിന്റെ ജനമായി ഭവിച്ചു- അവർ മലയുടെ താഴ്വരയിൽ ഇറങ്ങി
പാർത്തു മൊശെ മലമുകളിൽ കയറിയപ്പൊൾ അവനൊടു യഹോവ ഉണ്ടായ ജനങ്ങൾ

ശുദ്ധിയെ കല്പിച്ചു മൂന്നാം ദിവസത്തിന്നായി ഒരുങ്ങുമാറാക്കുക മലെക്കു ചുററും
ഒരു അതിരിനെ നിശ്ചയിച്ചു ജനം അതിനെ അതിക്രമിക്കാതാക്കുക അതിക്ര
മിച്ചാൽ മരിക്കും നിശ്ചയം എന്നു കല്പിച്ചു മൊശെ അപ്രകാരം നടത്തി-
മൂന്നാം ദിവസം പുലരുമ്പൊൾ മിന്നലുകളും ഇടിമുഴക്കവും കനത്ത മഴക്കാറും
മഹാ കാഹളശബ്ദവും പൎവ്വതത്തിന്മെൽ ഉണ്ടാകയാൽ താഴെ നില്ക്കുന്ന
ജനം നടുങ്ങി- പൎവ്വതം അഗ്നിയും പുകയും ചെൎന്നു കാഹളശബ്ദവും എററവും
വൎദ്ധിച്ചാറെ മൊശെ മുകളിൽ കരെറി ദൈവസന്നിധിയിങ്കൽ നിന്നു- അപ്പൊ
ൾ യഹൊവ അരുളിച്ചെയ്തതെന്തെന്നാൽ-
അടിമവീടായ മിസ്രദെശത്തിൽ നിന്നു നിന്നെ കൊണ്ടുവന്നവനായ യഹൊ
വയായ ഞാൻ നിന്റെ ദൈവം ആകുന്നു- ഞാൻ അല്ലാതെ അന്യദൈ
വങ്ങൾ നിനക്കുണ്ടാകരുത്- നിനക്കൊരു വിഗ്രഹത്തെയും യാതൊരു പ്രതി
മയെയും ഉണ്ടാക്കരുത്- അവററെ കുമ്പിടുകയും സെവിക്കയും അരുത്- നിന്റെ
ദൈവമായ യഹൊവയുടെ നാമം വൃഥാ എടുക്കരുത് - സ്വസ്ഥനാളിനെ ശുദ്ധി
കരിപ്പാൻ ഓൎക്ക ആറു ദിവസം നീ അദ്ധ്വാനപ്പെട്ടു നിന്റെ വെലകൾ ഒക്കയും ചെ
യ്ക ഏഴാം ദിവസം നിന്റെ ദൈവമായ യഹൊവയുടെ സ്വസ്ഥതയാകുന്നു
അതിൽ നീ ഒരു വെലയും ചെയ്യരുത്- നിന്റെ മാതാപിതാക്കന്മാരെ ബഹു
മാനിക്ക- നീ കുല ചെയ്യരുത്- നീ വ്യഭിചാരം ചെയ്യരുത്- നീ മൊഷ്ടിക്ക
രുത്- നിന്റെ കൂട്ടക്കാരന്റെ നെരെ കള്ളസാക്ഷി പറയരുത്- നി
ന്റെ കൂട്ടക്കാരന്നുള്ളത് യാതൊന്നിനെയും മൊഹിക്കരുത് —
ജനങ്ങൾ കാഹളധ്വനിയും ഇടിമുഴക്കവും കെട്ടു മിന്നലും പുകയും കണ്ട
പ്പൊൾ ഞെട്ടി നിന്നു മൊശയൊടു നീ ഞങ്ങളൊടു പറക- ഞങ്ങൾ മരിക്കാ
തിരിക്കെണ്ടതിന്നു ദൈവം ഞങ്ങളൊടു സംസാരിക്കരുത് ദൈവം നി
ന്നൊടു കല്പിക്കുന്നതൊക്കെയും ഞങ്ങൾ കെട്ടനുസരിക്കും എന്നു പറഞ്ഞപ്പൊ
ൾ യഹൊവ മൊശയൊടു അവൎക്കും മക്കൾക്കും ഗുണം ഭവിക്കെണ്ടതിന്നു അവ
ർ എന്നെ ഭയപ്പെട്ടു എൻ കല്പനകളൊക്കെയും പ്രമാണിപ്പാൻ തക്ക ഹൃദയം ഉ
ണ്ടായാൽ കൊള്ളായിരുന്നു എന്നു കല്പിച്ചു- മൊശെ മലമുകളിലെ മെഘ

ത്തിൽ ൪൦ രാപ്പകൽ പാർത്തു യഹോവ സകല വചനങ്ങളെയും പറഞ്ഞതി
ന്റെ ശെഷം തിരുവിരൽ കൊണ്ടു സാക്ഷ്യത്തിന്നാധാരമായി എഴുതിയ ര
ണ്ടു കല്പലകകളെ മോശെക്കു കൊടുക്കയും ചെയ്തു—
മോശെ അവറ്റെ എടുത്തു മലയിൽനിന്നു ഇറങ്ങി പാളയത്തിൽ എത്തിയാ
റത്തെ ജ്യോകാഷ്ടം ജനം ഒരു കാളക്കുട്ടിയുടെ സ്വരൂപം തീർത്തതിനെ പ്ര
ദക്ഷിണം വെച്ചും നൃത്തം ചെയ്തും പാടിക്കൊണ്ടും വണങ്ങുന്നതിനെ കണ്ടിട്ടു
ക്രുദ്ധിച്ചു കല്പലകകളെ ചാടി പൊട്ടിച്ചു— അഹരോനൊടു നീ ഈ ജനത്തി
ന്മേൽ ഇത്ര വലിയ പാപത്തെ വരുത്തുവാൻ തക്കവണ്ണം അവർ നിന്നോടു എന്തു ചെ
യ്തു എന്നു പറഞ്ഞപ്പോൾ അഹരോൻ എൻ കർത്താവിന്റെ കോപം ജ്വ
ലിച്ചു വരരുതെ— ഈ ജനം ദോഷത്തിൽ ഇരിക്കുന്നു എന്നു നീ അറിയു
ന്നുവല്ലൊ നീ മലമേൽ താമസിച്ചപ്പോൾ അവർ എന്നോടു ഞങ്ങളെ മി
സ്രയിൽനിന്നു പുറപ്പെടുവിച്ച മോശെക്കു എന്തു സംഭവിച്ചു എന്നറിയു
ന്നില്ല ഞങ്ങൾക്കു മുന്നടക്കേണ്ടുന്ന ദേവന്മാരെ ഉണ്ടാക്കേണം എന്നു പറഞ്ഞാ
റെ ഞാൻ സ്ത്രീകളും കുട്ടികളും മുതലായവരുടെ പൊൻകുണുക്കുകൾ എല്ലാം വാങ്ങി വാർപ്പി
ച്ചു കാളക്കുട്ടിയുടെ സ്വരൂപം തീർപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞു— പിന്നെ മോശെ
ആ വിഗ്രഹത്തെ എടുത്തു തീയിൽ ഇട്ടു ചുട്ടു പൊടിച്ചു പൊടിയെ വെള്ളത്തി
ൽ വിതറി ഇസ്രയേല്യരെ കുടിപ്പിച്ചതിന്റെ ശെഷം അവൻ മലമുക
ളിൽ കരെറി യഹോവയൊടു അയ്യൊ ദൈവമെ ഈ ജനം മഹാപാപം
ചെയ്തു തങ്ങൾക്കു പൊന്നുകൊണ്ടു ഒരു ദേവനെ ഉണ്ടാക്കി ഇരിക്കുന്നു— ഇപ്പൊ
ൾ അവരുടെ പാപത്തെ ക്ഷമിച്ചുകൊണ്ടാലും അല്ലാഞ്ഞാൽ നീ എഴുതി
യ പുസ്തകത്തിൽനിന്നു എന്നെ മാച്ചുകളയെണമെ എന്നു പ്രാർത്ഥിച്ചാറെ
യഹോവ നീ പൊയി ഞാൻ കല്പിച്ചിട്ടുള്ള സ്ഥലത്തെക്കു ജനത്തെ നട
ത്തുക എന്റെ ദൂതൻ നിന്റെ മുമ്പിൽ നടക്കും— ഞാൻ സന്ദർശിക്കുന്ന സമയത്ത
ഞാൻ അവരുടെ പാപത്തെ വിചാരിക്കും എന്നു പറഞ്ഞ ശെഷം മോശെ
ഇറങ്ങി കല്പിച്ച പ്രകാരം മുമ്പെ പോലെ രണ്ടു കല്പലകകളെ ചെത്തി എടുത്തു
പിറ്റെ ദിവസം രാവിലെ പിന്നെയും മലമേൽ കരെറി ൪൦ രാപ്പകൽ

ദൈവസന്നിധിയിൽ പാൎത്തു യഹോവാ നിയമത്തിന്റെ ൨ [illegible]
ഉള്ള പലകകളിന്മേൽ എഴുതികൊടുക്കയും ചെയ്തു—

(൫)· രാജ്യമൎയ്യാദകളും മതാചാരങ്ങളും

മുൻപറഞ്ഞ പത്തുവാക്യങ്ങളല്ലാതെ ദൈവം നാട്ടുമൎയ്യാദകളെയും മ
താചാരങ്ങളെയും സങ്കല്പിച്ചു- ഇന്നഭക്ഷണം അശുദ്ധം എന്നുവെച്ചു
അതിനെ തിന്മാൻ വിരൊധിച്ചു- വിവാഹം അവകാശം ക്രിയ മുതലായ
വററിന്നു ഒരൊ വെപ്പുകളെ നിശ്ചയിച്ചു- കളവു കുല തുടങ്ങിയുള്ള അപ
രാധങ്ങൾക്കു അതാതു ശിക്ഷകളെ കല്പിച്ചു- യുദ്ധം ചെയ്യുന്നവർ മാതാപി
താക്കന്മാർ വിധവമാർ അനാഥർ ദരിദ്രർ കൂടെ ഉള്ള മറദാസർ എന്നി
വൎക്കും വെവ്വെറെ ചട്ടങ്ങളെ നിയമിച്ചു- പക്ഷിക്കൂട്ടുകളെയും ഫലവൃക്ഷങ്ങ
ളെയും പണിക്കാരെയും കുറിച്ചും ഒരൊന്നു നിശ്ചയിച്ചു- ഇവറ്റാക്ക
ളിൽ ചിലതാവിത്- മതിക്കുന്നവരുടെ വാക്കിനെ കെട്ടരുത്- ഫലവൃക്ഷ
ങ്ങളെ നഷ്ടമാക്കരുത്- പക്ഷിക്കൂട്ടു കിട്ടിയാൽ കുട്ടികളൊടുകൂടെ ഉള്ള തള്ള
യെ പിടിക്കാതെ വിട്ടുകളെണ്ടു- ഇപ്രകാരം ചെയ്താൽ ദീൎഘായുസ്സൊടെ
സുഖെന പാൎക്കും- ശത്രുവിന്റെ കാളയൊ കഴുതയൊ വഴിതെറ്റി
ക്കുടന്നു കിടക്കുന്നതു കണ്ടാൽ സഹായിക്കെണം- ചെകിടനെ ശപിക്ക
രുത്- നിന്റെ ദൈവത്തെ ഭയപ്പെട്ടിട്ടു കുരുടന്നു വഴിയിൽ ഒരു വിരൊ
ധം വെക്കരുത്—

മൊശയുടെ ഗൊത്രക്കാരായ ലെവ്യൎക്കു പ്രത്യെകം സ്ഥാനമാനങ്ങൾ ല
ഭിച്ചു- ദൈവകല്പനപ്രകാരം അഹരൊനും സന്തതിക്കും ആചാൎയ്യസ്ഥാ
നത്തിലാക്കി- ജനത്തിന്റെ ഉപദെഷ്ടാക്കന്മാർ വൈദ്യർ മുതലായവർ
എല്ലാവരും ലെവിഗൊത്രക്കാർ തന്നെ- മഹാചാൎയ്യവൃത്തി നടത്തെ
ണ്ടതിന്നു അഹരൊന്നു അഭിഷെകവും വിശുദ്ധവസ്ത്രങ്ങളും സാധിച്ചു
മൊശെ ദൈവാരാധനെക്കവെണ്ടി ശൊഭയുള്ള ഒരു കൂടാരത്തെ തീ
ൎത്തു- അതിലെ ഉൾമുറിയായ അതിപരിശുദ്ധസ്ഥലത്തവെച്ചിട്ടുള്ള
പൊൻപൊതിഞ്ഞ പെട്ടിയിൽ ദൈവം എഴുതിച്ച ആധാരപലകകൾ

ഉണ്ടാക്കിരുന്നു- പുറമ്പടിയായ ഒരു ദേശത്തിൽ ആചാര്യൻ ദിവസെന പൂ
ജ കഴിച്ചു പ്രാർത്ഥനയെയും കഴിച്ചുവന്നു- കൂടാരത്തിന്റെ ചുറ്റുമുള്ള പ്രാകാര
ത്തിൽ ആചാര്യർ ജനങ്ങൾ കൊണ്ടുവന്ന മൃഗങ്ങളെ അറുത്തു ബലികഴിക്ക
പ്പെട്ടു- ഈ അവസ്ഥയെ തൊട്ട ദൈവം കല്പിച്ചതിൻപ്രകാരം ആരെങ്കിലും
ദോഷബലിയെയോ ആഹാരബലിയെയോ സ്തോത്രബലിയെയോ കഴിപ്പാൻ ഭാവി
ച്ചാൽ ആയതിനെ അതാതിന്റെ നിശ്ചയിച്ച പ്രകാരത്തിലും സ്ഥലത്തിലും കഴിക്കണം-
ദിവ്യ അപരാധങ്ങൾക്കായിക്കുറ്റബലികളും പരിഹാരബലികളും നിശ്ചയിക്കപ്പെ
ട്ടുണ്ടായിരുന്നു-

വർഷന്തോറും എല്ലാ പുരുഷന്മാരും കൂടിവരേണ്ടുന്ന മൂന്നു ഉത്സവങ്ങൾ ഉണ്ടു
൧. മിസ്രയിമിൽനിന്നുള്ള പുറപ്പാടിനെ ഓർമ്മിപ്പിക്കുന്ന പെസഹാ പെരുന്നാൾ
അതിൽ ഇസ്രയേല്യർ എല്ലാവരും ആചാര്യന്മാർ എന്നപോലെ ഒരു ആ
ട്ടിൻകുട്ടിയെ ബലികഴിച്ചു രക്തം തളിച്ചു മാംസം ഭക്ഷിക്കയും പുതിയ ധാന്യ
ത്തെ കൊണ്ടുവന്ന ദൈവത്തിന്നു വഴിപാടായി വെക്കയും ചെയ്യും. ൨. സീ
നായിപർവ്വതത്തിൽനിന്നു കല്പിച്ചുകൊടുത്ത ന്യായപ്രമാണത്തെ ഓർപ്പി
ക്കുന്ന പെന്തക്കൊസ്താ പെരുന്നാൾ. അന്നു കൊയ്ത്തിന്റെ വഴിപാടി
നെ കഴിക്കുന്നതല്ലാതെ പുളിപ്പുള്ള രണ്ടു അപ്പങ്ങളെയും അർപ്പിക്കും- ൩. കൂ
ടാരനാൾ അതിൽ ജനങ്ങൾ കുരുത്തോല മുതലായ സാധനങ്ങളെകൊണ്ടു കുടി
ലുകളുണ്ടാക്കി- ഏഴു ദിവസം സഞ്ചാരികൾ എന്നപോലെ പാർത്തു ദൈവ
ത്തെ മരുഭൂമിയിൽ രക്ഷിച്ച അവകാശദേശത്തിൽ ആക്കിയതിനെ
ഓർത്തു പറമ്പുകളിൽ ഉള്ള മുന്തിരിങ്ങാ മുതലായ അനുഭവങ്ങളെ എടുത്തതി
നിനാൽ സ്തുതിച്ചു സന്തോഷിക്കയും ചെയ്യും-

൨൩. ന്യായാധിപതികളുടെ വാഴ്ചകൾ-

ഇസ്രയേല്യർ ഏകദേശം ഒരു വർഷം സീനായിമലയുടെ താഴ്വരയിൽ പാർത്തു പെ
സഹാ പെരുന്നാൾ കൊണ്ടാടിയശേഷം ഒരു ദിവസം സാക്ഷികൂടാരത്തിന്മീ
തെ ഇരുന്ന മേഘത്തൂൺ ഉയർന്നു പാലും തേനും ഒഴുകുന്ന ദേശത്തെക്ക യാത്ര
യാകുവാൻ ജനങ്ങൾ ഒരുങ്ങി സന്തോഷത്തോടെ പുറപ്പെട്ടു- മൂന്നു ദിവസം

മാത്രം സഞ്ചരിച്ചാറെ തങ്ങൾ മിസ്രയിൽ നിന്നു കൂടെ വന്ന വിനങ്ങനങ്ങൾ ഉറ
ച്ചിരുന്നതൊക്കെ ഒഴിച്ചു മുഷിച്ചലായപ്പോൾ ഇസ്രയെല്യരും സങ്കടപ്പെട്ടു കരഞ്ഞു മാം
സം എങ്ങിനെ കിട്ടും. മിസ്രയിൽ വെറുതെ ഭക്ഷിച്ചു തിന്ന മത്സ്യങ്ങളെയും വെള്ള
രിക്ക-വത്തക്ക-ഉള്ളി മുതലായവറ്റെയും ഓർക്കുന്നു ഇപ്പോൾ ഈ മന്നയല്ലാ
തെ മറ്റൊന്നും കാണ്മാനില്ല-എന്നു പിറുപിറുത്തു പറഞ്ഞു- അപ്പോൾ യഹോ
വ നിങ്ങൾ കരഞ്ഞു ആഗ്രഹിച്ച പ്രകാരം നാളെ മാംസത്തെ തരും നിങ്ങളുടെ ന
ടുവിൽ ഇരിക്കുന്ന യഹോവയെ വെറുത്തിട്ടു ഞങ്ങൾ മിസ്രയിൽനിന്നു പുറപ്പെ
ട്ടു പോന്നത് എന്തിന്നു എന്നു പറഞ്ഞതിനാൽ ഒന്നും രണ്ടും പത്തും ഇരുവതും
ദിവസം അല്ല ഒരു മാസം മുഴുവനും തന്നെ അറെപ്പുവരുവോളം മാംസത്തെ
ഭക്ഷിപ്പാറാക്കാം എന്നു കല്പിച്ചു- അതിന്നു മോശെ ആറുലക്ഷം ഭടന്മാരാ
യ ജനത്തിന്നു ഒരു മാസം മുഴുവനും ഇറച്ചിക്കുണ്ടാകുന്നതെങ്ങിനെ എന്നു
സംശയിച്ചു പറഞ്ഞപ്പോൾ യഹോവ എൻ്റെ കൈ കുറുകിപ്പോയൊ എൻ്റെ
വാക്കിൻ പ്രകാരം വരുമൊ ഇല്ലയൊ എന്നതു ഉരച്ചശേഷം കാറ്റിനെ അ
യച്ചു കടലിൽനിന്നു കാടക്കൂട്ടങ്ങളെ പാളയത്തിന്മേൽ വരുത്തി ചുറ്റും ഭൂമി
യിൽനിന്നു രണ്ടു മുഴം ഉയരത്തിൽ പറപ്പിച്ചു- ജനം രണ്ടു ദിവസം മുഴുവനും
കാടകളെ പിടിച്ചുകൂട്ടി-ഭക്ഷിച്ചു തീരും മുമ്പെ ഒരു കഠിനബാധ ഉണ്ടാക്കി ആ
റിയ ആഗ്രഹക്കാർ മരിച്ചു അവരെ അവിടെ തന്നെ കുഴിച്ചിട്ടതിനാൽ ആ സ്ഥല
ത്തിന്നു മോഹക്കുഴികൾ എന്നു പേർ വരികയും ചെയ്തു—

## ൧൯. ഒറ്റുകാർ

ഇസ്രയെല്യർ പാറാൻ വനത്തിൽ എത്തിയപ്പോൾ മോശെ ഒരോ ഗോത്രത്തിൽ
നിന്നു ഒരാളെ നിശ്ചയിച്ചു കനാൻ ദേശത്തു ചെന്നു നോക്കി ഗുണദോഷങ്ങളെ
യും മനുഷ്യവിശേഷങ്ങളെയും മറ്റും കണ്ടറിഞ്ഞിട്ടു വന്നു പറവാൻ അയച്ചു- അവ
ർ തെക്കെ അതിരിൽനിന്നു പുറപ്പെട്ടു വടക്കെ അതിരോളം സഞ്ചരിച്ചു ശോധ
ന കഴിച്ചു ഉത്തമ ഫലങ്ങളെയും അത്തിപ്പഴങ്ങളെയും തണ്ടിന്മെൽ കെട്ടിയ മുന്തിരി
ങ്ങാക്കുലകളെയും കൂടെ വഹിച്ചു ഒരു മണ്ഡലം കഴിഞ്ഞശേഷം മടങ്ങി പാളയത്തി
ൽ വന്നു വർത്തമാനം അറിയിച്ചു ഫലങ്ങളെയും കാണിച്ചു-ഞങ്ങൾ ചെന്ന ദെ

അയച്ചു ദെശത്തെ കണ്ടവർ മടങ്ങി വന്ന ആ ദെശം നല്ലത തന്നെ അതിൽ പാ
ലും തെനും ഒഴുകുന്ന വയലുകളും ഉണ്ടെങ്കിലും അതിൽ പാർക്കുന്ന ജനങ്ങൾ ബ
ലവാന്മാർ നഗരങ്ങൾക്കു വലിപ്പവും ഉറപ്പും പുറെ ഉണ്ടു അവിടെ ഉള്ളവരൊടു ഞങ്ങൾക്കു ജ
യിപ്പാൻ നെരെ നിന്നു പൊരുതു കൂടാ എന്നും മറ്റും പറഞ്ഞാറെ ജനങ്ങൾ എ
ല്ലാവരും ഭയപ്പെട്ടു അയ്യൊ മിസ്രയിൽ വെച്ചു മരിച്ചു എങ്കിൽ കൊള്ളാമായി
രുന്നു ഒരു തലവനെ ഉണ്ടാക്കി മടങ്ങി പൊക എന്നു മറ്റും തങ്ങളിൽ സം
സാരിച്ചു - ഒറ്റുകാരായ യൊശുവയും കാലെബും അപ്രകാരം അരുത ഭയം ഒ
ട്ടും വെണ്ടാ യഹൊവ തുണയായതാൽ ആ ദെശക്കാരെ ജയിപ്പാൻ കഴിയും നി
ശ്ചയം എന്നു പറഞ്ഞപ്പൊൾ ഇവരെ കല്ലെറിവിൻ എന്നു ജനസംഘം ഒക്കയും വിളി
ച്ചു പറഞ്ഞാറെ യഹൊവയുടെ തെജസ്സ കൂടാരത്തിൽ പ്രകാശിച്ചു ഈ ജനം എത്രൊടം
എന്നെ നിരസിക്കും ഞാൻ അവരുടെ ഇടയിൽ ചെയ്ത അടയാളങ്ങളെ കണ്ടിട്ടും വിശ്വസി
ക്കാതെ ഇരിക്കും - അവർ ഞാൻ കെൾക്കെ പറഞ്ഞ പ്രകാരം തന്നെ ഞാൻ അവ
രൊടു ചെയ്യും - അവർ എന്നെ പത്തുവട്ടം പരീക്ഷിച്ചതുകൊണ്ട അവർ ആരും
വാഗ്ദത്ത ദെശത്തെ കാണുകയില്ല നിശ്ചയം - കാലെബും യൊശുവയും എ
ന്നെ അനുസരിച്ചതിനാൽ ആ ദെശത്തിൽ പ്രവെശിക്കും - അതല്ലാതെ ൨൦ വ
യസ്സിന്ന മെല്പെട്ടുള്ളവർ എല്ലാവരും ഈ വനത്തിൽ തന്നെ മരിച്ചു വീഴും - കാ
വൽ പൊകും എന്നു പറഞ്ഞിട്ടുള്ള നിങ്ങടെ മക്കളെ നിങ്ങളുടെ ദൊഷം നി
മിത്തം ൪൦ സംവത്സരം മരുഭൂമിയിൽ സഞ്ചരിച്ച ശെഷം ഞാൻ കനാനി
ൽ വരുത്തി നിങ്ങൾ നിരസിച്ചതിനെ അനുഭവിക്കുമാറാക്കും - എന്നു യഹൊ
വ കല്പിച്ചു - ജനങ്ങൾ മടങ്ങി ഒരൊ സ്ഥലത്തിൽ പാർത്തു ശിക്ഷയെ അനുഭ
വിക്കയും ചെയ്തു -

## ൧൯. ഇസ്രയെല്യരുടെ പിറുപിറുപ്പ -

അവർ ദൈവത്തിന്റെ വിധിയെ കെട്ടിട്ടു മരുഭൂമിയിൽ സഞ്ചരിച്ചു
കൊണ്ട ലെവിഗൊത്രത്തിൽ കൊരഹ രൂബെനിൽ ദാതാൻ അബിരാം
ഇങ്ങിനെ മൂന്നു പ്രഭുക്കന്മാരും തലവന്മാർ ൨൫൦ പെരും ദ്രൊഹം വിചാരിച്ചു
കൂട്ടുകൂടി മൊശെ അഹരൊൻ എന്നവരൊടു നിങ്ങളുടെ വാഴ്ച ഇപ്പൊൾ

മതി സഭ എല്ലാവരും ശുദ്ധമുള്ളവർ യഹൊവ അവരിൽ ഉണ്ടല്ലൊ പിന്നെ നി
ങ്ങൾ യഹൊവയുടെ സംഘത്തിന്മെൽ ഉയൎന്നുകൊള്ളുന്നത് എന്ത എന്നു മ
ത്സരിച്ചു പറഞ്ഞപ്പൊൾ മൊശെ നിങ്ങൾ കലശങ്ങൾ ഒട്ടുന്നതൊക്കെയും പൂൎവം
കാട്ടിയിരുന്നപ്പൊൾ യഹൊവെക്ക ബൊധിക്കുന്ന ആളായവൻ ആരെന്ന
തെളിയും എന്നു പറഞ്ഞതുകെട്ടു-പിറെറ നാൾ കൊരഹമുതലായവർ സഭ
യൊടുകൂടെ കൂടാരവാതില്ക്കൽ നിന്നപ്പൊൾ യഹൊവ ഈ മത്സരക്കാരുടെ
ചുററിൽ നിന്നു മാറി നില്പിൻ ഞാൻ അവരെ ക്ഷണത്തിൽ സംഹരിക്കും എ
ന്നു കല്പിച്ചശെഷം ഭൂമി പിളൎന്നു അവരെയും അവരൊടുകൂടെ ഉള്ളവരെ
യും സകല സമ്പത്തുകളെയും വിഴുങ്ങി കളഞ്ഞു-പിന്നെ കൂടാരവാതില്ക്കൽ ധൂപം
കാട്ടുന്ന ൨൫൦ പെരെയും അഗ്നി ദഹിപ്പിച്ചു-ജനങ്ങൾ മൊശെ അഹരൊ
ന്മാരെ വെറുത്തു നിങ്ങൾ തന്നെ ഈ വൎഗ്ഗനാശം വരുത്തിയത് എന്നു പറഞ്ഞതെ
ഉടൻ യഹൊവയിൽ നിന്നു ഒരു ബാധ പുറപ്പെട്ടുവന്നു ബാധിച്ചു-൧൪൭൦൦
പെർ മരിക്കയും ചെയ്തു—

അനന്തരം അവർ കാദെശിൽ പാൎത്തു വെള്ളം ഇല്ലായ്കകൊണ്ടു മൊശെ അഹ
രൊന്മാരൊടു മത്സരിച്ചപ്പൊൾ യഹൊവ പ്രത്യക്ഷനായി നീ ജനസംഘം
കൂട്ടി കാണ്കെ ഈ പാറയൊടു പറക എന്നാൽ വെള്ളം ഒഴുകും എന്നു കല്പിച്ചു
അപ്രകാരം മൊശെയും അഹരൊനും അവരെ കൂട്ടിയപ്പൊൾ മൊശെ ക്രൊ
ധത്തൊടെ കലഹക്കാരെ ഈ പാറയിൽ നിന്നു നിങ്ങൾക്കു വെള്ളം പുറപ്പെടീക്കാമൊ
എന്നു പറഞ്ഞു പാറയെ രണ്ടടിച്ചപ്പൊൾ വെള്ളം വളരെ പുറപ്പെട്ടു ജനസംഘ
വും മൃഗങ്ങളും കുടിച്ചു-പിന്നെ യഹൊവ അവരൊടു നിങ്ങളും വിശ്വസിക്കാതെ
സംശയിച്ചിട്ടു എന്നെ ഈ സഭയുടെ മുമ്പാകെ ബഹുമാനിക്കായ്കകൊണ്ടു നി
ങ്ങൾ ഇവരെ വാഗ്ദത്ത ദെശത്തിൽ പ്രവെശിപ്പിക്കയില്ല എന്നു കല്പിച്ചു-അന്നു മു
തൽ ആ സ്ഥലത്തിന്നു വിവാദവെള്ളം എന്നു പെർ വരികയും ചെയ്തു—

അവർ ൪൦ാം വൎഷത്തിൽ എദൊം രാജ്യം ചുററി നടന്നു വലഞ്ഞ സമയം ഈ വന
ത്തിൽ മരിപ്പാൻ ഞങ്ങളെ എന്തിന്നു കൂട്ടി കൊണ്ടുവന്നു അപ്പവും വെള്ളവും ഇ
ല്ല-നിസ്സാര ഭക്ഷണത്തിൽ മനസ്സില്ല എന്നു പിറുപിറു

ത്തു പറഞ്ഞപ്പൊൾ യഹൊവ ജനങ്ങളുടെ ഇടയിൽ സൎപ്പങ്ങളെ അയച്ചു അ
വ കടിച്ചു പലരും മരിച്ചു - അപ്പൊൾ അവർ വന്നു മൊശയൊടു ഞങ്ങൾ
പാപം ചെയ്തിരിക്കുന്നു സൎപ്പങ്ങളെ നീക്കെണ്ടതിന്നു നീ യഹൊവയൊടു അ
പെക്ഷിക്കെണമെ എന്നു പറഞ്ഞു - മൊശെ അവൎക്കു വെണ്ടി പ്രാൎത്ഥിച്ചാറെ നീ
സൎപ്പത്തിൻ പ്രതിമ ഉണ്ടാക്കി കൊടിമരത്തിന്മെൽ തൂക്കുക കടിയെറ്റവർ അതി
നെ നൊക്കുമ്പൊൾ ജീവിക്കും എന്നു യഹൊവ കല്പന പ്രകാരം മൊശെ ചെ
മ്പു കൊണ്ടു സൎപ്പത്തെ തീൎത്തു കൊടിമെൽ തൂക്കിയതിനെ നൊക്കിയ അവ
ർ എല്ലാവരും ജീവിക്കയും ചെയ്തു -

൨൫. ബില്യാം -

അനന്തരം ഇസ്രയെൽ പിന്നെയും കനാൻ ദെശത്തിന്റെ അതിൎത്തി അടു
ത്തു അമൊൎയ്യ രാജാവായ സീഹൊനെയും ബാശാനിൽ വാഴുന്ന ഒഗിനെയും
ജയിച്ചു യൎദ്ദൻ നദിതീരത്തിൽ പാളയം ഇറങ്ങി പാൎക്കുമ്പൊൾ മൊവബ രാ
ജാവായ ബാലാക് മെസൊപതാമ്യയിൽ പാൎത്തുവരുന്ന ബില്യാം എന്ന പ്ര
വാചകനെ വിളിപ്പാൻ സമ്മാനങ്ങളൊടു കൂടെ ദൂതരെ അയച്ചു നീ വന്നു എന്റെ
നെരെ പാൎക്കുന്ന ഇവ്വലിയ ജനസംഘത്തെ ശപിക്കെണം എന്നു പറയിച്ചു
പിന്നെ യഹൊവ രാത്രിയിൽ നീ ദൂതരൊടു കൂടെ പൊകയും ഞാൻ അനുഗ്രഹി
ച്ച ജനത്തെ ശപിക്കയും അരുത് എന്നു കല്പിച്ചത് കെട്ടു അവൻ കൂടെ പൊകാതെ
ദൂതരെ വിട്ടയച്ചു - മൊവബ രാജാവ് രണ്ടാമതും ശ്രെഷ്ഠന്മാരെ നിയൊഗി
ച്ചു വരെണം മാനവും ധനവും പലതും ഉണ്ടാകും എന്നു പറയിച്ചപ്പൊൾ ബില്യാം സ
മ്മതിച്ചു കഴുതക്കു ശ്രെഷ്ഠന്മാരൊടു കൂടെ പുറപ്പെട്ടു പൊകുമ്പൊൾ യഹൊ
വയുടെ ദൂതൻ വഴിക്കൽ അവനെ തടുത്തു നിന്നു അവൻ വാൾ ധരിച്ചു വഴി
യിൽ നില്ക്കുന്നതു കഴുത കണ്ടു വയലിലെക്ക പൊകയാറെ ബില്യാം അടിച്ചു വഴിക്ക
ലാക്കി കഴുത പിന്നെയും ദൂതനെ കണ്ടിട്ടു വീണപ്പൊൾ ബില്യാം കൊപിച്ചു അടി
ച്ചു കൂട്ടിയാറെ കഴുത അവനൊടു നീ എന്നെ അടിപ്പാൻ ഞാൻ എന്തു ചെ
യ്തിരിക്കുന്നു എന്നു മനുഷ്യവചനത്താൽ പറഞ്ഞു - അതിന്റെ ശെഷം ദെ
വം ബില്യാമിന്റെ കണ്ണു തുറന്ന അവൻ വാൾ ധരിച്ചു നില്ക്കുന്ന ദൂതനെ കണ്ടു - താ

ജാവിന്റെ അടുക്കെ പൊകുവാൻ ശ്രമിച്ചപ്പൊൾ ദൈവദൂതൻ തടുക്കയുമെ
ങ്കിലും ഞാൻ പറയിക്കുന്നത മാത്രമെ പറയാവു എന്ന കല്പിക്കയും ചെയ്തു—
ബിലെയാം രാജാവിന്റെ അടുക്കെ എത്തി ബൊഷിക്കിളിച്ചു അവനൊടു കൂടെ
ഒരു മലമെൽ കരെറി ഇസ്രയെല്യരെ കണ്ടപ്പൊൾ ദൈവം ശപിക്കാത്തവനെ ഞാ
ൻ എങ്ങിനെ ശപിക്കും ദൈവം വെറുക്കാത്തവനെ ഞാൻ എങ്ങിനെ വെറുക്കും
അനുഗ്രഹിപ്പാൻ എനിക്ക കല്പിച്ചിരിക്കുന്നു അവൻ അനുഗ്രഹിച്ചു ഇരിക്കുന്നു എ
നിക്ക അതിനെ മാറ്റിക്കൂടാ എന്ന പറഞ്ഞു എല്ലാവട്ടം അനുഗ്രഹിച്ചാറെ ബാലാ
ക്ക ശപിപ്പാനായിട്ട ഞാൻ നിന്നെ വരുത്തി ഇതാ നീ അവരെ മുററും അനുഗ്രഹി
ച്ചു ഇടങ്ങളിൽ പൊയി നിന്നെ മാനിപ്പാൻ എനിക്ക മനസ്സായി എങ്കിലും ദൈവം
നിന്നെ അതിൽനിന്ന മുടക്കി ഇരിക്കുന്നു എന്ന കല്പിച്ചപ്പൊൾ ബിലെയാം തന്റെ
നാട്ടിലെക്ക തന്നെ തിരിച്ചു പൊയി അതിന്റെ ശെഷം മൊവാബ്യർ ഇസ്രയെ
ല്യരൊട പടക്കൂടി തൊററു സൈന്യം എല്ലാം പട്ടുപൊകയും ചെയ്തു—

## ൩൦. മൊശയുടെ മരണം

മിസ്രയിമിൽനിന്ന പുറപ്പെട്ടു പൊയ പുരുഷന്മാരിൽ യൊശുവും കാലെബും ഒഴി
കെ എല്ലാവരും വനത്തിൽ വെച്ചു മരിച്ചതിന്റെ ശെഷം യഹൊവ മൊശെ
യൊടു നീ അരെക്കിട്ടി നെബൊമലമെൽ കരെറി ഞാൻ ഇസ്രയെല്യൎക്ക കൊടുക്കു
ന്ന ദെശത്തെ നൊക്കി കണ്ണാലെ നീ അതിനെ കാണും എങ്കിലും നീ അതിലെക്ക
പ്രവെശിക്കയില്ല എന്ന കല്പിച്ചത കെട്ടാറെ മൊശെ ദൈവം ചെയ്ത കരുണാപ്ര
വൃത്തികൾ ഒക്കയും ഘനമായി ഒപ്പവരുത്തിയ എല്ലാ ന്യായങ്ങളെയും നിനച്ചു
അനുസരിച്ചാൽ അനുഗ്രഹവും അനുസരിയാതിരുന്നാൽ ശാപവും എന്ന
രണ്ടിനെയും മുമ്പിൽ വെച്ചു യഹൊവ നിങ്ങളിൽ നിന്റെ സഹൊദരന്മാരിൽനി
ന്ന എന്നൊടു സമനായ ഒരു പ്രവാചകനെ എഴുനീല്പിക്കും അവനെ ചെവിക്കൊ
ള്ളെണം എന്ന അറിയിച്ചാറെ മലമെൽ കരെറി വാഗ്ദത്ത ദെശത്തെ കണ്ട
ശെഷം മരിച്ചു ദൈവം തന്നെ അവന്റെ ശവത്തെ ഒരുത്തരും അറിയാത്ത സ്ഥലത്ത
അടക്കി—മരണ സമയത്ത ൧൨൦ വയസ്സുള്ളവൻ എങ്കിലും കണ്ണു കാഴ്ച കുറ
ച്ചുപൊകാതെയും ആരൊഗ്യം വിടാതെയും ഇരുന്നു ഇസ്രയെലിന്റെ വാഴ്

നായിൽ അവനെ പൊലെ മറെറാരു പ്രവാചകൻ ഉണ്ടായില്ല-

ന-ഫ. യൊശു

യഹൊവ മൊശെയൊടു ഉരുന്ന പ്രകാരം യൊശുവെ പൊട്ടുക്കുടെ ഉരുന്നു-മൊശെ
ശാസ്ത്രക്കല്പനെ രഥെക്കടല്കുടെ നടത്തിയ പ്രകാരം തന്നെ അവൻ അവരെ
യൎദ്ദൻപുഴയെ കടത്തി- ആചാൎയ്യർ ദൈവകല്പനപ്പെട്ടനസരിച്ചു സാക്ഷി
പെട്ടകം എടുത്തു ആ പുഴയിൽ ഇറങ്ങിയപ്പൊൾ വെള്ളം തെറ്റുത്തു നിന്നു
താഴെ വെള്ളം വാൎന്നു ജനങ്ങൾ എല്ലാവരും കടന്നതിന്നാറെ പുഴ മുമ്പെ
പൊലെ തന്നെ ഒഴുകി- അതിന്റെ ശെഷം അവർ ഉറപ്പുള്ള യെരിഹൊ
പട്ടണത്തിന്നു സമീപിച്ചു വളഞ്ഞതിന്നാറെ യഹൊവ യൊശുവയൊടു ഞാ
ൻ ഈ പട്ടണത്തെയും രാജാവെയും നിന്റെ വശത്തിൽ എല്പിച്ചിരിക്കുന്നു
എന്നു കല്പിച്ചു പിന്നെ ആചാൎയ്യന്മാർ സാക്ഷിപെട്ടിയെ എടുത്തു മുന്നട
ന്നും പടജ്ജനങ്ങൾ പിന്നെയും കൊണ്ടു ഇങ്ങിനെ ൭ ദിവസം പട്ടണത്തെ വ
ലം വെച്ചു ൭-ാം ദിവസത്തിൽ ആചാൎയ്യർ കാഹളങ്ങളെ ഊതിയ ശെഷം
യൊശു ആൎത്തുകൊള്ളുവിൻ ദൈവം ഈ പട്ടണം നമുക്കു തന്നിരിക്കുന്നു എന്നു
ജനത്തൊടു കല്പിച്ചു- അവർ ആൎത്തുകൊണ്ടു കാഹളം ഊതിയപ്പൊൾ പട്ട
ണത്തിന്റെ മതിലുകൾ ഇടിഞ്ഞു വീണു പുരുഷാരം എല്ലാം നെരെ കടന്നു
ജനങ്ങളെ വധിച്ചു ഭവനങ്ങളെ ചുട്ടുകളകയും ചെയ്തു-
ഇപ്രകാരം ദൈവം ഇസ്രായെല്യൎക്കു കൊടുത്തിരുന്ന കനാൻ ദെശത്തിലെ എല്ലാ
രാജാക്കന്മാരും പ്രഭുക്കന്മാരും തൊററു പൊകും സമയം അവരെ നായകനായ
യൊശുവെ നടത്തി അവന്റെ പക്ഷിയെ സാധിപ്പിച്ചു- അയല്വാൻ താഴ്വരയിൽ
പടസമൎപ്പിച്ചു ശത്രുക്കൾ മുടിഞ്ഞു പൊകുവൊളം യൊശുവിന്റെ കല്പനയാ
ൽ ആദിത്യചന്ദ്രന്മാർ അനങ്ങാതെ നിന്നു- അപ്പൊൾ അവർ സംഹാരത്തിൽ
നിന്നു ഒടി പൊയപ്പൊൾ ദൈവം കല്മഴയെ പെയ്യിച്ചു അവരെ ഗ്രസിച്ചു-
൭ വൎഷത്തിന്നകം വാഗ്ദത്ത ദെശത്തെ അടക്കി സ്വാധീനത്തിൽ ആക്കി
യശെഷം യൊശു അതിനെ ദൈവകല്പന പ്രകാരം ൧൨ ഗൊത്രങ്ങൾക്കു വിഭാ
ഗിച്ചുകൊടുത്തു- രൂബെൻ- ഗാദ്- പാതിമനശ്ശെ എന്നെ രണ്ടര ഗൊത്രക്കാർ

യൎദ്ദെൻനദിക്കു ഇക്കരയുള്ള ദെശത്തിൽ വസിച്ചു ശെഷിച്ചു ഒമ്പതര ഗൊത്രങ്ങളും
നദിയുടെ അക്കരയുള്ള നാടെല്ലാം പ്രാപിച്ചു- ലെവി ഗൊത്രത്തിന്നു ഭൂമ്യവകാ
ശം ഒട്ടും പെരാതെ വാക്കെണ്ടതിന്നു ഒരൊരൊ ഗൊത്രഭൂമിയിൽ ഒരൊരൊ പട്ടണങ്ങൾ
പകുത്തു ശെഷം സാക്ഷി കൂടാരത്തെ ശിലൊ പട്ടണത്തിൽ സ്ഥാപിച്ചു അവിടെ
തന്നെ സഭാ യൊഗവും മറ്റും ഉണ്ടാകയും ചെയ്തു-

യൊശുവ പണി എല്ലാം തീൎത്തു ൱൰ വയസ്സായപ്പൊൾ ഇസ്രായെല്യ പ്രമാണി
കളെയും മൂപ്പന്മാരെയും ശികെം പട്ടണത്തിൽ വരുത്തി ദൈവം ചെയ്ത ഉപകാ
രങ്ങളെയും എല്ലാം ഓൎമ്മപ്പെടുത്തി ദിവ്യകാറാരെലം പഷിക്കാതെ നിങ്ങൾ യഹൊ
വയെ സ്നെഹിച്ചും ശങ്കിച്ചും എപ്പൊഴും ശുദ്ധമനസ്സൊടെ സെവിപ്പിൻ- അന്യ
ദെവന്മാരെ സെവിക്കയും മാനിക്കയും അരുത്- യഹൊവ അല്ലാതെ മറ്റൊ
രു ദൈവം നന്നു എന്നു തൊന്നിയാൽ ഇഷ്ടം പൊലെ പ്രവൃത്തിച്ചു സെവിക്കാം
ഞാനും കുഡുംബവും യഹൊവയെ തന്നെ സെവിക്കെ ഉള്ളു എന്നു കല്പിച്ച
തിന്റെപ്പൊൾ ജനം എല്ലാം യഹൊവയെ ഉപെക്ഷിച്ചു അന്യദെവകളെ
സെവിപ്പാൻ ഒരുനാളും സംഗതി വരരുതെ എന്നു പ്രതിജ്ഞ പറകയും ചെയ്തു-

## ൩൧. നായകന്മാർ.

യൊശുവ മരിച്ചശെഷം ഇസ്രായെല്യർ ഞങ്ങൾ അന്യദെവകളെ അല്ല യഹൊ
വയെ തന്നെ സെവിക്കും എന്നു പറഞ്ഞ വാക്കു വെഗം മറന്നു കനാന്യരെ ലംഘി
ച്ചു ഇഷ്ടം പൊലെ ഒരൊ ദെവകളെ പ്രതിഷ്ഠിച്ചു പലവക മഹാദൊഷങ്ങ
ളിൽ അകപ്പെട്ടു പൊയി- അവർ ഇപ്രകാരമുള്ള അശുദ്ധ പ്രവൃത്തികളെ നട
ത്തിക്കൊണ്ടിരുന്നപ്പൊൾ യഹൊവ അവരെ ശിക്ഷിച്ചു ശത്രുക്കളുടെ കൈക്കിൽ
എല്പിച്ചു- അവർ അടങ്ങി അനുതാപം ചെയ്തു ക്ഷമ ചൊദിക്കുന്ന സമയം ദൈവം
മനസ്സലിഞ്ഞു നായകന്മാരെ ഉദിപ്പിച്ചു അവരെക്കൊണ്ടു ശത്രുക്കളിൽ നിന്നു
രക്ഷ വരുത്തി- ഈ നായകന്മാർ ഏകദെശം ൩൦൦ വൎഷം ഇസ്രായെല്യരിൽ വാ
ണു ശത്രുക്കളെ അമൎത്തു കാൎയ്യാദികളെ നടത്തുകയും ചെയ്തു-

ഒരു സമയത്തു മിദ്യാനർ ഒട്ടകക്കൂട്ടങ്ങളൊടു കൂട വന്നു രാജ്യത്തിൽ പരന്നു ജന
ങ്ങളെ ഒടിച്ചു കൃഷികളെ നശിപ്പിച്ചും കത്തിക്കവൎന്നും ൭ വൎഷം ഉപദ്രവം ചെയ്തു

ഇസ്രായെല്യർ സങ്കടപ്പെട്ടു യഹൊവയൊടു നിലവിളിച്ചപ്പൊൾ ഒരു ദൈവദൂ
തൻ മനശ്ശെക്കാരനായ ഗിദ്യൊന്നു പ്രത്യക്ഷനായി- ഹെ ശൂരവീര യഹൊ
വാ നിന്നൊടു കൂടെ ഉണ്ടു എന്നു പറഞ്ഞപ്പൊൾ ഗിദ്യൊൻ യഹൊ
വാ ഞങ്ങളൊടു കൂടെ ഉണ്ടെങ്കിൽ ഇപ്രകാരം വരുമൊ ഞങ്ങളുടെ പിതാക്കന്മാർ
പറഞ്ഞിട്ടുള്ള അതിശയങ്ങൾ എവിടെ എന്നു ചൊദിച്ചപ്പൊൾ യഹൊവ അവനി
ൽ കടാക്ഷിച്ചു നിന്റെ ശക്തികൊണ്ടു തന്നെ മിദ്യാനരെ ജയിച്ചു ഇസ്രായെല്യ
രെ രക്ഷിക്ക ഞാൻ തന്നെ നിന്നെ അയക്കുന്നു എന്നു കല്പിച്ചാറെ ഗിദ്യൊ
ൻ എന്റെ സഹൊദരന്മാരിൽ ചെറിയവനും എളിയവനും ആയ ഞാൻ എന്തു
കൊണ്ടു ഇസ്രായെല്യരെ രക്ഷിക്കും എന്നു പറഞ്ഞതിന്നു യഹൊവ ഞാൻ
തുണ നില്ക്കയാൽ മിദ്യാനസൈന്യങ്ങളെ ഒരാളെ പൊലെ ജയിക്കും എന്നു
കല്പിച്ചു- അനന്തരം ഗിദ്യൊൻ അച്ഛന്റെ ഭവനത്തൊളു ചെന്നു ബാൽ
ദെവന്റെ തറയെ ഇടിച്ചു ബിംബത്തെ മുറിച്ചു യഹൊവെക്കു ബലി കഴിച്ചു- എന്നാ
റെ ജനങ്ങൾ കൊപിച്ചു അവനെ കൊല്ലുവാൻ നൊക്കിയപ്പൊൾ ഗിദ്യൊ
ന്റെ അച്ഛൻ അവരൊടു ബാൽ ദെവനു വെണ്ടി വ്യവഹരിക്കുന്നത് എ
ന്തിന്നു അവൻ ദൈവമായാൽ കാര്യം താൻ നൊക്കട്ടെ എന്നു പറഞ്ഞു അ
വരെ ശമിപ്പിച്ചു- പിന്നെ ഇസ്രായെല്യരെ ശത്രുവശത്തിൽനിന്നു രക്ഷിക്കേണ്ട
തിന്നു നിയൊഗം ദൈവത്തിൽനിന്നു തന്നെ ആകുന്നു എന്നു നിശ്ചയമായി
അറിവാൻ ഗിദ്യൊൻ അടയാളം ചൊദിച്ചു- ഒരു രാത്രിയിൽ ഒരാട്ടിൻതൊ
ൽ കളത്തിൽ വെച്ചപ്പൊൾ തൊൽ മാത്രം നനഞ്ഞും ഭൂമി വരണ്ടും കണ്ടു-
പിറ്റെ ദിവസം രാത്രിയിൽ തൊൽ ഉണങ്ങിയും ഭൂമി നനഞ്ഞും കണ്ടാറെ
ദൈവം എന്നെ തിരെഞ്ഞെടുത്തു നിശ്ചയം എന്നു പറഞ്ഞു- ൩൨൦൦൦ പടജ്ജന
ങ്ങളെ കൂട്ടിയാറെ ജനസംഖ്യ അതിന്നു ഏറിയം വന്നു എങ്കിൽ അവർ മദിച്ചു എ
ന്റെ കൈ എന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറയാതിരിക്കേണ്ടതിന്നു ഭയമു
ള്ളവർ പൊവാനായി വെണ്ടും എന്നു വിളിച്ചു പറക എന്നു ദൈവം കല്പിച്ചു
ഗിദ്യൊൻ അപ്രകാരം ചെയ്തു ശെഷിച്ചവരുടെ കൂട്ടം ൧൦൦൦൦ ആണെന്നു കണ്ടാറെ യഹൊവ
ഇവരും അധികം ഞാൻ അവരെ ശൊധിക്കുമ്പൊൾ നൊക്കിക്കൊള്ളും എന്നു ദൈവ

പറഞ്ഞു ശൊധന കഴിച്ചു വെണ്ടാത്തവരെ അയച്ചു മുന്നൂറം പെരെ മാത്രം പാ
ൎപ്പിക്കയും ചെയ്തു—
അതിന്റെ ശെഷം ഗിദ്യൊൻ ആ മുന്നൂറ പുരുഷന്മാരെ മൂന്നു കൂട്ടമാക്കി പകുത്തു
ഒരൊരുത്തന്റെ പക്കൽ ഒരൊ കാഹളവും ചട്ടിയും ചട്ടിയിൽ ദീവട്ടിയും കൊ
ടുത്തു സന്നദ്ധമാക്കി മിദ്യാന്യരുടെ പാളയത്തിൽ അയച്ചു- അപ്പൊൾ രാത്രിയി
ൽ അവർ എല്ലാവരും കാഹളം ഊതി ചട്ടികളും തകൎത്തു ദീവട്ടികളെയും ഉയ
ൎത്തി യഹൊവെക്കും ഗിദ്യൊനുമുള്ള വാളാകുന്നു എന്നു വിളിച്ചു പറഞ്ഞു
ന്നു ശത്രുക്കൾക്കു ഭയം വരുത്തിയപ്പൊൾ അവർ തങ്ങളിൽ തന്നെ കുത്തി മ
രിച്ചു ഓടിയാറെ ഗിദ്യൊൻ മുതലായവർ പിന്തുടൎന്നു പിടിച്ചു വെട്ടി ഒരു ലക്ഷത്തി
ൽ അധികം ആളുകളെ കൊന്ന ക്ഷയം വളരെ കഴിച്ചു- അവൻ മടങ്ങി വന്ന
ശെഷം ജനങ്ങൾ അവനെ രാജാവാക്കുവാൻ ഭാവിച്ചപ്പൊൾ അവൻ അപ്രകാ
രം അല്ല യഹൊവ തന്നെ നിങ്ങളുടെ രാജാവാകെണ്ടു എന്നു കല്പിച്ചു തന്റെ
മരണം വരെ ഇസ്രായെല്യൎക്കു സ്വസ്ഥത വരുത്തുകയും ചെയ്തു—

൩൩. രൂത്ത

നായകന്മാരുടെ കാലത്ത കനാൻ ദെശത്തിൽ ക്ഷാമം ഉണ്ടായപ്പൊൾ ബെ
ത്ലഹെമിൽ പാൎത്തു വരുന്ന എലിമെലെക്ക ഭാൎയ്യയായ നവുമിയെയും രണ്ടു
പുത്രന്മാരെയും കൂട്ടികൊണ്ടു മൊവാബ ദെശത്തിൽ ചെന്നു പാൎത്തു അവിടെ മ
രിക്കുമ്പൊൾ അവന്റെ പുത്രന്മാർ ഒൎപ്പാ രൂത്ത എന്ന മൊവാബ്യസ്ത്രീകളെ
വിവാഹം കഴിച്ചു- എലിമെലെക്കും പുത്രന്മാരും മരിച്ച ശെഷം നവുമി ബെത്ല
ഹെമിൽ മടങ്ങി ചെന്നു മരുമക്കളും കൂട വന്നപ്പൊൾ അവരൊടു നിങ്ങൾ തിരിച്ചു
പൊയി നിങ്ങളുടെ നാട്ടിൽ പാൎത്താൽ കൊള്ളാം എന്നു പറഞ്ഞാറെ ഒൎപ്പാ മടങ്ങി
പൊയി രൂത്ത നിന്നെ വിട്ടു പിരിഞ്ഞു തിരിപ്പാൻ എന്നൊടു പറയരുത നീ പൊകു
ന്നെടത്ത ഞാനും വന്നു വാഴും നിന്റെ ജനം എന്റെ ജനവും നിന്റെ ദൈ
വം എന്റെ ദൈവവും ആകുന്നു- നീ മരിക്കുന്ന സ്ഥലത്തു ഞാനും മരിക്കും എന്നു
ചൊല്ലി കൂട പൊരുകയും ചെയ്തു—
നവുമി ബെത്ലഹെമിൽ എത്തിയപ്പൊൾ ജനങ്ങൾ വന്നു കൂടി ഇവൾ നവു

മി തന്നെ കൊറെന്നതിൽ തിൽ പറഞ്ഞാറെ അവൾ എന്നെ നവൊമി
(സുന്ദരി) എന്നല്ല- മാറാ (കയ്പിനി) എന്നു തന്നെ വിളിക്കെണം സമ്പത്തൊടു കൂ
ട ഞാൻ പുറപ്പെട്ടു പൊകി ഒന്നും ഇല്ലാത്തവളാക്കി ദൈവം എന്നെ മടങ്ങുമാ
റാക്കി ഇരിക്കുന്നു എന്നു പറഞ്ഞു- പിന്നെ കൊയ്ത്തുകാലത്തു രൂത്ത കൊയ്യുന്നവർ
ഒഴിച്ച ധാന്യങ്ങളെ പെറുക്കുവാൻ പൊയി- ദൈവഗത്യാ എലിമെലെക്കിന്റെ
വംശക്കാരനായ ബൊവസ്സിന്റെ വയലിൽ ചെന്നു പെറുക്കി ബൊവസ്സ് അ
വളുടെ അടക്കവും ഉത്സാഹവും കണ്ടു സന്തൊഷിച്ചു ഇന്നവൾ എന്നു ചൊദി
ച്ചറിഞ്ഞാറെ അവളൊടു നിന്റെ ഭർത്താവ് മരിച്ചശെഷം നിന്റെ അമ്മാ
വിയമ്മക്കു നീ ചെയ്ത ഉപകാരങ്ങളെ ഞാൻ അറികുന്നു- നീ ആശ്രയിച്ചുവ
ന്നു ഇസ്രായെല്യരുടെ ദൈവം നിണക്കു പ്രതിഫലം നല്കട്ടെ എന്നു പറഞ്ഞു
കൊയ്യുന്നവരൊടു ബൊവസ്സ് കല്പിച്ചു അവൾക്കു ധാന്യം വളരെ കി
ട്ടെണമെന്നു നൊക്കി കൊള്ളുവിൻ എന്നു കല്പിച്ചു- രൂത്ത വീട്ടിൽ വന്നു അവസ്ഥ
യെ അറിയിച്ചപ്പൊൾ നവൊമി ആയാൾ നമ്മുടെ ചാർച്ചക്കാരൻ തന്നെ അവൻ
ജീവിക്കുന്നവർക്കും മരിച്ചവർക്കും കാട്ടിയ ദയ ദൈവം ഓർത്തു അവനെ അനു
ഗ്രഹിക്കട്ടെ എന്നു പറഞ്ഞതല്ലാതെ അനന്തരവിവാഹത്തിനു യൊഗ്യത ഉണ്ടു
എന്നറിയിച്ചു- മര്യാദ പൊലെ രൂത്ത അവനെ ചെന്നു കണ്ടു കാര്യം പറ
ഞ്ഞാറെ അവൻ പ്രസാദിച്ചു അവളെ വിവാഹം കഴിച്ചു- അല്പകാലം കഴിഞ്ഞ
ശെഷം അവൾക്കു ഒരു പുത്രൻ ജനിച്ചു അവനു ഒബെദ് എന്നു പെർ വിളിച്ചു
ഈ ഒബെദ് തന്നെ ദാവിദ് രാജാവിന്റെ മുത്തച്ഛൻ ആകുന്നു—

## ൩൮. ഏലിയും ശമുവെലും

നായകന്മാരുടെ ശെഷം മഹാചാര്യനായ ഏലി ഇസ്രായെലിൽ ൪൦ വർഷത്തൊ
ളം രാജ്യകാര്യങ്ങളെ വിചാരിച്ചു നടത്തി- ഉത്സവങ്ങളെ കൊണ്ടാടി ബലികളെ
കഴിപ്പാൻ ഇസ്രായെല്യർ സാക്ഷിക്കൂടാരം സ്ഥാപിച്ചിരിക്കുന്ന ശിലൊവിൽ വന്ന
സമയത്തു എല്ക്കാനായിന്റെ ഭാര്യയായ ഹന്നാ താൻ മച്ചിയായതിനാൽ ദുഃ
ഖിച്ചു സാക്ഷിക്കൂടാരത്തിന്റെ പ്രാകാരത്തിൽ മുട്ടുകുത്തി കരഞ്ഞു പ്രാർത്ഥിച്ചു
സൈന്യങ്ങളുടെ യഹൊവയെ എന്റെ സങ്കടം നൊക്കി വിചാരിച്ചു ഒരു മകനെ

തരെണമെ തന്നാൽ അവനെ ജീവപൎയ്യന്തം കൎത്താവിന്നു ഒപ്പിച്ചുതരാമെന്നു നെ
ൎച്ചിക്കും എന്നു നെൎന്നിരിക്കുമ്പൊൾ ഏലി അടുത്തുനിന്നു അവളുടെ ചു
ണ്ടുകൾ ശബ്ദിക്കുന്നില്ല എങ്കിലും അധരങ്ങൾ അനങ്ങുന്നതു കണ്ടിട്ടു അവൾ മത്തയെ
ന്നു വിചാരിച്ചു അവസ്ഥ ചൊദിച്ചറിഞ്ഞപ്പൊൾ മനസ്സു തെളിഞ്ഞു സമാ
ധാനത്തൊടെ പൊയ്ക്കൊൾക ഇസ്രയെലിൻ ദൈവം നിന്റെ അപെക്ഷപ്ര
കാരം നല്കും എന്നു പറഞ്ഞു ആശ്വസിപ്പിച്ചു - അതിന്റെ ശെഷം ഹന്നസ
ന്തൊഷത്തൊടെ മടങ്ങി രാമത്തിൽ ചെന്നു പാൎത്താറെ കാലം ചെന്നപ്പൊൾ അവളുടെ
അപെക്ഷപ്രകാരം ഒരു പുത്രനെ കൊടുത്തു ദൈവം കെട്ടതിനാൽ ഇവ
ൾ എന്നൎത്ഥമുള്ള ശമുവെൽ എന്നു പെർ വിളിക്കയും ചെയ്തു - ചില സംവത്സ
രങ്ങൾ കഴിഞ്ഞ ശെഷം മാതാപിതാക്കന്മാർ കുട്ടിയെ എടുത്തു ശിലൊവിൽ ചെ
ന്നു വലിയ ആചാൎയ്യനായ ഏലിയുടെ കൈക്കൽ എല്പിച്ചു - ശമുവെൽ അവിടെ
വളൎന്നു വരുമ്പൊൾ ഏലിയുടെ നടക്കും സമയം ഏലിയുടെ പുത്രന്മാരായ
ഹൊഫ്നി - ഫിനഹാസ് എന്നവർ ദുൎന്നടപ്പുകാരായി ദൈവമഹാദൊഷം ചെയ്തു
ശുദ്ധസ്ഥലത്തെ അശുദ്ധമാക്കിയാറെ അപ്പൻ ഉപദെശിച്ചു മക്കളെ ശാസിച്ചു എ
ങ്കിലും വാത്സല്യം വളരെ ഉണ്ടായതിനാൽ ധൎമ്മപ്രകാരമുള്ള ശിക്ഷകളെ നടത്താ
തെ ഇരുന്നു -

ഒരു കാലത്തു ശമുവെൽ ഒരു രാത്രിയിൽ ഉറങ്ങുമ്പൊൾ തന്റെ പെർ വിളിക്കു
ന്നതു കെട്ടു ഏലി വിളിച്ചു എന്നു വിചാരിച്ചു അവന്റെ അടുക്കെ ചെന്നു എന്തു
എന്നു ചൊദിച്ചാറെ ഞാൻ വിളിച്ചില്ല എന്നു പറഞ്ഞതു കെട്ടു ശമുവെൽ പി
ന്നെയും കിടന്നുറങ്ങി രണ്ടാമതും മൂന്നാമതും മുമ്പെത്തെപ്രകാരം വിളി ഉണ്ടാ
യതു ഏലിയൊടു അറിയിച്ചപ്പൊൾ അവൻ ഇനിയും വിളി കെട്ടാൽ അല്ലയൊ
കൎത്താവെ പറക അടിയൻ കെൾക്കുന്നു എന്നുത്തരം പറയെണം എന്നു പറ
ഞ്ഞു - പിന്നെയും ശമുവെൽ എന്ന വിളി നാലാമതും കെട്ടപ്പൊൾ അവൻ പറ
ക കൎത്താവെ അടിയൻ കെൾക്കുന്നു എന്നു ചൊന്നാറെ ദൈവം അരുളിച്ചെയ്ത
തു - കെൾക്കുന്നവരുടെ ചെവികൾ കിടുക്കത്തക്കവണ്ണം ഞാൻ ഇസ്രയെലി
ൽ ഒരു കാൎയ്യം ചെയ്യും - അന്നു ഞാൻ ഏലിയെയും പുത്രന്മാരെയും ശിക്ഷി

സന്തതിയെക്കും നശിപ്പിക്കും അതിന്റെ കാരണം പുത്രന്മാർ തങ്ങൾക്കു തന്നെ ശാപം വരുത്തുന്നു എന്ന അറിഞ്ഞു എങ്കിലും അവൻ അവരെ അടക്കാതെ ഇരുന്നു— ഒരു ദിവസം രാത്രിയിലെ ഏലി ശമുവെലിനെ വിളിച്ചു മകനെ ദൈവം നിന്നൊടു അറിയിച്ച കാര്യം എന്തു ഒന്നും മറക്കരുതെ എന്ന ചൊദിച്ചപ്പൊൾ ശമുവെൽ ശങ്കിച്ചു എങ്കിലും ദൈവം കല്പിച്ചതിനെ ഒക്കെയും അറിയിച്ചു അതിന്നു ഏലി അവൻ യഹൊവയല്ലൊ അവന്റെ ഇഷ്ടപ്രകാരം ചെയ്യുമാറാകട്ടെ എന്നു പറഞ്ഞു— അന്നു മുതൽ ശമുവെലിന്ന ദൈവത്തൊടു ഉള്ള വിഷയം വർദ്ധിച്ചു കൂടക്കൂട അവന്റെ വചനം കെട്ടു ദൈവം ഒപ്പിച്ചതുകൊണ്ടു ഇസ്രയെല്യർ അവനെ പ്രവാചകൻ എന്നറിഞ്ഞു പ്രമാണിക്കയും ചെയ്തു—

കുറെക്കാലം കഴിഞ്ഞശെഷം യഹൊവ ശമുവെലൊടു അറിയിച്ച പ്രകാരം ഒക്കയും സംഭവിച്ചു— ഇസ്രയെല്യർ ഫിലിസ്ത്യരൊടു പട ഏറ്റു തൊറ്റപ്പൊൾ മൂപ്പന്മാരുടെ ഉപദെശപ്രകാരം സാക്ഷിപ്പെട്ടകത്തെ ശീലൊവിൽനിന്നു പാളയത്തിൽ കൊണ്ടുവന്നു— ഏലിയുടെ പുത്രന്മാർ അതിനൊടു കൂടവന്നപ്പൊൾ പടജ്ജനങ്ങൾ സന്തൊഷിച്ചാർത്തു കുരവയിട്ടതിനെയും എന്നാലെ ഇസ്രയെല്യർ അശെഷം തൊറ്റു ൩൦൦൦൦ ആളുകൾ പട്ടുപൊയി ഏലിയുടെ പുത്രന്മാരും മരിച്ചു സാക്ഷിപെട്ടകവും ശത്രുകൈവശമായിപൊയി— ഓടിപ്പൊയവരിൽ ഒരുവൻ കീറിയ വസ്ത്രങ്ങളൊടും കൂട ശീലൊവിൽ എത്തി ഇസ്രയെല്യർ തൊറ്റു എന്നും ഏറിയ ജനങ്ങളും ചത്തു പുത്രന്മാരും മരിച്ചു പെട്ടകവും ശത്രുകൈവശമായിപൊയി എന്നുള്ള വർത്തമാനം അറിയിച്ചപ്പൊൾ ഏലി ഭ്രമിച്ചു ഇരുന്ന പീഠത്തിന്മെൽനിന്നു വീണു കഴുത്തൊടിഞ്ഞു മരിക്കയും ചെയ്തു—

അനന്തരം ഫിലിസ്ത്യർ സാക്ഷിപെട്ടകം എടുത്തു അസ്തൊദിൽ കൊണ്ടുപൊയി ദാഗൊൻ ദെവന്റെ ക്ഷെത്രത്തിൽ ബിംബത്തിന്നരികെ വെച്ചു— പിറെറ്റ ദിവസം രാവിലെ നൊക്കിയപ്പൊൾ അവർ ബിംബം പെട്ടകത്തിന്മുമ്പാകെ വീണു കൈകളും തലയും മുറിഞ്ഞു കിടക്കുന്നതു കണ്ടു ദുഃഖിച്ചു പട്ടണക്കാർക്കു മൂലവ്യാധികളും മറ്റും പല അസഹ്യങ്ങളും ഉണ്ടായാറെ പെട്ടകത്തെ ~~അ~~ അവിടെനിന്നു ഗിത്ഥയിൽ എക്രൊനിൽ കൊണ്ടു നടക്കയും പാർപ്പിച്ചു— അവിടെയും ബാധ

വധിച്ചു നഗരക്കാർ കുഴഞ്ഞു മുറയിട്ടു കൊണ്ടിരുന്നു ഏഴുമാസം കഴിഞ്ഞതാറെ ഫെലിസ്ത്യ
യ്യർ പെട്ടകത്തെ മടക്കി അയച്ചു - ഇപ്രകാരം പെട്ടകം ലഭിച്ചതിനാലും അവർ പശ്ചാ
ഷ്ഠരുടെന്നകാലത്തെ ൨൦ വൎഷം വസിച്ചു കൊണ്ടുവന്നു - അവർ പിന്നെ അന്യതാവ
ച്ചിട്ടുള്ള അന്യദേവകളെ നീക്കി യഹോവയെ മാത്രം സേവിച്ചു രക്ഷ കൊടുത്തിരുന്ന
പക്ഷിച്ചവാറെ ദൈവം മനസ്സലിഞ്ഞു തുണനിന്നു അപ്പോൾ അവർ ഫെലിസ്ത്യർ
ന്നുടയ പട്ടണങ്ങളെ വീണ്ടും പിടിച്ചു ശത്രുക്കളെ ഓടിച്ചു നാട്ടിൽ നിന്നു പുറത്താക്കി
ക്കുകയും അവരുടെ ദേശത്തിന്റെ അതിൎത്തിക്കകത്ത് ഒക്കെയും സമാധാനം ശമുവെൽ ഒ
ആയുസ്സുള്ളനാളും ഭൂമിയിൽ വാഴിക്കയാൽ യഹോവ നമ്മുക്ക് ഇതുവരെയും സഹായിച്ചു
എന്നു പറഞ്ഞു (സഹായക്കല്ലു) എബെനെസ്സർ എന്നു പേരും വിളിച്ചു - അതി
ന്റെ ശേഷം അവൻ ശത്രുക്കളെ ജന്മസമ്മാഗ്ഗത്തെ ബൊധിപ്പിച്ചു നെരും
ന്യായവും നടത്തി ഇസ്രാ വൎഷം ദൈവജ്ഞാനത്തെ രക്ഷിച്ചു പൊരുകയും
ചെയ്തു—

൨൫. ശമുവെലും ശൌലും.

ശമുവെൽ വൃദ്ധനായപ്പോൾ പുത്രന്മാരെ തന്നോടുകൂടെ ന്യായാധിപന്മാരാക്കി
നാക്കി ബെൎശെബായിൽ പാൎപ്പിച്ചു - അവർ അപ്പന്റെ വഴിയിൽ നടക്കാതെ
ദ്രവ്യാഗ്രഹം നിമിത്തം കൈക്കൂലി വാങ്ങി ന്യായം മറിച്ചു കളഞ്ഞ സമയം
ഇസ്രായെല്യമൂപ്പന്മാർ എല്ലാവരും കൂടി രാമായിൽ വിചാരിച്ചു ശമുവെലെ ചെന്നു
കണ്ടു നീ വൃദ്ധനാകുന്നു പുത്രന്മാർ നിന്റെ വഴിയിൽ നടക്കുന്നില്ലല്ലൊ അതുകൊ
ണ്ടു എല്ലാ ജാതികൾക്കും ഉള്ളതു പോലെ ഞങ്ങൾക്കും ഒരു രാജാവിനെ കല്പി
ച്ചാക്കേണം എന്നു പറഞ്ഞു - ഈ കാൎയ്യം ശമുവെലിന്നു രസക്കേടായിതോന്നി
അവൻ പ്രാൎത്ഥിക്കുമ്പോൾ യഹോവ ഉത്തരം ജനം ചൊദിക്കുന്നതെല്ലാം
അനുസരിച്ചു ചെയ്ക അവർ നിന്നെ അല്ല ഞാൻ അവരുടെ മേൽ രാജാവാ
കാതിരിപ്പാൻ എന്നെ തന്നെ ഉപേക്ഷിച്ചു കളഞ്ഞു എന്നു കല്പിച്ചു—
ആ കാലത്തു ബെന്യമീൻ ഗോത്രക്കാരനായ കീശ് എന്നവന്നു ചില കഴുതക
ൾ തെറ്റി കാണാതെ പോയി - അവറ്റെ അന്വേഷിക്കേണ്ടതിന്നു തന്റെ സു
ന്ദരപുത്രനായ ശൌലിനെയും ഒരു വേലക്കാരനെയും നിയോഗിച്ചു - അവ

ൎനൊക്കിനടന്നു കാണാതെ ഇരുന്നപ്പൊൾ വെലക്കാരൻ രാമയിൽ ദിവ്യ
ദൎശി ഉണ്ടു അവൻ പറയുന്നതൊക്കയും ഒക്കുന്നു നമ്മുടെ അവസ്ഥ
അവനൊടു പറഞ്ഞാൽ കഴിവുണ്ടാകും എന്നു ശൌലിനൊടു പറഞ്ഞു ഇ
രുവരും അവന്റെ അടുക്കെ ചെന്നു അവസ്ഥ അറിയിച്ചപ്പൊൾ ശമുവെൽ
ഈ ശൌൽ തന്നെ ഇസ്രയെല്യരുടെ മെൽ വാഴെണ്ടുന്നവൻ എന്നു ദൈ
വവശാൽ അറിഞ്ഞു അവനൊടു കാണാതെ പൊയ കഴുതകളെ ചൊല്ലി
വിഷാദിക്കെണ്ട അവ എത്തിയിരിക്കുന്നു ഇസ്രയെലിലെ ശ്രെഷ്ഠകാൎയ്യം നി
നക്കല്ലാതെ ആൎക്കുണ്ടാകും എന്നു പറഞ്ഞതു കെട്ടു എങ്കിലും അതിന്റെ
അൎത്ഥം ഇന്നതെന്നു ശൌൽ അറിഞ്ഞില്ല- അവൻ പിറ്റെ ദിവസം അച്ഛ
ന്റെ വീട്ടിൽ പൊകുവാൻ പുറപ്പെട്ടപ്പൊൾ ശമുവെലും കൂട പൊയി വെലക്കാ
രനെ കുറെ മുമ്പിൽ നടപ്പാൻ അയച്ചാറെ ശൌലിനൊടു ദൈവനിയൊഗം
അറിയിപ്പാൻ അല്പം നില്ക്ക എന്നു ചൊല്ലി ഒരു തൈലക്കൊമ്പു എടുത്തു അ
വന്റെ തലമെൽ ഒഴിച്ചു അവനെ ചുംബിച്ചു പറഞ്ഞു യഹൊവയുടെ അ
വകാശത്തെ ഭരിപ്പാൻ നിന്നെ അവൻ താൻ ഇന്നു അഭിഷെകം ചെയ്തിരിക്കു
ന്നു എന്നു അരുളിച്ചെയ്തു- പിന്നെ ശൌൽ വീട്ടിൽ എത്തിയാറെ സംഭവിച്ച
കാൎയ്യം ഒരുത്തരൊടും അറിയിച്ചില്ല താനും—

അനന്തരം ശമുവെൽ ജനത്തെ മിസ്പായിൽ യൊഗം കൂട്ടി ശൌലിനെ വരു
ത്തി കാണിച്ചു ഇവനെ തന്നെ യഹൊവ വരിച്ചു രാജാവാക്കി എന്നു പറഞ്ഞ
പ്പൊൾ ജനങ്ങൾ ഒക്കയും ജയ. ജയ. എന്നു പറഞ്ഞു അതിന്റെ ശെഷം
അവൻ ദൈവസഹായത്താലെ അമ്മൊന്യർ മുതലായ ശത്രുക്കളൊടു യു
ദ്ധങ്ങളിൽ ജയിച്ചു രാജ്യത്തിന്നു സുഖം വരുത്തിയാറെ ജനങ്ങൾ എല്ലാ
വരും സന്തൊഷിച്ചു അവനെ സ്തുതിച്ചു- പിന്നെ അമലെക്ക്യരൊടു പട ഉണ്ടാ
യി തൊല്പിച്ചു അവരെ മുലഛെദം വരുത്തുവാനായിട്ടുള്ള ദൈവകല്പന ഉ
ണ്ടായിട്ടും ശ്രെഷ്ഠമായിട്ടുള്ള ജന്തുക്കളെയും ബലിക്കായിട്ടു വിശി
ഷ്ടമൃഗങ്ങളെയും സൂക്ഷിച്ചു വെച്ചപ്പൊൾ ശമുവെൽ പറഞ്ഞു യഹൊവെ
ക്കു കല്പനകെട്ടനുസരിക്കുന്നതില്ലല്ലൊ ബലികളിൽ അധികം ഇഷ്ടമുള്ളതു

നുഷ്ഠിക്കുന്നവൊ ബലികളെക്കാൾ അനുസരണം തന്നെ നല്ലു മന്ത്രവാ
ദദൊഷം പൊലെ അനനുസരണക്കെടും വിഗ്രഹാരാധന പൊലെ മാത്സര്യ
വും ആകുന്നു നീ യഹൊവാവചനത്തെ നിരസിച്ചതു കൊണ്ടു അവൻ നിന്നെ
യും നിരസിച്ചുകളഞ്ഞു - അന്നുമുതൽ ശൌൽ അനനുസരണക്കെടു വർദ്ധി
ച്ചു ദെവാത്മാവു ക്രമത്താലെ നീങ്ങിപൊകയും ചെയ്തു —

## ൩൭. ദാവിദ് അഭിഷിക്തനായത്

അനന്തരം യഹൊവ ശമുവെലൊടു നീ കൊമ്പിൽ എണ്ണ നിറെച്ചു ബെത്ലെഹെമി
ൽ ചെല്ലുക അവിടെ ബെത്ലെഹെമ്യനായ ഇശയുടെ പുത്രന്മാരിൽ ഒരുവ
നെ രാജാവാക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്നു കല്പിച്ചത് കെട്ടാ
റെ ശമുവെൽ പുറപ്പെട്ടു ബെത്ലെഹെമിൽ എത്തി ഇശയിപുത്രന്മാരെ വരുത്തി
കാണിച്ചു യഹൊവ നിയമിച്ചവൻ ഇവരിൽ ഇല്ല എന്നു കണ്ടാറെ കുട്ടികൾ
ഇനിയും ഉണ്ടൊ എന്നു ചൊദിച്ചു - അതിന്നു ഇശയി ഇനി ഇളയവൻ ഉണ്ടു അ
വൻ ആടുകളെ മെയ്പ്പാൻ പൊയിരിക്കുന്നു എന്നു കെട്ടപ്പൊൾ അവനെ വിളി
പ്പാൻ പറഞ്ഞു - അവൻ വന്നാറെ ചെമ്പിച്ച തലമുടിയും ശൊഭനമായ ക
ണ്ണും നല്ല കൊമളത്വവും കണ്ടു യഹൊവയും ഇവനെ തന്നെ ഉടനെ അഭിഷെ
കം കഴിക്ക എന്നു കല്പിച്ചപ്പൊൾ ശമുവെൽ സഹൊദരന്മാരുടെ മദ്ധ്യെ അ
വനെ തൈലാഭിഷെകം കഴിച്ചു അന്നുമുതൽ യഹൊവയുടെ ആത്മാവു
ശൌലിൽ നിന്നു മാറി ദാവിദിന്മെൽ ഇറങ്ങി ഒരു ദുരാത്മാവ് ശൌലിനെ ഭ്രമി
പ്പിക്കയും ചെയ്തു - അപ്പൊൾ ഭൃത്യന്മാർ ശൌലൊടു വീണവായിപ്പാൻ പഠിച്ച
യുള്ള ഒരുത്തനെ വരുത്തി വായിപ്പിച്ചാൽ ബുദ്ധിഭ്രമം തീരും എന്നു അറിയിച്ചത്
രാജാവിന്നു സമ്മതമായപ്പൊൾ അവർ ദാവിദിനെ വിളിച്ചു ... ശൌലിന്നു സ
ന്തൊഷവും ... ശൌൽ
അവനെ ... വീണവായിപ്പിച്ചു കെട്ടു ശമി
ക്കയും ചെയ്തു —

പിന്നെ ഫെലിസ്ത്യരൊടു യുദ്ധം തുടങ്ങിയ സമയം ശൌൽ ദാവിദിനെ വിട്ടയ
ച്ചു ... പടയെറ്റ ... കൂട പുറപ്പെട്ടു ശത്രുക്കളെ നെരിട്ടു - ...

ഒരുമ്പാടൊടെ ഒരുങ്ങിനിന്നു ദാവിദും പൊരുതുവാൻ ... എന്ന അരചൻ അയച്ചുവന്ന
പൊരുന്നപ്പൊൾ ശത്രുസൈന്യത്തിൽനിന്ന ൬ മുഴം നീളമുള്ള ഒരുത്ത
ൻ പൊരുതുവാൻ പുറപ്പെട്ടുവന്നു ... ഇസ്രയെല്യർ ഭയപ്പെട്ടു
... അവനെ കൊല്ലുന്നവന്നു രാജാവ് പുത്രിയെയും ദ്രവ്യത്തെയും മറ്റും
കൊടുക്കും എന്നു സംസാരിക്കുന്നതും കെട്ടു - ദാവിദ് രാജാവിന്റെ മുമ്പാ
കെ ചെന്ന് ഇസ്രയെല്യരുടെ ഭയവും ധൈര്യക്കുറവും വിചാരിച്ചിട്ടും വി
... ദൈവസഹായത്താലെ ഞാൻ അവനെ കൊന്നുകളയും എന്നു ചൊന്ന
രാജാവ് കെട്ടു അവനെ വെങ്കല ശത്രുവെ ജയിപ്പാൻ നിനക്കു പ്രാപ്തി
പൊരാ നീ ബാലൻ എന്നു കല്പിച്ചപ്പൊൾ
ദാവിദ് അപ്പൻ ആടുകളെ മെയ്ക്കുന്ന സമയത്ത് സിംഹത്തെയും കരടിയെ
യും കൊന്നു മൃഗങ്ങളിൽനിന്ന രക്ഷിച്ചു യഹൊവ ഈ വരവെ ഫിലിസ്ത്യന്റെ
കൈയിൽനിന്നും വിടുവിക്കും എന്നു പറഞ്ഞു - അനന്തരം ശൌൽ അവനെ
യുദ്ധവസ്ത്രവും പടച്ചട്ടയും ധരിപ്പിച്ചു അതൊടുകൂട നടപ്പാൻ ശീലമില്ലാഞ്ഞു
അവ അഴിച്ചുവെച്ചിട്ടു തന്റെ വടിയെയും ൫ മിനുസമുള്ള കല്ലുകളെയും
എടുത്തു സഞ്ചിയിൽ ഇട്ടു കവിണയൊടുകൂട ശത്രുവിന്റെ നെരെ ചെന്നു
അവൻ ബാലനെ കണ്ടു നിന്ദിച്ചു വടിയൊടുകൂട വരുവാൻ എന്തു ഞാൻ നാ
യൊ നിന്റെ മാംസം പക്ഷികൾക്കു ഇരയാക്കും എന്നു പറഞ്ഞപ്പൊൾ ദാവിദ് നീ വാ
ളൊടും കുന്തത്തൊടും പരിശയൊടും കൂട വരുന്നു - ഞാൻ നീ നിന്ദിച്ചിട്ടുള്ള ഇസ്രയെ
ൽ സൈന്യങ്ങളുടെ യഹൊവ നാമത്തിൽ നിന്നെ കൊല്ലുവാൻ വരുന്നു എന്നു പ
റഞ്ഞു - പിന്നെ ഫിലിസ്ത്യൻ എഴുനീറ്റു വന്നു ദാവിദിനൊടു അടുത്തപ്പൊൾ
ദാവിദ് നെരെ ഓടി സഞ്ചിയിൽനിന്നു കല്ലിനെ എടുത്തു കവിണയിൽ
വെച്ചു ശത്രുവിന്റെ നെറ്റിമെൽ എറിഞ്ഞു അവൻ ഉടനെ ഭൂമിയിൽ കവി
ണ്ണുവീണു ദാവിദ് ബദ്ധപ്പെട്ടു അവന്റെ വാൾ ഊരി തല വെട്ടിക്കളഞ്ഞു
ഇതിനെ ഫിലിസ്ത്യർ കണ്ടപ്പൊൾ പിറകൊട്ടു ഓടിപ്പൊയി ഇസ്രയെല്യരും അവരെ
ശത്രുപട്ടണങ്ങളിൽ എത്തുവൊളം പിന്തുടരുകയും ചെയ്തു -
പിന്നെ ദാവിദ അങ്ങനെ ഗൊലിയാത്തിനെ കൊന്ന ശെഷം ...

വന്ന രാജാവിന്റെ അടുക്കെ എത്തിയാറെ ഹെ ബാലകാ നീ ആരുടെ പുത്രൻ എ
ന്ന രാജാവ് ചൊദിച്ചാറെ ഞാൻ ബെത്ലഹെംകാരനാം ഇശായുടെ മകൻ എ
ന്ന എന്ന ദാവിദ് ഉണർത്തിച്ചു അനന്തരം രാജപുത്രനായ യൊനാഥാൻ അവനെ
കണ്ടു സ്നെഹിച്ചു രണ്ടാത്മാക്കൾ ഒന്നായി ചെർന്നു - അവൻ സഖ്യലക്ഷണത്തിന്നായി
ദാവിദിന്ന തന്റെ മെൽകുപ്പായവും വാൾ വില്ലും അരക്കച്ചയും എന്നിവ കൊടുത്തു
രാജാവും ദാവിദിനെ മാനിച്ചു തന്നൊടു കൂട വാഴിക്കയും ചെയ്തു

## ൬൯. ദാവിദിന്നവന്ന ഉപദ്രവം.

ദാവിദ് രാജഗൃഹത്തിൽ അല്പകാലമത്രെ സുഖമായി വാണുള്ളു ഇസ്രയെ
ല്യർ ജയഘൊഷത്തൊടെ ഫലിസ്ത്യയുദ്ധത്തിൽ നിന്നു മടങ്ങി വന്നപ്പൊൾ
സ്ത്രീകളും കൂടെ ചെന്നു നൃത്തമാടി പാടിയത് ആയിരത്തെ ശൌലും പതിനായി
രത്തെ ദാവിദും കൊന്നു - എന്നത് ശൌൽ കെട്ടാറെ കൊപിച്ചു ഇനി രാജ്യം അല്ലാ
തെ അവന്ന് കിട്ടുവാൻ എന്തുള്ളു എന്നു ചൊല്ലി ദാവിദിൽ അസൂയ ഭാവിച്ചു തുട
ങ്ങി - ഗുണാധിക്യം നിമിത്തം ദാവിദിങ്കൽ ജനരഞ്ജന വർദ്ധിക്കും തൊറും ശൌ
ലിന്റെ അസൂയയും കൊപവും വർദ്ധിക്കും ഒടുവിൽ അവനെ കൊന്നുക
ളവാൻ അന്വെഷിച്ചു - രാജാവിന്നു ഭ്രമത പിടിച്ചു ഒരു നാൾ ദാവിദ് അവ
ന്റെ മുമ്പാകെ വീണ വായിച്ചു അവനൊ കുന്തം പിടിച്ചു ദാവിദിന്റെ നെരെ
ചാട്ടി ആയവൻ തെറ്റി മിട്ടിൽ ഒടി പൊയാറെ അവനെ നിഗ്രഹിപ്പാൻ ചെ
കവരെ ചൊദിച്ചു വാതില്ക്കൽ പാർപ്പിച്ചു രാജപുത്രിയായ ഭാര്യ അതിനെ
അറിഞ്ഞു ഉടനെ കൊണ്ടു ചെന്നു ഭർത്താവിനെ കിളിവാതിലിൽ കൂടി ഇറക്കി വി
ട്ടു - അതിന്റെ ശെഷം ദാവിദ് ഗൊല്യത്തിന്റെ വാൾ മഹാചാര്യനായ അഹീമ
ലെക്കൊടു വാങ്ങി ഓടിപ്പൊയി ഗാത്ത് രാജാവായ ആഖീശിനെ ശ
രണം പ്രാപിച്ചു - മന്ത്രികൾ സംശയം തൊന്നി അവൻ ഇപ്രകാരം വന്നത് എ
ശലാം അന്വെഷണം മറ്റും രാജാവെ ഉണർത്തിച്ചാറെ ദാവിദ് ഭയപ്പെട്ടു ഒളി
ടെ നിന്നു വിട്ടു പൊയി പിന്നെയും സ്വരാജ്യത്തിൽ എത്തിയപ്പൊൾ യൊനാഥാൻ
അച്ഛന്റെ അടുക്കെ ചെന്നു വൈരഭാവത്തെ മാറ്റുവാൻ ശ്രമിച്ചു ...
ൽ ഒന്നും ഫലിക്കാതെ അവൻ മിത്രത്തൊടു വിടവാങ്ങി ...

ന്താൻ അച്ഛനെ വിട്ടു ദാവിദു മാത്രികെ കണ്ടു സ്നെഹക്കാരരെ ഉറപ്പിച്ചു കൂടി പൊവാ
ൻ തുടങ്ങിത്തു — അതിന്റെ ശെഷം ദാവിദ് അദുല്ലാം മലയിൽ ഒന്നു ഗുഹയിൽ
ഒളിച്ചു പാർത്തു വരുന്ന സമയം അവന്റെ കുഡുംബക്കാരരും ബുദ്ധിമുട്ടുള്ളവരും നാനൂ
റൊളം ആളുകൾ ശൌലിനെ ഭയപ്പെട്ടിട്ടു അവനൊടു ചെന്നു അവനെ തലവനാ
ക്കി സെവിച്ചു വന്നു — ശൌൽ അവരെ കണ്ടു പിടിക്കെണ്ടതിന്നു അന്വെ
ഷണം കഴിച്ചപ്പൊൾ ദൊവഗ് എന്നവൻ ദാവിദ് നൊബിൽ വന്നു മഹാചാ
ര്യനൊടു സംസാരിച്ചു അയവൻ അവന്നു ഭക്ഷണവും ഗൊല്യാത്തിന്റെ വാ
ളും കൊടുക്കുന്നതു ഞാൻ കണ്ടു എന്നു രാജാവെ ബൊധിപ്പിച്ചപ്പൊൾ
ശൌൽ ക്രുദ്ധിച്ചു അവരെ സംഹരിപ്പാൻ ദൊവഗെ അയച്ചു അയവൻ പൊയി
അഹിമെലെക്ക് മുതലായ ൮൫ ആചാര്യന്മാരെ കൊന്നു അവരുടെ പട്ടണത്തി
ലെ ശിശുക്കളെയും സ്ത്രീപുരുഷന്മാരെയും മൃഗങ്ങളെയും പട്ടണത്തെയും നശി
പ്പിച്ചു — മഹാചാര്യന്റെ പുത്രന്മാരിൽ അബ്യാഥർ എന്നവൻ തെറ്റി ഓടി പൊ
യി ദാവിദിന്റെ അടുക്കെ എത്തി വർത്തമാനം അറിയിച്ചു അവനൊടു കൂട
പാർക്കയും ചെയ്തു —

അനന്തരം യൊനതാൻ ദാവിദിനെ ചെന്നു കണ്ടു ആശ്വസിപ്പിച്ച ശെഷം ശൌ
ൽ തന്റെ ആളുകളോടു കൂട ഏംഗദി കാട്ടിൽ വാണു പാർത്തു — ആയത് ശൌൽ കെ
ട്ടു ൩൦൦൦ പടജ്ജനങ്ങളെ ചെർത്തു കൊണ്ടു പുറപ്പെട്ടു അന്വെഷിച്ചാറെ വഴി
ക്കെ ഒരു ഗുഹയെ കണ്ടു കാൽമടക്കത്തിന്നായി പ്രവെശിച്ചു ദാവിദ മുതലായ
വർ ആ ഗുഹയിൽ ഒളിച്ചിരിക്കുന്നു എന്നറിഞ്ഞതും ഇല്ല — അപ്പൊൾ ദാവിദി
ന്റെ ആളുകൾ യഹൊവ ശത്രുവെ നിന്റെ കൈക്കൽ എല്പിക്കുന്ന ദിവസം വന്നു
എന്നു പറഞ്ഞപ്പൊൾ ദാവിദ് എഴുനീറ്റു പതുക്കെ ചെന്നു രാജവസ്ത്രത്തിന്റെ
കൊന്തല മുറിച്ചു എടുത്തു — തന്റെ പുരുഷന്മാരൊടു ഇവൻ യഹൊവയാൽ
അഭിഷിക്തൻ അവനെ തൊടെണ്ടതിന്നു യഹൊവ ഒരുനാളും എന്നെ സമ്മ
തിക്കരുതെ എന്നു പറഞ്ഞു പിന്നെ ശൌൽ പൊയപ്പൊൾ ദാവിദും പുറ
പ്പെട്ടു എന്റെ യജമാനനായ രാജാവെ ഇന്നു യഹൊവ നിന്നെ ഗുഹയിൽ
വെച്ചു എന്റെ കൈക്കൽ എല്പിച്ചിരുന്നു എങ്കിലും യഹൊവയാൽ അഭിഷിക്തനെ ഞാ

ൻ തൊട്ടുകൂടില്ല എന്നു വെച്ചു പിന്നെ പിട്ടു - ഇതാ പിതാവെ നിന്റെ വസ്ത്രത്തി
ന്റെ തൊങ്ങൽ എന്റെ കൈക്കൽ ഉണ്ട എന്നും മറ്റും പിറ്റിച്ചു പറഞ്ഞു
കാണിച്ചാറെ ശൌൽ കരഞ്ഞു ഞാൻ ചെയ്ത ദോഷത്തിന്നു പ്രതികാരമാ
യി ചെയ്കയില്ലായ്കയാൽ നീ എന്നെക്കാൾ നീതിമാൻ എന്നു പറഞ്ഞു സ്നെഹിച്ചു
മടങ്ങിപ്പൊകയും ചെയ്തു —

അല്പകാലം കഴിഞ്ഞ ശെഷം ശൌൽ വൈരം മുഴുത്തു പിന്നെയും പട്ടാളത്തെ
കൂട്ടിക്കൊണ്ടു പുറപ്പെട്ടു ദാവിദ് ഒളിച്ചിരിക്കുന്ന ദിക്കിൽ എത്തി രാത്രിക്കു കൂടാ
രം അടിച്ചു തെരുക്കളെ ഉറപ്പിച്ചു കിടന്നു ഉറങ്ങിയ നാട്ടിൽ പാർത്ത എല്ലാവ
രും ഉറങ്ങുമ്പൊൾ ദാവിദും അബിശായിയും പാളയത്തിൽ ഇറങ്ങി ശൌലും പട
നായകന്മാരും എല്ലാരും കിടന്നുറങ്ങുന്ന സ്ഥലത്തു ചെന്നു രാജാവിന്റെ കു
ന്തവും മുരുടകവും തലക്കൽ നിന്ന് എടുത്തു അന്നെരം ഉള്ള മലമെൽ കരെറി നിന്നു
അബ്നെരെ ദാവിദ് വിളിച്ചു നീ കെമൻ അല്ലയൊ എന്നു വിളിച്ചാറെ അവ
ൻ ഉണർന്നു - രാജാവിനെ വിളിക്കുന്നവൻ ആർ എന്നു ചൊ
ദിച്ചതിന്നു ദാവിദ് പറഞ്ഞു നീ പുരുഷൻ അല്ലയൊ ഇസ്രയെലിൽ നിനക്കു സ
മനായവൻ ആർ ഇന്നു നിന്റെ ഉടയവനായ രാജാവെ കൊല്ലുവാൻ ഒ
രുത്തൻ പാളയത്തിൽ വന്നിരുന്നു നൊക്ക രാജാവിന്റെ കുന്തവും ജലപാത്രവും എവി
ടെ - എന്നാറെ ശൌൽ ദാവിദിന്റെ ശബ്ദം അറിഞ്ഞു എന്റെ മകനെ ദാ
വിദെ എന്നു ചൊദിച്ചപ്പൊൾ ദാവിദ് എന്റെ രാജാവെ നീ എന്നെ തെടി നടക്കുന്നത് എന്തി
ന്നു ഞാൻ എന്തു ചെയ്തു എന്റെ കയ്യിൽ എന്തു ദൊഷം കണ്ടിരിക്കുന്നു - ഒരു കാട്ടുകൊ
ഴിയെ എന്ന പൊലെ എന്നെ വെട്ടയാടുവാൻ രാജാവ് സൈന്യത്തൊ
ടു കൂടെ പുറപ്പെട്ടു വന്നില്ലയൊ എന്നും മറ്റും പറഞ്ഞപ്പൊൾ ശൌൽ ഞാൻ മ
ഹാ പാപം ചെയ്തിരിക്കുന്നു പുത്രാ നീ മടങ്ങി വാ ഇനി ഞാൻ നിനക്കു ദൊ
ഷം ചെയ്കയില്ല എന്നു കല്പിച്ചു എന്നാറെ ദാവിദ് അവന്റെ വൈരഭാവം അ
റിഞ്ഞിട്ടു താൻ ചെല്ലാതെ ബാല്യക്കാരിൽ ഒരുത്തൻ വന്നു രാജാവിന്റെ കു
ന്തവും ജലപാത്രവും വാങ്ങി കൊണ്ടുപൊകട്ടെ എന്നു പറഞ്ഞു പിരിഞ്ഞു പൊയി-
പിന്നെ രാജാവെ പട്ടണം സമീപിപ്പാൻ ഇടവന്നില്ല-

## ൩൪. ശൌലിന്റെ മരണവും ദാവിദ് രാജാവായതും

അനന്തരം ദാവിദ് ശൌലിന്റെ വൈരം ശമിക്കയില്ല എന്ന വിചാരിച്ചു ത
ന്റെ കൈക്കൽ അകപ്പെടാതിരിക്കെണ്ടതിന്നു തന്റെ ൬൦൦ ആളുകളൊ
ടും കൂടെ ഇസ്രയെൽ ദെശത്തെ കടന്ന ഗഥിലെ രാജാവായ അക്കിശെ ചെന്ന
കണ്ടൊറെ രാജാവ് ശിക്ലാഗ പട്ടണം പാൎപ്പാനായിട്ട കല്പിച്ചു കൊടുത്തു - പിന്നെ
പലിസ്ത്യരും ശൌലുമായി യുദ്ധമുണ്ടായി ദാവിദ് പൊരിന്ന പൊകെണം എ
ന്ന അക്കിശ് കല്പിച്ചു പുറപ്പെട്ടു പൊയാറെ പ്രഭുക്കന്മാർ അവൻ ശത്രുപക്ഷത്തി
ൽ തിരിയും എന്ന പെടിച്ചു വിരൊധിച്ചപ്പൊൾ രാജാവ് ദാവിദിനെ മടക്കി
അയച്ചു അവൻ തന്റെ ആളുകളൊടു കൂടെ ശിക്ലാഗിൽ എത്തിയാറെ അമാ
ലെക്യർ പട്ടണം മുഴുവനും ചുട്ടു സ്ത്രീകളെയും കുട്ടികളെയും കവൎന്നു കൊണ്ടു
പൊയ പ്രകാരം കണ്ടു ദുഃഖിച്ചു - ദൈവത്തൊടു ചൊദിച്ചു വിചാരിയാതെ അവരെ പിന്തുടൎന്നു രാത്രി
മുഴുവനും പിറ്റെ ദിവസം രാവിലെ കവൎച്ചക്കാരെ കണ്ടെത്തി പൊരുതു
ജയിച്ചു കവൎന്നതു ഒക്കയും പിടിച്ചു വാങ്ങി അവരെ സമ്പത്തൊടു കൂടെ മടങ്ങി
പൊരുകയും ചെയ്തു -

അതിന്നിടയിൽ പലിസ്ത്യ സൈന്യങ്ങളും ഇസ്രയെല്യരും ഗില്ബൊവ
മലമെൽ വെച്ചു തമ്മിൽ പട ഏറ്റു ഇസ്രയെല്യർ തൊറ്റു ഒടുമ്പൊൾ ശൌലി
ന്റെ പുത്രന്മാരും കൂടെ പട്ടു പൊയി - ശൌൽ അമ്പു കൊണ്ടു മുറിഞ്ഞിട്ടു തന്റെ
ശ്രയം ഇല്ലാതെ വാൾ മുനമെൽ വീണു മരിച്ചു - അതിന്റെ ശെഷം ഒരു അമലെക്യ
ൻ ദാവിദിന്റെ അടുക്കെ വന്നു ഇസ്രയെല്യർ തൊറ്റു ഓടി യൊനാഥാനും പട്ടു
പൊയി ശൌൽ മുറിയെറ്റു കിടന്നതിനെ കൊല്ലുകെന്ന അപെക്ഷിച്ചതു കൊ
ണ്ടു ഞാൻ അടുത്തു വെട്ടി കൊന്നു അവന്റെ കിരീടവും വളയും ഇ
താ കൊണ്ടുവന്നിരിക്കുന്നു എന്ന പറഞ്ഞാറെ ദാവിദ് വസ്ത്രം
കീറി കരഞ്ഞു യഹൊവായുടെ അഭിഷിക്തനെ കൊല്ലുവാൻ നിനക്ക് ശങ്കയില്ലാ
തെ പൊയൊ നിന്റെ രക്തം നിന്റെ തലമെൽ വരട്ടെ എന്ന കല്പിച്ചു അവനെ
കൊല്ലിക്കയും ചെയ്തു - പിന്നെ ദാവിദ് പലിസ്ത്യരെ വിട്ടു തന്റെ ആളുകളൊടു കൂടെ

സ്വരാജ്യത്തിൽ മടങ്ങിപ്പൊരുമ്പൊൾ വന്നവാർത്തയെറ്റ യഹൂദമൂപ്പന്മാർ അ
വിടെ വന്നുകൂടി അവനെ രാജാവാക്കി അഭിഷെകം കഴിച്ചു- അബ്നെർ
ശൌലിന്റെ പുത്രനായ ഇസ്ബൊശെത്തിനെ ഇസ്രയെലിന്മെൽ രാജാവാക്കി
വാഴിച്ചു- അവൻ രണ്ടുവർഷം വാണു രാജ്യവെലെക്കു പൊരാത്തവൻ എന്നു കണ്ടു
റെച്ചനമുഖ്യന്മാർ രണ്ടാൾ അവനെ കൊന്നുകളഞ്ഞു- അതിന്റെ
ശെഷം ദാവീദ് എല്ലാ ഇസ്രയെലിന്മെലും രാജാവായ്ത്തീരുകയും ചെയ്തു-

൭൨. ഉറിയയെന്ന പടനായകനെ കൊല്ലിച്ചത്-

ദാവീദിന്നു സർവ്വാധിപത്യം വന്നയുടനെ യരുശലെം പട്ടണം മൂലസ്ഥാനത്തിന്നു കൊ
ള്ളാം എന്നു കണ്ടു ആ പട്ടണത്തിൽ പാർത്തുവരുന്ന യബൂസ്യരൊടു യുദ്ധം
ചെയ്തു ജയിച്ചു അവരെ പുറത്താക്കി പട്ടണത്തെ ഉറപ്പിച്ചു ശെഷം ദൈവ
കൂടാരത്തെ ശിയൊനിൽ സ്ഥാപിച്ചു സാക്ഷിപ്പെട്ടകത്തെയും മറ്റും വരുത്തി
വെച്ചു വിശുദ്ധ ആരാധന മൊശയുടെ പ്രകാരം ക്രമപ്പെടുത്തി ഇസ്രയെല്യർക്കു
ദൈവഭക്തി വർദ്ധിച്ചുവരെണ്ടതിന്നു വളരെ ഉത്സാഹിക്കയും ചെയ്തു-
അവൻ ദൈവസഹായത്താലെ യുദ്ധങ്ങളിൽ വീരനായി ഫെലിസ്ത്യശത്രുക്കളെ
ഉന്മൂലമാക്കി- പടിഞ്ഞാറു മദ്ധ്യതറണ്യകടൽ- കിഴക്കു ഫ്രാത്തനദി- തെക്കു മിസ്ര
വടക്കു ദമസ്കു എന്നിവ അതിരായതിന്നകപ്പെട്ട ദെശങ്ങളെ ഒക്കെയും അവൻ വശ
ത്തിലാക്കി രാജശാസനെ അനുസരിപ്പിച്ചു- ദാവീദ് ദൈവഭയത്തൊ
ടെ വാണു രാജ്യകാര്യങ്ങളെ നടത്തിയതിനാൽ അവന്റെ സ്വാധീനക്കാ
ർക്കു സുഖം വർദ്ധിച്ചുവന്നു- എദൊമ്യർ മൊവാബ്യർ ഫലിസ്തർ മുതലായ
ജാതികളിൽ സാധുക്കൾ ഒക്കെയും രാജാവ്ഗണൊവാൻ എന്നു ഉത്സാഹി
ച്ചു- ദാവീദ് ഇപ്രകാരം സുഖെന വാഴുന്ന കാലം തന്റെ ദുരഭിലാഷങ്ങ
ളെ വെണ്ടുംവണ്ണം അടക്കായ്കയാൽ വലുതായുള്ള ഒരു ദൊഷത്തിൽ അ
കപ്പെട്ടുപൊയി- അത് എങ്ങിനെ എന്നാൽ സെനാപതിയായ ഉറിയാക്കു
സുന്ദരസ്ത്രീ ഉണ്ടായിരുന്നു രാജാവ് അവളെ കണ്ടു മൊഹിച്ചു ഭാര്യയാ
ക്കിക്കൊള്ളെണ്ടതിന്നു ഭർത്താവിനെ അമ്മൊന്യരൊടുള്ള യുദ്ധത്തിൽ പട്ടുപൊ
കുവാന്തക്ക സ്ഥലത്തിരുത്തുവാൻ കല്പിച്ചു വച്ചു- രാജാവ് ദുർമ്മൊഹം നി

ചിത്തം ഭ്രമിച്ചതിനാൽ മുമ്പെ അനേകം അപായങ്ങളും ദൈവം അവനു ശത്രുക്കളുമാ
യിരുന്നവരിൽ നിന്നും രക്ഷിച്ചപ്രകാരവും ഓൎമ്മയിൽ വന്നില്ല. എങ്കിലും ഒരു
കാലത്തെക്ക ദൈവത്തെ വിചാരിയാത്തവനെ ദൈവം ഉപെക്ഷിച്ചില്ല
സൎവ്വമഹാപാപത്തിന്നു ശിക്ഷവരുത്തി ഭ്രമിച്ച ദാവീദിനെ അവന്റെ
ദോഷം ആയ ബെത്ത്ശബയെ പരിഗ്രഹിച്ച ശെഷം നാഥാൻ പ്രവാചകനെ
ദൈവനിയോഗത്താൽ രാജാവിന്റെ അടുക്കൽ വന്നു പറഞ്ഞത് ഒരു പട്ടണ
ത്തിൽ രണ്ടു മനുഷ്യരുണ്ടായിരുന്നതിൽ ഒരുവൻ ധനവാൻ ഒരുത്തൻ
ദരിദ്രൻ. ദരിദ്രൻ ഒരു കുഞ്ഞാടിനെ കൊണ്ടു വളൎത്തി തന്നൊടു കൂട ഭക്ഷി
ച്ചു കുടിച്ചു കുട്ടികളെ പൊലെ മടിക്കിൽ ഉറങ്ങുമാറാക്കി ഒരു ദിവസം ധനവാ
ന്റെ വീട്ടിൽ ഒരു വഴിപൊക്കൻ വന്നപ്പൊൾ തന്റെ ആടു മാടുകളിൽ
നിന്നെടുപ്പാൻ മനസ്സാകാതെ ദരിദ്രന്റെ കുഞ്ഞാടിനെ പിടിച്ചു അറുത്തു പാ
കം ചെയ്തു. ദാവീദ് ഇങ്ങിനെ കെട്ടപ്പൊൾ ക്രുദ്ധിച്ചു ന്യായവിധി വെണം എ
ന്നു വിചാരിച്ചു യഹൊവയാണ ഇതു ചെയ്തവൻ മരണയൊഗ്യൻ എന്നു
കല്പിച്ചു. എന്നാറെ നാഥാൻ ആ പുരുഷൻ നീ തന്നെ ഇസ്രയെലിൽ ദൈവമാ
കയ യഹൊവയുടെ അരുളപ്പാടാവിത് ഞാൻ നിന്നെ രാജാവാക്കി അഭിഷെ
കം ചെയ്തു ശൌലിന്റെ കൈയിൽ നിന്നു വിടുവിച്ചുവല്ലൊ നീയൊ യഹൊ
വായുടെ കല്പനകളെ നിരസിച്ചു ഈ മഹാദോഷത്തെ ചെയ്തത് എന്തിന്നു.
ഊരിയ എന്നവനെ അമ്മൊന്യവാൾകൊണ്ടു കൊല്ലിച്ചു ഭാൎയ്യയെ എടുത്തിരിക്കുന്നു
ആകയാൽ ഞാൻ നിൻ ഭവനത്തിൽ നിന്നു ദോഷത്തെ നിന്റെ മെൽ വരുമാ
റാക്കും എന്നിപ്രകാരം കെട്ടപ്പൊൾ ദാവീദ് ദുഃഖിച്ചു ദൊഷക്രിയയെ സമ്മതി
ച്ചു ഞാൻ യഹൊവെക്കെതിരായി മഹാപാപം ചെയ്തിരിക്കുന്നു എന്നു
പറഞ്ഞാറെ നാഥാൻ യഹൊവ നിൻപാപത്തെ ക്ഷമിച്ചു നീ മരിക്കയില്ല എ
ങ്കിലും ശത്രുക്കൾ യഹൊവയെ ദുഷിപ്പാറാക്കി സംഗതി ഉണ്ടാക്കിയത് കൊ
ണ്ടു ജനിച്ചിട്ടുള്ള നിന്റെ പൈതൽ മരിക്കും. എന്നു പറഞ്ഞു പൊകയും ചെ
യ്തു—

അതിന്റെ ശെഷം യഹൊവ കുഞ്ഞിനെ ബാധിച്ചു ദൈവകരുണ കൂടാ

യിട്ടു കുട്ടി മരിക്കാതിരിക്കെണ്ടതിന്നു ദാവിദ് രാപ്പകൽ കരഞ്ഞും ഉപവസിച്ചും നിലത്തു കിടന്നു പ്രാർത്ഥിച്ചു- ദൈവമെ നിന്റെ ദയാപ്രകാരം എന്നൊടു കനിവുണ്ടാകെണമെ മനൊദ്രവവാത്സല്യത്തിന്റെ ബഹുത്വത്തിൻപ്രകാരം എന്റെ അതിക്രമം മാച്ചുകളഞ്ഞും എന്നെ കഴുകി വെടിപ്പാക്കെണം എന്റെ ദ്രൊഹങ്ങളെ ഞാൻ അറിയുന്നു എന്റെ പാപം നിത്യം എന്റെ മുമ്പാകെ ഇരിക്കുന്നു- നിന്നൊടു മാത്രം വിരൊധമായി ഞാൻ പാപം ചെയ്തു നിന്റെ കണ്ണുകളിൽ ദൊഷമായതു ഞാൻ പ്രവൃത്തിച്ചിരിക്കുന്നു- ദൈവമെ ശുദ്ധഹൃദയത്തെ സൃഷ്ടിച്ചു തന്നു എന്റെ ഉള്ളിൽ സ്ഥിരമുള്ള മനസ്സിനെ പുതുക്കി വിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കാതെ ഇരിക്കെണമെ- പിന്നെ എഴാം ദിവസത്തിൽ കുട്ടി മരിച്ചശെഷം ദാവിദ് എഴുനീറ്റു തെച്ചു കുളിച്ചു യഹൊവാഭവനത്തിൽ ചെന്നു തൊഴുതു പ്രകാരം പറഞ്ഞു ഞാൻ യഹൊവയെ എല്ലായ്പൊഴും വാഴ്ത്തും എൻ ഉള്ളമെ അവന്റെ ശുദ്ധനാമത്തെയും വാഴ്ത്തുക- എൻ ആത്മാവെ യഹൊവയെ വാഴ്ത്തുക- അവന്റെ സകല ഉപകാരങ്ങളെ മറക്കയും അരുത്- അവൻ നിന്റെ സർവ്വാപരാധങ്ങളെയും ക്ഷമിച്ചു നിന്റെ എല്ലാ ദീനങ്ങളെയും പൊറുക്കുന്നു- അവൻ നിന്നെ നാശത്തിൽനിന്നു വിടുവിച്ചു കൃപാകടാക്ഷങ്ങളെ ചൂടിച്ചിരിക്കുന്നു മനുഷ്യനൊ അവന്റെ ദിവസങ്ങൾ പുല്ലു പൊലെ ആകുന്നു വയലിലെ പുഷ്പത്തിന്നു സമമായി അവൻ പൂക്കുന്നു- കാറ്റു അതിന്മെൽ അടിക്കുമ്പൊൾ അതു നീങ്ങി പൊകി തന്റെ സ്ഥലവും അറിയുന്നതും ഇല്ല- യഹൊവയുടെ കാരുണ്യമൊ അവനെ ശങ്കിക്കുന്നവരിലും അവന്റെ നീതി മക്കളുടെ മക്കളിലും എന്നെന്നെക്കും ഇരിക്കുന്നു—

## ൫൦. അബ്ശലൊമിന്റെ അവസ്ഥ-

ആ കുട്ടി മരിച്ചശെഷം ദാവിദിന്റെ ഭവനത്തിൽനിന്നു ജനിച്ചുവന്ന ദുഃഖം മുഴുവനും തീർന്നതെ ഇല്ല- രാജാവിന്റെ പുത്രനായ അബ്ശലൊം തന്റെ സഹൊദരനെ കൊന്നതിനാൽ അച്ഛൻ തിരസ്ഭാവം കാട്ടി കുലപാതകൻ എന്നു മുഖം കാണാതെ തന്നെ കല്പിച്ചു നാട്ടിൽ കടന്നിരിക്കയും പിന്നെ അബ്ശലൊം അച്ഛനൊടു ദ്വെഷ്യപ്പെട്ടു അവനെ സിംഹാസനഭ്രഷ്ടനാക്കുവാൻ ശ്രമിച്ചു- അച്ഛന്റെ

ശ്രെഷ്ഠമന്ത്രിയായ അഹിതൊഫൽ അവനൊടു ചെൎന്നു മത്സരപ്രവൃത്തിയിൽ സഹാ
യിച്ചതല്ലാതെ അവൻ മഹാസുന്ദരനും കൌശലക്കാരനും ആകകൊണ്ടു പ്രജ
കൾ മിക്കവാറും അവനെ അനുസരിച്ചു സെവിപ്പാനും നിശ്ചയിച്ചിരുന്നു-ഉ
ടൻ സമാചാരങ്ങളെല്ലാം ഹെബ്രൊനിൽ രാജാവായി വാഴുന്നവനെന്നുള്ള ശ്രു
തി യരുശലെമിൽ എത്തിയാറെ ദാവീദ് ഭ്രമിച്ചു വിശ്വസ്തന്മാരൊടു കൂടെ വൈ
കാതെ ഒടിപ്പൊക പട്ടണത്തിന്നു യുദ്ധനാശം വരരുതെന്നു കല്പിച്ചു പുറപ്പെട്ടു
ദുഃഖിച്ചു തലമൂടി കരഞ്ഞുംകൊണ്ടു കിദ്രൊൻപുഴയെ കടന്നു ഒലിവമലയെ
കരെറി യാത്രയായി-ബന്യമീൻ നാട്ടിൽ കൂടി ചെല്ലുമ്പൊൾ ശൌലിന്റെ ബ
ന്ധുവായ ശിമയി എന്നവൻ അവനെ കണ്ടു ശപിച്ചു കല്ലെറിഞ്ഞു പൊ പൊ
രക്തപുരുഷ എന്നും മറ്റും വിളിച്ചു പറഞ്ഞാറെ ദാവീദിന്റെ സെനാപതി
നായ അബിശയി അവനെ കൊല്ലുവാൻ ഭാവിച്ചപ്പൊൾ ദാവീദ് വെണ്ടാ അ
വൻ ശപിക്കട്ടെ ഇപ്രകാരം ചെയ്വാൻ യഹൊവ കല്പിച്ചതല്ലൊ എന്നു പറഞ്ഞു-
അനന്തരം ദാവീദ് യൎദ്ദൻ നദിയെ കടന്നു മഹനൈം കൊട്ടയിൽ എത്തിപാ
ൎത്തപ്പൊൾ അബ്ശലൊം യരുശലെമിൽ പ്രവെശിച്ചു രാജാസനത്തിന്മെൽ ഇരു
ന്നുകൊണ്ടു സാധിച്ചു എന്നു വിചാരിച്ചു അഛ്ശനെ വല്ലപ്രകാരവും കുടുക്കുവാൻ നി
ശ്ചയിച്ചാറെ ദാവീദ് തന്റെ വിശ്വസ്തരെ ചെൎത്തു യൊവാബ എന്ന സെനാപ
തിയുടെ വശത്തിൽ എല്പിച്ചു മത്സരക്കാരെ അടക്കി വെപ്പാൻ അയച്ചു-പൊ
കുമ്പൊൾ സൂക്ഷിച്ചിട്ടു ബാലകനായ അബ്ശലൊമൊടു പതുക്കെ ചെയ്യാവു എന്നു
കല്പിച്ചു-അവർ വനത്തിൽ പട തുടങ്ങിയാറെ ശത്രുക്കൾ തൊറ്റു അബ്ശലൊം കൊ
വെക്കഴുതപ്പുറത്തു ഏറി ഓടി ഒരു മരാമരത്തിൻ കീഴെ വന്നപ്പൊൾ അവന്റെ
നീണ്ട തലമുടി കൊമ്പിന്മെൽ പിടിപ്പെട്ടു അവൻ തൂങ്ങി നിന്നു കഴുത ഓടിപ്പൊയി-
അതിനെ കണ്ട ഒരുത്തൻ യൊവാബെ അറിയിച്ചു നീ അവനെ കൊല്ലാഞ്ഞത്
എന്ത് എന്നു ചൊദിച്ചാറെ അവൻ എനിക്ക ൧൦൦൦ ശെക്കൽ വെള്ളി തന്നാ
ലും ഞാൻ രാജപുത്രന്റെ നെരെ കൈ നീട്ടുകയില്ല-ബാലനെ സൂക്ഷിച്ചുകൊ
ള്ളിൻ എന്നു രാജാവിന്റെ കല്പന ഞാൻ കെട്ടുവല്ലൊ എന്നു പറയുമ്പൊൾ
യൊവാബ ഞാൻ താമസിക്കയില്ല എന്നു ചൊല്ലി മൂന്നു കുന്തം എടുത്തു പൊയി അ

ബ്ശലൊമിന്റെ മാറിൽ കുത്തി കൊല്ലിക്കയും ചെയ്തു-

അനന്തരം ചിലയാളുകൾ ദാവിദിന്റെ അടുക്കെ ചെന്നു ശത്രുക്കൾ തൊറ്റു മകനും മരിച്ചിരിക്കുന്നു എന്നു അറിയിച്ചപ്പൊൾ അവൻ ഭ്രമിച്ചു എൻ മകനായ അബ്ശലൊമെ ഞാൻ നിനക്ക പകരം എന്തു കൊണ്ടു മരിക്കാതിരുന്നു എൻ മകനെ എൻ മകനെ എന്നു വിളിച്ചു കരഞ്ഞു കൊണ്ടിരുന്നു- ആയുദ്ധത്താൽ മത്സരിച്ചവർ എല്ലാവരും അടങ്ങി രാജാവെ പട്ടണക്കാരും ശരണവും അപെക്ഷിച്ചു- പിന്നെ യഹൂദ ഗൊത്രക്കാർ യർദ്ദൻ വിരത്തു വന്നു ദാവിദിനെ എതിരെറ്റു കടത്തിയപ്പൊൾ ശിമയിയും എട്ടുത്തു രാജാവെ കണ്ടു തൊഴുതു അപെക്ഷിച്ചതിന്നു അവനെ താല്പൎയ്യത്തൊടെ ക്ഷമ ചൊദിച്ചു- ഇപ്രകാരം ദാവിദ് ജയഘൊഷത്തൊടെ യരുശലെമിൽ മടങ്ങി വന്നു മുമ്പെ പൊലെ രാജാവായി വാണു സൎവ്വ പ്രജകളെയും രക്ഷിച്ചു പൊരുകയും ചെയ്തു-

## ൫൭. ഇസ്രയെലിലെ രൊഗബാധ-

ദാവിദ് യരുശലെമിലെക്ക പൊകുമ്പൊൾ മത്സരഭാവം പുതുതായി തുടങ്ങി ബെന്യമീൻ ഗൊത്രനായ ശെബ എന്നൊരുത്തൻ കലഹത്തിന്നായി കാഹളം ഊതി ദാവിദ് ഭവനത്തൊടു ഞങ്ങൾക്ക എന്തൊരു ചെൎച്ച എന്ന ഗൊത്രക്കാർ തങ്ങളെ ബൊധിക്കുന്ന പ്രകാരം കാൎയ്യാദികളെ നടത്താമല്ലൊ എന്നും മറ്റും പറഞ്ഞു ദ്രൊഹിച്ചാറെ യൊവാബ് പട്ടാളങ്ങളെ ചെൎത്തു കലഹക്കാരെ പിന്തുടൎന്നു ശെബയെ കൊല്ലിച്ചു അവനൊടു ചെൎന്നവരെ അമൎത്തു വെക്കയും ചെയ്തു-

ആറു കാലം കഴിഞ്ഞ ശെഷം മത്സര ദൊഷം ദാവിദിന്റെ ഭവനത്തിൽ നിന്നു തന്നെ ഉത്ഭവിച്ചു വന്നു- രാജാവ് വൃദ്ധനായപ്പൊൾ അബ്ശലൊമിന്റെ അനുജനായ അദൊനിയാ രാജ്യഭാരം മൊഹിച്ചു തെർ കുതിരകളെയും മറ്റും സമ്പാദിച്ചു യൊവാബിന്റെ സഹായത്താൽ രാജാസനം കരെറി അച്ചനു പകരം വാഴുവാൻ പ്രതിജ്ഞ ചെയ്തു- രാജാവും ബത്ശെബയുടെ പുത്രനായ ശലൊമൊനെ വാഴിക്കെണം എന്നു വരങ്ങ(?) കൊണ്ടു ദാവിദ് അദൊനിയാവുടെ ഉത്സാഹത്തെ നിഷ്ഫലമാക്കി ശലൊമൊൻ തന്നൊടു കൂടെ രാജാവ് എന്നു ഘൊഷിപ്പിക്കയും ചെയ്തു-

അവൻ രാജാസനം കരെറും മുമ്പെ രാജ്യത്തിൽ എങ്ങും കാറെറ്റമഴയായൊ

ധുണ്ടാക്കിയതിന്റെ സംഗതി എന്തെന്നാൽ- സാത്താൻ ഇസ്രയെലിന്നു വി
രൊധം ഭാവിച്ചു രാജാവെ വശീകരിച്ചപ്പൊൾ ദാവിദ് മന്ത്രികളൊടു ഇസ്രയെ
ലിൽ പാടെ കടന്നു പ്രാപിക്കുന്ന പുരുഷന്മാരെ എണ്ണുവിൻ എന്നു കല്പിച്ചു- യൊ
വാബ് ഈ കാൎയ്യം ദൈവത്തിന്നു അനിഷ്ടം എന്നറിഞ്ഞു വിരൊധിച്ചു എങ്കി
ലും രാജാവ് കെൾക്കായ്ക്കകൊണ്ടു തലവന്മാരൊടു കൂട പുറപ്പെട്ടു ഒമ്പത് മാസത്തി
ന്നകം എല്ലാവരെയും എണ്ണി ചാൎത്തി കണക്ക് അറിയിച്ചാറെ രാജാവിന്നു
ഇതു അകൃത്യം എന്ന ബൊധം വന്നു ദുഃഖിച്ചു യഹൊവയൊടു ഞാൻ ചെയ്ത പാ
പത്തെ ക്ഷമിക്കെണമെ എന്ന അപെക്ഷിച്ചപ്പൊൾ ദൈവനിയൊ
ഗത്താൽ പ്രവാചകനായ ഗാദ് രാജാവെ ചെന്നു കണ്ടു യഹൊവ മൂന്നിൽ ഒ
ന്നു വരിപ്പാൻ കല്പിക്കുന്നു ൭ വൎഷത്തെ ക്ഷാമമൊ- മൂന്നു മാസത്തെ അപ
ജയമൊ- മൂന്നു ദിവസത്തെ രൊഗബാധയൊ എന്തു വെണ്ടു എന്നു പറഞ്ഞു
കെട്ടാറെ ദാവിദ് എനിക്ക് അത്യന്തം വ്യാകുലം ഉണ്ടു യഹൊവ മഹാകരുണ
യുള്ളവനാകകൊണ്ടു ഞാൻ അവന്റെ കൈയിൽ വീഴട്ടെ മനുഷ്യരുടെ
കൈയിൽ അരുത് എന്നു പറഞ്ഞ ശെഷം യഹൊവ മഹാ ഘൊരത്തൊടെ ഇസ്ര
യെലിൽ വരുത്തിയ ദീനത്തിൽ നിന്നു ബെൎശെബ വരെക്കും ൭൦൦൦൦ ജനങ്ങൾ മരിക്ക
യും ചെയ്തു- പിന്നെ ദൈവദൂതൻ യരുശലെമിൽ നാശം ചെയ്തപ്പൊൾ യഹൊ
വ മനസ്സലിഞ്ഞു മതി എന്നു കല്പിച്ചു- ദാവിദ് ദൈവദൂതൻ മൊറിയ മല
മെൽ ഒൎന്നാൻ എന്ന യബൂസ്യ പ്രഭുവിന്റെ കളത്തിൽ നില്ക്കുന്നതു കണ്ടപ്പൊൾ
പ്രാൎത്ഥിച്ചു പിന്നെ അതിനൊട്ടു ചെന്നു ആ പ്രഭുവൊടു കാളകളെയും കളത്തെ
യും വിലെക്കു വാങ്ങി യഹൊവെക്കു ബലിപീഠത്തെ പണിയിച്ചു ബലികഴി
ച്ചു പ്രാൎത്ഥിച്ചു ഉടനെ ബാധ തീരുകയും ചെയ്തു-

അനന്തരം ദാവിദ് മൊശ കുടെയന്ത്ര പ്രകാരം ലെവ്യരിൽ നിന്നു ൩൮൦൦൦ പെ
രെ വരിച്ചു നാലു വകക്കാരാക്കി- ശെഷം ലെവ്യരെ ൨൪ വകക്കാരാക്കി ദൈവാ
ലയത്തിലെ സെവക്കായി നിയമിച്ചു- പിന്നെ അഹരൊന്റെ പുത്രന്മാരിൽ
നിന്നു ൪൦൦൦ ആളുകളെ എടുത്തു അവരെയും ൨൪ വകക്കാരാക്കി ദൈവാലയത്തിലെ
വാദ്യഘൊഷങ്ങൾക്കായി വെച്ചു ഇവൎക്കു മുഖ്യന്മാർ ആസാഫ്- ഹെമാൻ- എ

തിരുവർത്തന്നെ-

## ൪൨. ശലൊമൊൻ-

ദാവിദ്രാജാവ് അവിടത്തെന്റെ വാഴ്ചയുടെ ഒടുവിൽ ദൈവാരാധന
പ്പക്രമത്തിൽ എത്രയും സകലവും വഴിപൊലെ നടക്കെണ്ടതിന്നു ഉത്സാഹിച്ചു പ്ര
കാരം അവസാനം വരെ എല്ലാ വിശുദ്ധകാൎയ്യം തന്നെ മനസ്സിൽ ധരിച്ചു വെഹുതാ
ല്ലുഷ്യത്തൊടെ നടത്തി- അവൻ രാജ്യത്തിലെ പ്രധാനികളെയും ശ്രെഷ്ഠ
ന്മാരെയും വരുത്തി അവരുടെ മുമ്പാകെ തന്റെ പുത്രനായ ശലൊമൊ
ന്റെ വക്കൽ രാജ്യഭാരം എല്പിച്ചു താൻ പണിയിപ്പാൻ ഭാവിച്ച ദൈവാല
യത്തെ താമസം കൂടാതെ കെട്ടി തീൎക്കെണം എന്നു കല്പിച്ചു- പിന്നെ താൻ
വരച്ച മാതൃകകളെയും കെട്ടിപണിക്കത്തരെറവില്ലാതൊളം സ്വരൂപിച്ച
വെള്ളി ചെമ്പ് ഇരിമ്പ് മുതലായവയും ഓഫീരിൽ നിന്നുള്ള പൊൻ വെള്ളിപാത്ര
ങ്ങൾ മുറിച്ചു ഒരുക്കിയ മരങ്ങൾ ചെത്തിയ കല്ലുകൾ ഈ വകകളെല്ലാം ഏല്പിച്ചു
കൊടുത്തതുമല്ലാതെ ജനങ്ങളൊടും പ്രത്യെകം ധനവാന്മാരൊടും നിങ്ങളും
പ്രാപ്തിപൊലെ വിശുദ്ധ പണിക്കായി പൊൻ വെള്ളി മുതലായ വസ്തുക്കളെ
ഉം കൊണ്ടു കൊടുപ്പിൻ എന്നു പറഞ്ഞു ഉത്സാഹിപ്പിക്കയും ചെയ്തു-
ശലൊമൊന്നു ഉണ്ടായ ധനപുഷ്ടിപൊലെ ഒരു കാലത്തും ഒരു രാജാക്കന്മാർ
ക്കും ഉണ്ടായില്ല- ഇസ്രയെല്യർ അവന്റെ വാഴ്ചയിൽ സമാധാനത്തൊ
ടെ പാൎത്തു രാജ്യത്തിലെ ഫലപുഷ്ടി സുഖെന അനുഭവിച്ചു- എന്നാലൊ
ധനത്തെക്കാളും രാജാവിന്നു ജ്ഞാനം അധികമായി വന്നു- അതിന്റെ കാ
രണം അവൻ രാജ്യഭാരം ഏറ്റപ്പൊൾ യഹൊവ ഒരു സ്വപ്നത്തിൽ പ്രത്യ
ക്ഷനായി നിനക്കു ഇഷ്ടമായതിനെ ചൊദിക്ക എന്നു കല്പിച്ചപ്പൊൾ ശലൊ
മൊൻ നിന്റെ അസംഖ്യജനത്തെ ഭരിക്കെണ്ടതിന്നു ഞാൻ പൈതലട്ടം അ
റിയാത്തവൊല നാമന്നന്തരം കൊണ്ടു ഗുണദൊഷങ്ങളെ തിരിച്ചറിയുന്നെ
ജ്ഞാനം നിന്റെ വംശത്തിൽ നടത്തെണ്ടതിന്നു കെട്ടുന്ന സരിഷ്ഠ ഹൃദയം
തരെണമെന്നു അപെക്ഷിച്ചു ആ പ്രകാരം അപെക്ഷിച്ചപ്പൊൾ യഹൊവ പ്ര
സാദിച്ചു ദീൎഘായുസ്സും സമ്പത്തും ജയവും എന്നീ വകയല്ലാതനുസരിക്കുന്ന

ഹൃദയത്തെ ചെരിച്ചതുകൊണ്ടു ഞാൻ നിന്റെ നെരെ കൊപത്തൊ
ടെ ഭൊഷകൃത്യങ്ങൾക്കും വരാത്ത ജ്ഞാനവും വിവെകവും ഉള്ള ഹൃദയം ഞാൻ നിന-
ക്കു തന്നതിനെ അപെക്ഷിക്കാത്ത വെപൊക്കും തെറ്റും കൂടതിൽ കാലമുള്ള
രാജാക്കന്മാരിലും അധികമാക്കി സാധിപ്പിച്ചിരിക്കുന്നു എന്നു കല്പിച്ചു - അ
പ്രകാരം തന്നെ അവന്നു സംഭവിക്കയും ചെയ്തു

ശലൊമൊന്നുണ്ടായ ജ്ഞാനം സമ്പത്തു പ്രഭാവം ഇവ അതിശയിത്താലെ
വൻ തന്നെ എല്ലാ രാജാക്കന്മാരിലും ശ്രെഷ്ഠനായവൻ - അവൻ ഒരൊ
രാജ്യങ്ങളിൽ കപ്പലുകളെ അയച്ചു വ്യാപാരം നടത്തി - ദൂരദെശങ്ങളിൽ നി
ന്നു രാജാക്കന്മാർ അവനെ ചെന്നു കണ്ടു അവന്റെ ജ്ഞാനത്തെ കെട്ടു
അതിശയിച്ചു - അവന്റെ സുഭാഷിതങ്ങൾ ഇന്നൊളം ബുദ്ധിമാന്മാൎക്കും
ബുദ്ധിഹീനന്മാൎക്കും ഫലമെകുന്ന ജ്ഞാനവൃക്ഷമായിരിക്കുന്നു - ഇത്രയും ജ്ഞാ
നവിശെഷം രാജാവിന്നുണ്ടായിരുന്നെങ്കിലും അതിനാൽ പാപത്തിൽ നിന്നു
തെറ്റി ശുദ്ധനായി പൊരുത്തുവന്നവനല്ല - അവൻ മിസ്രയിം മുതലാ
യ ദെശങ്ങളിൽ നിന്നും കനാൻ വംശത്തിൽ നിന്നും മറ്റും അന്യജാതി രാജപുത്രി
മാരെ വരുത്തി രാജധാനിയിൽ പാൎപ്പിച്ചു അവർ തങ്ങളുടെ ദെവബിംബങ്ങളെ കൊ
ണ്ടുവന്നു വെച്ചു സെവിച്ചു ശലൊമൊന്റെ മനസ്സു വഷളാക്കിക്കളഞ്ഞു - ആ
പ്രകാരം ജ്ഞാനം ഏറിയ രാജാവ് പാപവഴിയും ഇസ്രയെല്യരെ ആക്കി ചെയ്തു
ഒരെലം പരിച്ചു മഹാപാപത്തിൽ അകപ്പെട്ടു പൊയതിന്റെ ഫലവും അ
നുഭവിക്കെണ്ടി വന്നു - ഈ വക ദൊഷങ്ങളെ ഭയപ്പെട്ടു ഒഴിഞ്ഞു നില്പാൻ അ
വൻ എല്ലാവൎക്കും ദൃഷ്ടാന്തമായി ഭവിക്കയും ചെയ്തു

## ൫൩. രാജ്യവിഭാഗം

ശലൊമൊ മരിച്ചതിന്റെ ശെഷം പുതിയ രാജാവെ വാഴിപ്പാൻ ഇസ്രയെ
ൽ പുരുഷന്മാർ എല്ലാവരും ശികെമിൽ വന്നു കൂടി - അവർ ശലൊമൊന്റെ
പുത്രനായ രഹബ്യാമിന്റെ ദുശ്ശീലവും ക്രൂരസ്വഭാവവും അറിഞ്ഞിട്ടു യരൊബ്യാം
എന്ന മിസ്രസ്ഥനായ വാനരം അവനൊടു നിൻ പിതാവ് ഞങ്ങടെ മെൽ ചുമ
ത്തിയ ഭാരം ചുമത്തിയിരിക്കുന്നതിനെ കുറച്ചു തരെണം എന്നു പറഞ്ഞു

ൽ ഞങ്ങൾ നിന്നെ അനുസരിച്ചു സെവിക്കാം എന്നു ബൊധിപ്പിച്ചാറെ രഹബെയാം
കാഴ്ചും വിചാരിച്ചു എൻ പിതാവ് നിങ്ങളുടെ നുകത്തെ ഭാരമാക്കി എന്നാൽ ഞാൻ
അതിൽ നിന്നു കനമാക്കി കൂട്ടുകയത്രെ ചെയ്യും അപ്പൻ നിങ്ങളെ ചമ്മട്ടികൊണ്ടു എ
ൻ ചെറുവിരൽ തടിച്ചതു അപ്പൻ ചമ്മട്ടികളെ കൊണ്ടു അടിച്ചു ഞാൻ തെളാ
വിന്റെ ചമ്മട്ടികളൊടു കൂടിയ തെളുകളെ കൊണ്ടു ശിക്ഷിക്കും എന്നു കല്പിച്ചു
ഈ കഠിന വാക്കു കെട്ടു അവനിൽ നിന്നു ഗുണം വരികയില്ല എന്നു കണ്ടപ്പൊൾ ഇ
സ്രായെല്യർ ദാവിദ്വംശം നമുക്കു എന്തു ഇസ്രായെലെ നിന്റെ കൂടാരങ്ങളിലെക്കു തിരിച്ചു
ചെല്ലുക — ദാവിദെ നിന്റെ ഭവനത്തെ നൊക്കുക എന്നു പറഞ്ഞു പിരിഞ്ഞു — ഇപ്രകാ
രം പത്തു ഗൊത്രങ്ങൾ ദാവിദ്ഗൃഹത്തിൽ നിന്നു നീങ്ങി തങ്ങളുടെ ... എണ്ണും ഇ
സ്രായെൽ രാജ്യത്തിന്നു അധിപതിയായി യറൊബെയാം എന്ന പ്രസിദ്ധിയുള്ളവനായവനെ രാജാ
വാക്കി അനുസരിക്കയും ചെയ്തു — പിന്നെ രഹബെയാം പിരിഞ്ഞു പൊയ ഇസ്രായെ
ലരൊടു പക വീട്ടുവാൻ യുദ്ധത്തിന്നു പട കൂട്ടി പുറപ്പെട്ടാറെ യഹൊവാ ശമയ്യ എന്ന
പ്രവാചകനെ അയച്ചു പറയിച്ചതു നിങ്ങൾ സഹൊദരന്മാരൊടു പൊരുവാൻ പൊ
കാതെ മടങ്ങി പൊകുവിൻ ഈ കാര്യം എന്നിൽ നിന്നു ഉണ്ടായതു — എന്ന പ്രകാ
രം കെട്ടപ്പൊൾ അവർ അനുസരിച്ചു മടങ്ങി പൊകയും ചെയ്തു —
അനന്തരം യറൊബെയാം ഇസ്രായെൽ ദൈവമായ യഹൊവായെ ഉപെക്ഷിച്ചു ആ
രാധനെക്കായി ബെഥെൽ ദാൻ എന്ന രണ്ടു സ്ഥലങ്ങളിൽ പൊൻ കാളകളെ
പ്രതിഷ്ഠിച്ചു ഇസ്രായെൽ പെരുന്നാളിന്നു യരുശലെമിലെക്കു പൊകാതിരിപ്പാൻ തന്ത്രം വി
ചാരിച്ചു പിന്നെ ബെഥെലിൽ ഉണ്ടാക്കിയ വെദിയിന്മെൽ താൻ കയ
റി ധൂപം കഴിപ്പാൻ ഭാവിച്ചപ്പൊൾ യഹൊവാ യഹൂദയിൽ നിന്നു അയച്ചൊ
രു ദൈവപുരുഷൻ ചെന്നു യഹൊവായുടെ വാക്കു കെട്ടു ദാവിദ്വംശ
ത്തിൽ നിന്നു യൊശിയാ എന്നവൻ ജനിക്കും അവൻ നിന്റെ മെൽ പൂജാരികളെ അറുത്തു മനു
ഷ്യാസ്ഥികളെയും ഇട്ടു ചുടും എന്നും മറ്റും കെട്ടാറെ യറൊബെയാം കൈ നീട്ടി അ
വനെ പിടിപ്പിൻ എന്നു കല്പിച്ചപ്പൊൾ കൈ ശൊഷിച്ചു മടക്കുവാൻ കഴിയാതെ വെദിയും പിളൎന്നു
ചാരം ആക്കി — പിന്നെ രാജാ ദൈവപുരുഷനൊടു തനിക്കു വെണ്ടി യഹൊവായൊടു
പ്രാൎത്ഥിക്ക എന്നു അപെക്ഷിച്ചാറെ അവൻ പ്രാൎത്ഥിച്ചു രാജാവിന്റെ കൈ ...

സ്ഥമാക്കി വരികയും ചെയ്തു— അനന്തരം എലിശാദ് ദൈവകല്പനപ്രകാരം
ശെവകാരനെ തന്റെ ശിഷ്യരിൽ ഒരുത്തനെ യാത്രയാക്കി അപ്പോൾ വൃദ്ധനായ യൊരാമിന്റെ
ദിൽ സൈന്യത്തിൽ നിന്ന അവന്റെ വഴിയെ ഒട്ടിച്ചു വാഴ്ചയും വരുത്തുന്ന അവനെ
ടക്കിയതിൽ പാർപ്പിച്ചു— അവൻ ദൈവകല്പനെക്കുറിച്ചു രാജനായി അഭിഷേകിച്ചു
കുടിച്ചു ശെഷം താഴ്ത്തപ്പുറമെ തന്റെ സ്ഥലത്തെക്കു പൊയ്ക്കളഞ്ഞു പൊക്കി
വഴിയിൽ വെച്ചു യെഹൂ അവനെ കണ്ടു ഹിമച്ചു തൊന്നു താഴ്തയെക്കും
ശവത്തെയും തൊടാതെ നിന്നുകൊണ്ടിരുന്നു— വൃദ്ധനായ യിസ്രയെലിൽ അവ
സ്ഥലത്തെക്കു പൊയപ്പൊൾ ഇത്രനെരം സമനെക്കൊണ്ടു മുമ്പിൽ വന്നിരുന്നു പുറപ്പെ
ട്ടു ഒരാൾ ശവത്തെ അവിടെ കൊടുത്തിട്ടു പൊകയും ചെയ്തു—
യഹൊവാ ഇപ്രകാരമുള്ള ദൈവശിക്ഷകളെ കണ്ടിട്ടും യിസ്രയെലിനെ വിട്ടാ
തെയും മനസ്സുതിരിയാതെയും ബിംബങ്ങളെ സെവിച്ചു രാജ്യത്തെയും
പ്രജകളെയും വഷളാക്കിക്കളഞ്ഞു— ഇസ്രയെല്യർ യഹൊവയെ വിട്ടിരുന്ന
ന്യദെവകളെ സ്മരിച്ചുകൊണ്ടിരിക്കുമ്പൊൾ സൌഖ്യവും സമാധാനവും രാ
ജ്യത്തിൽ നിന്നു നീങ്ങി കലഹമത്സരങ്ങളും ഉണ്ടായിച്ചു ഒരൊരുത്തർ ഡംഭിച്ചു രാ
ജാവെ ദ്രൊഹമായി കൊന്നു തങ്ങൾ രാജാസനം കെറുവാൻ തുനിയും— അ
വർ യരൊബ്യാം സ്ഥാപിച്ച വൃഷഭസെവയെ മാത്രമല്ല അന്യജാതികളുടെ
സകല ബിംബാരാധനയെയും ശീലിച്ചു നടത്തി നരബലികളെയും കഴിച്ചു മ
ഹാപാപങ്ങൾ ക്രമങ്ങളിൽ രസിച്ചു പുഷ്ടി പൊകയും ചെയ്തു—

൪൪. അദ്ധ്യായം—

യഹൊവാ ഉയ്യയെ ചെമ്പിച്ചു അന്യദെവകളെ സെവിച്ച രാജാക്കന്മാരിൽ
ആഹാബ് എന്നവൻ പ്രധാനൻ— അവന്റെ ഭാര്യ ഈസബെൽ എന്ന
ശീദൊനിൽ ബാലദെവനുള്ള ക്ഷെത്രങ്ങളെ പണിയിച്ചു അവയിൽ വിഗ്രഹ
ങ്ങളെ പ്രതിഷ്ഠിച്ചു— ബാൽ ദെവന്നു ൪൫൦ പൂജാരികളെയും അശെരയ്ക്കു ൪൦൦
പ്രവാചകന്മാരെയും വെച്ചു ക്രൂരസെവയെ നടത്തി— യഹൊവയുടെ വഴിയെ ഉപ
ദെശിച്ചു സെവിക്കുന്നവരെ ഹിംസിച്ചു പ്രവാചകന്മാരെ കൊല്ലുകയും ചെയ്തു— അ
ന്നു രാജ്യത്തിന്റെ ഉദ്യോഗസ്ഥന്മാരിൽ ഒരുവൻ മാത്രം യഹൊവയെ ഭ

യപ്പെട്ട അവൻ രാജ്ഞിയുടെ സ്ത്രീപ്രവൃത്തിയെ കണ്ടേറ്റം ഭയപ്പെട്ട് പ്രവാച
കന്മാരുടെ വാക്കിൽ ഉൾപ്പെട്ട രഹസ്യമാകുന്ന അപ്പവും വെള്ളവും കൊണ്ടുപോ
ട്ടു ക്രൂശിൽ കാലത്തിൽ വന്ന ദിവസം മുതൽ ഏലിയാ പ്രവാചകൻ തന്റെ സ്വ
ർഗ്ഗാരോഹണത്തിന്റെ മുമ്പെ പറഞ്ഞപോലെ മൂന്നര സംവത്സരത്തിൽ
മഴയും മഞ്ഞും ഉണ്ടാകയില്ല എന്നു പറഞ്ഞു - പിന്നെ വർഷിക്കുന്ന കാലം വന്നപ്പോൾ
ഇസ്രായേലിന്റെ രാജ്യത്തിൽ ഉള്ള കാക്കകൾ കൊണ്ടുവന്ന അപ്പങ്ങ
ളും ഇറച്ചിയും തിന്നു കുടിച്ചു കൊണ്ടിരുന്നു എന്നും ഉണ്ട്
അനന്തരം തോട്ടു വറ്റി പോയതിന്റെ ശേഷം അവിടെ പാർപ്പാൻ കഴിയാതെ
അവൻ സാരെപ്താ നഗരത്തിൽ ചെന്നു ഒരു വിധവയായ സ്ത്രീയുടെ വീട്ടിൽ പാർത്തു
അവിടെ വെച്ച് അവളുടെ മാവും എണ്ണയും ഒടുങ്ങാതെ ഇരിപ്പാൻ തക്കവണ്ണം
അനുഗ്രഹിച്ചു ഒരു ദിവസം അവളുടെ പുത്രൻ മരിച്ചപ്പോൾ അവനെ
ജീവിപ്പിച്ചു പിന്നെ മരണം കൂടാതെ ജീവിച്ചിരുന്ന ഈ ഏലിയാ
പറഞ്ഞപ്പോൾ ആകാശം അടെക്കപ്പെട്ടു മഴ ഇല്ലാതെ പോയി
ന്നിട്ടു പിന്നെ അവൻ പ്രാർത്ഥിച്ചപ്പോൾ മഴയും പെയ്തു
മഴ പെയ്യുന്ന ദിവസത്തോളം ഉണ്ടാകയില്ല എന്ന് ഇസ്രായേലിന്റെ
ദൈവം കല്പിക്കുന്നു എന്ന് പറഞ്ഞു അവൻ കൊട്ടാരത്തിൽ ഇരിക്കുന്ന രാജാവി
നോടും അവളുടെ പ്രവാചകന്മാരോടും ദൈവവചനപ്രകാരം അറിയിക്കുന്ന
പാപം ദുഷ്ടതയെ ശിക്ഷിക്കയും ചെയ്തു -
പിന്നെ മഴ ഉണ്ടാകാതെ മൂന്നര സംവത്സരം കഴിഞ്ഞതിന്റെ ശേഷം ദൈവവചനത്താ
ൽ മഴ പെയ്യിപ്പാൻ വേണ്ടി ആഹാബിനെ കണ്ടു ദൈവമായവൻ ആരാകുന്നു
എന്ന് എല്ലാവരും അറിയേണ്ടതിന്നു കർമ്മേൽ മലയിൽ ബാലിന്റെ പ്രവാചകന്മാരെ
എല്ലാവരെയും കൂട്ടി വരുത്തി അവർ യാഗം കഴിച്ചിട്ടും തീ ഇറങ്ങാതെ അവർ ലജ്ജി
ച്ചും ഏലിയാ പ്രാർത്ഥിച്ചപ്പോൾ ആകാശത്തിൽ നിന്നു തീ ഇറങ്ങി യാഗത്തെ ദഹിപ്പിച്ചു
തിന്നുകളഞ്ഞു പ്രവാചകന്മാരെ കൊന്നു ഏലിയാ പ്രാർത്ഥിച്ചപ്പോൾ മഴയും പെയ്തു
അനന്തരം ആ ദുഷ്ട രാജ്ഞി ഈസബേൽ ഏലിയാവിനെ കൊല്ലുവാൻ അന്വേഷിക്കുമ്പോൾ
എല്ലാവരും ഭയപ്പെട്ടു കർമ്മേൽ മലയിൽ നിന്നു വന്നു ഓടി പോയി ഹോറേബ് മലയിൽ

പുറങ്ങു പക്ഷമാകുന്നത എന്ത്രാളും യഹോവാ ദൈവമാകുന്നു അവനെ വ
ഴിപ്പെട്ടു സെവിക്കിൽ ബാൽ എന്നു കുന്നതെങ്കിൽ ബാലിനെ അനുസരിക്കിൽ എന്നു
പറഞ്ഞതിന്നു മിണ്ടാതെ പാർത്ത സമയം യഹോവാ പ്രവാചകനിൽ ഞാന
ത്രെ ശെഷിച്ചുള്ളു ബാലിന്നുള്ളവർ ൪൫൦ പെരുണ്ടല്ലൊ— ഒരു കാളയെ അ
വരും ഒരു കാളയെ ഞാനും ബലി കഴിക്കട്ടെ ആരും തീ കൊളുത്തരുത്— അ
വർ തങ്ങളുടെ ദൈവനാമത്തെ വിളിക്കട്ടെ ഞാനും യഹോവ നാമത്തെ വിളിക്കും
അഗ്നിയാൽ ഉത്തരം കല്പിക്കുന്നവൻ അത്രെ ദൈവമാകെണ്ടു എന്നു പറഞ്ഞ
തു എല്ലാവർക്കും സമ്മതമായി— പൂജാരികൾ ഒരു കാളയെ കൊന്നു ഒരുക്കി തറ
മെൽ വെച്ചു ഉദയം മുതൽ ഉച്ചയോളം ബാലെ വിളിച്ചു തുള്ളി ചുറ്റി കൊണ്ടി
രുന്നു— ഉത്തരം ഒന്നും വരാഞ്ഞപ്പൊൾ എലിയാ പരിഹസിച്ചു ബാൽ ധ്യാനിക്കുന്നു
വൊ പ്രയാണമായൊ ഉറങ്ങുന്നുവൊ എന്നായിട്ടും വിളിപ്പിൻ എന്നു പറഞ്ഞ
തു കെട്ടു അവർ നിലവിളിച്ചു തങ്ങളെ കത്തി വെട്ടി മുറിച്ചും കൊണ്ടു സന്ധ്യ
യാളും വെളിച്ചപ്പാട് കഴിച്ചു എന്നിട്ടും ഉത്തരം ഉണ്ടായതുമില്ല—
ബലി കഴിക്കെണ്ടുന്ന നെരം ആയപ്പൊൾ എലിയാ ജനങ്ങളെ അടുക്കെ
വിളിച്ചു ഇടിഞ്ഞു പൊയ യഹോവ തറയെ നന്നാക്കി ചുറ്റും കുഴിച്ചു വിറകു കൂ
ട്ടി കാളയെ ഖണ്ഡിച്ചു തറമെൽ വെച്ചു കുഴി നിറവൊളം ബലിയുടെ മെൽ വെ
ള്ളം ഒഴിപ്പിച്ചു ശെഷം അബ്രഹാം ഇസ്രയെൽ യാക്കൊബ് എന്നവരുടെ ദൈവ
മായ യഹോവയെ ഇസ്രയെലിൽ നീ ദൈവം എന്നും ഞാൻ നിന്റെ ഭൃത്യൻ
എന്നും ഞാൻ ഒക്കയും നിന്റെ വചന പ്രകാരം ചെയ്തു എന്നും അറിയുമാറാകെ
ണമെ എന്നു പ്രാർത്ഥിച്ചു ഉടനെ യഹോവയുടെ അഗ്നി ഇറങ്ങി ബലിയെയും
തൊട്ടിലെ വെള്ളത്തെയും മറ്റും സംഹരിച്ചു ജനം എല്ലാം മുഖം കവിണ്ണു വീ
ണു യഹോവ താനെ ദൈവം എന്നു വിളിച്ചു പറഞ്ഞു എലിയാ ബാലിന്റെ പൂ
ജാരികളെ പിടിച്ചു കൊല്ലിക്കയും ചെയ്തു— പിന്നെ നാട്ടിലെ വറുതിയെ കണ്ടു മ
ഴ ഉണ്ടാകുവാൻ വെട്ടം പ്രാർത്ഥിച്ചു ബാല്യക്കാരനെ ഏഴു പ്രാവശ്യം പടിഞ്ഞാറൊ
ട്ടു നൊക്കുവാൻ നിയൊഗിച്ചു അവൻ ഏഴാമത് നൊക്കിയപ്പൊൾ കടലിൽനിന്നു
ഒരു ചെറു മെഘം കരെറുന്നതു കണ്ട പ്രകാരം അറിയിച്ചു— പിന്നെ എലിയാവു

ഹാബൊതെയിൽ കാരെനിരാഘയാനിക്കയുള്ളവരെന്ന ആകാശംകൊണ്ടു തീമ
ഴ പെയ്യിക്കും ചെയ്തു

അനന്തരം ആക്കാബ് രാജാവിന്റെ പുത്രനായ അഹസ്യാക്കു ദീനം പിടിച്ചു തനിക്ക സൌ
ഖ്യം ഉണ്ടാകുമൊ എന്ന ഫലിപ്പു ദെവനായ ബാല്സബുബിനൊടു ചൊദിപ്പാൻ
എക്രൊനിൽ ദൂതരെ അയച്ചപ്പൊൾ എലിയാ അവരെ എതിരെറ്റു ഇസ്ര
യെലിൽ ദൈവം ഇല്ലയെന്നൊ വെച്ചു നിങ്ങൾ എക്രൊനിൽ പൊകുന്നതു ഗുണം
വരാതെ നീ മരിക്കും നിശ്ചയം എന്ന യഹൊവയുടെ അരുളപ്പാടാകുന്നു എന്ന
പറഞ്ഞപ്പൊൾ ദൂതൻമടങ്ങി അഹസ്യായെ ചെന്നുകണ്ടു രൊമകുപ്പായം ധരിച്ചു
ള്ളൊരു ആൾ ഞങ്ങളെ എതിരെറ്റു രാജാവ് നിശ്ചയമായി മരിക്കും എന്നു ക
ല്പിച്ചു കെട്ടപ്രകാരം ബൊധിപ്പിച്ചാറെ അഹസ്യാ അയാൾ എലിയാ തന്നെ
എന്നു ചൊല്ലി അവനെ കെട്ടികൊണ്ടുവരെണ്ടതിന്ന ൫൦ ഭടന്മാരെ നിയൊ
ഗിച്ചയച്ചു അവർ മലകരെറി എലിയായുടെ അടുക്കെ എത്തിയപ്പൊൾ തലവ
ൻ ഹെ ദൈവപുരുഷ രാജാവിന്റെ കല്പനപ്രകാരം നീ ഇറങ്ങിവാ എന്നു പ
റഞ്ഞു. അപ്പൊൾ എലിയ ഞാൻ ദൈവപുരുഷനായാൽ സ്വൎഗ്ഗത്തിൽനിന്ന അ
ഗ്നി ഇറങ്ങി നിന്നെയും നിന്റെ ൫൦ ഭടന്മാരെയും സംഹരിക്കുക എന്നു കല്പി
ച്ചു അപ്രകാരവും സംഭവിച്ചു- അതിന്റെ ശെഷം രാജാവ് മറെറാരുത്തനെ
൫൦ ആളുകളൊടു കൂടെ അയച്ചു അവരും തീയാൽ നശിച്ചു മൂന്നാമത്തും ഒരുവൻ
ചെന്ന എത്തിവണങ്ങി ദൈവപുരുഷ കരുണ വിചാരിച്ചു ഞങ്ങളെ സംഹ
രിക്കാതിരിക്കെണമെ എന്ന അപെക്ഷിച്ചപ്പൊൾ എലിയാ ദൈവവച
നപ്രകാരം അവനൊടു കൂടെ മലയിൽനിന്ന ഇറങ്ങി രാജാവെ ചെന്നു കണ്ടു-
ഇസ്രയെലിൽ ദൈവം ഇല്ലയെന്ന പൊലെ എക്രൊനിൽ വാഴുന്ന ബാല്സ
ബുബിനൊടു ചൊദിപ്പാനായി ദൂതരെ അയച്ചതിനാൽ ഞെട്ടിനത്തിൽനിന്നു ഗു
ണം വരാതെ നീ മരിക്കും നിശ്ചയം എന്ന യഹൊവയുടെ അരുളപ്പാടാകുന്നു
എന്നു പറഞ്ഞു- അഹസ്യാ ആ വചനപ്രകാരം മരിക്കയും ചെയ്തു-

൪൪. എലിശ

എലിയാ ദൈവനിയൊഗപ്രകാരം തന്റെ ശിഷ്യനായ എലിശയെ സ്വ

സ്ഥാനത്തിൽ ആക്കിയശേഷം യഹോവ അവനെ കൊടുങ്കാറ്റിൽ കൂടി സ്വൎഗ്ഗ
ത്തിൽ കരേറുമാറാക്കി അവന്റെ ആത്മശക്തിയും എലിശാമേൽ അധിവസി
ച്ചു- എലിശാ പിന്നെ ബെത്തെലെക്കു കരേറി പൊകുമ്പൊൾ ബാല്യക്കാർ എ
തിരെ വന്നു അവനെ നിന്ദിച്ചു മൊട്ടത്തലയാ കരേറിവാ എന്നു വിളിച്ചപ്പൊൾ അ
വൻ അപ്പൊൾ ക്ഷമിക്കേണ്ടുന്ന സമയമല്ലെന്ന് അറിഞ്ഞു അവരെ യഹോവാ
നാമത്തിൽ ശപിച്ചാറെ കാട്ടിൽനിന്നു രണ്ടു കരടികൾ പാഞ്ഞു വന്നു ആ ദുഷ്ടന്മാ
രിൽ പലരെയും കീറിക്കളകയും ചെയ്തു-

അനന്തരം എലിശാ ഒരു സ്ഥലത്തു വന്നു ഒരു ദീൎഘദൎശിയുടെ വിധവ അവ
നെ കണ്ടപ്പൊൾ എന്റെ ഭൎത്താവ് മരിച്ചു പൊയി ഇപ്പൊൾ കടക്കാർ എന്റെ രണ്ടു
പുത്രന്മാരെ അടിമകളാക്കി കൊണ്ടുപൊകുവാൻ വരുന്നു എന്നു സങ്കട
പ്പെട്ടു പറഞ്ഞപ്പൊൾ എലിശാ നിന്റെ വീട്ടിൽ എന്തുണ്ട് എന്നു ചൊദിച്ചതിന്നു അ
വൾ എന്റെ വീട്ടിൽ ഒരു കുടം എണ്ണ മാത്രം ഉണ്ട് എന്നു പറഞ്ഞാറെ നീ പൊയി
അയല്ക്കാരികളൊടു ഒഴിഞ്ഞ പാത്രങ്ങളെ ചൊദിച്ചു വാങ്ങി പിന്നെ നീയും പുത്ര
ന്മാരും അകത്തു പ്രവെശിച്ചു വാതിൽ പൂട്ടി എണ്ണക്കുടത്തിൽനിന്നു പാത്രങ്ങളിൽ വ
ക്കൊളം പകൎന്നു നിറക്ക എന്നു കല്പിച്ചു- അവൾ അപ്രകാരം ചെയ്തു പാത്രങ്ങളെ
നിറച്ചതിന്നാറെ മകനൊടു ഇനിയും ഒരു പാത്രം കൊണ്ടെക്കൊടു എന്നു പറഞ്ഞ
തിന്നു പാത്രം എല്ലാം നിറഞ്ഞു എന്നു ചൊന്നാറെ എണ്ണ നിന്നു പൊയി- പി
ന്നെ എലിശാ എണ്ണയെ വിറ്റു നിന്റെ കടം തീൎത്തശേഷം ഉള്ളതു കൊണ്ടു നീയും പു
ത്രന്മാരും ജീവനവൃത്തി കഴിച്ചു കൊൾക എന്നു പറകയും ചെയ്തു

അനന്തരം സുറിയരാജാവിന്റെ പടനായകനായ നായമാൻ കുഷ്ഠരൊ
ഗം പിടിച്ചു അവന്റെ ഭാൎയ്യക്കു ദാസിയായ ഒരു ഇസ്രയെല്യസ്ത്രീ അതി
നെ കണ്ടപ്പൊൾ എന്റെ യജമാനൻ ശമൎയ്യയിൽ പാൎക്കുന്ന ദീൎഘദൎശിയെ
ചെന്നു കണ്ടാൽ കൊള്ളാം ആയവൻ രൊഗശാന്തി വരുത്തും എന്നു ബൊധി
പ്പിച്ചാറെ നായമാൻ വളരെ സമ്മാനങ്ങളെ കെട്ടി രഥത്തിൽ കയറി ഇസ്രാ
യെൽ നാട്ടിലെക്കു യാത്രയായി അവൻ ദീൎഘദൎശിയുടെ ഭവനത്തിന്റെ ഉമ്മ
റത്തെത്തി അവസ്ഥ അറിയിച്ചാറെ എലിശാ നീ ചെന്നു യൎദ്ദനിൽ ഏഴുവട്ടം കുളിക്ക

എന്നു പറയിച്ചു - നായമാൻ അതിനെ കെട്ടപ്പൊൾ ക്രുദ്ധിച്ചു പുറത്തുവന്നു
നിന്നു അവൻ തന്റെ ദൈവമാകും യഹൊവാനാമത്തെ വിളിച്ചു കൈ
കൊണ്ടു രൊഗസ്ഥലത്തു തടവി കൊണ്ടു കുഷ്ഠരൊഗത്തെ നീക്കും എന്നു
ഞാൻ വിചാരിച്ചിരുന്നു ദമെസ്കിലെ നദികൾ ഇസ്രയെലിലെ വെള്ളങ്ങളെക്കാ
ൾ ഗുണം എറയുള്ളതല്ലയൊ എന്നു പറഞ്ഞാറെ അവന്റെ ആളുകൾ അ
ച്ഛാ ദീർഘദർശി ഒരു വലിയ കാര്യം ചെയ്വാൻ കല്പിച്ചു എങ്കിൽ നീ ചെ
യ്യുകയില്ലയൊ - കുളിക്ക എന്നാൽ ശുദ്ധനാകിതീരും എന്നു പറഞ്ഞാൽ എത്ര
അധികം ചെയ്യാവു എന്നു പറഞ്ഞു സമ്മതിപ്പിച്ചു - അപ്പൊൾ അവൻ യൊറ
ദ്ദാൻ നദിയിൽ എഴുവട്ടം മുഴുകിയാറെ കുഷ്ഠം മാറി അവന്റെ ശരീരം ഒ
രു ബാലന്റെ ശരീരം എന്ന പൊലെ ശുദ്ധമായി - അതിന്റെ ശെഷം അവ
ൻ മടങ്ങി ചെന്നു എലീശയെ കണ്ടു ഇസ്രയെലിൽ അല്ലാതെ ഭൂമിയി
ൽ എങ്ങും ഒരു ദൈവം ഇല്ല എന്നു ഞാൻ ഇപ്പൊൾ അറിഞ്ഞിരിക്കു
ന്നു എന്നു ചൊല്ലി ലഭിച്ച ഉപകാരത്തിനായി സമ്മാനങ്ങളെയും വെച്ചു എ
ന്നാൽ ദീർഘദർശി ഞാൻ സെവിക്കുന്ന യഹൊവയ്ക്കു വന്നാണ ഞാൻ ഒന്നും
എടുക്കുകയില്ല നീ സമാധാനത്തൊടെ പൊയിക്കൊൾക എന്നു പറഞ്ഞയച്ചു -
അനന്തരം നായമാൻ യാത്രയായാറെ എലീശയുടെ ഭൃത്യനായ ഗെഹാസി സ
മ്മാനമൊഹത്താൽ വഴിയെ ചെന്നു എത്തിയപ്പൊൾ തന്നെ രണ്ടു പ്രവാചക
ന്മാർ എന്റെ വീട്ടിൽ വന്നു അവൎക്കു വെണ്ടി ഒരു താലന്തു വെള്ളിയെയും
രണ്ടു കൂട്ടം വസ്ത്രങ്ങളെയും കൊടുത്തയക്കെണം എന്നു യജമാനന്റെ
അപെക്ഷ എന്നു വ്യാജം പറഞ്ഞു വസ്തുക്കൾ വാങ്ങി തിരിച്ചു പൊയി മറ
ച്ചു വീട്ടിൽ എത്തിയപ്പൊൾ എവിടെ നിന്നു വരുന്നു എന്നു എലീശ ചൊദിച്ചാ
റെ ഗെഹാസി ഞാൻ എങ്ങും പൊയിട്ടില്ല എന്നു ഉത്തരം പറഞ്ഞു അതിന്നു ദീർഘ
ദർശി നായമാൻ രഥത്തിൽ നിന്നു ഇറങ്ങി നിന്നെ എതിരെറ്റതു ഞാൻ
കണ്ടില്ലയൊ ദ്രവ്യവും വസ്ത്രങ്ങളും വാങ്ങി നിലംപറമ്പുകളെ മറ്റും മെടി
ച്ചുകൊണ്ടിരിക്കുന്ന ഇപ്പൊൾ സമയമൊ നായമാനിൽ നിന്നു മാറിയ കുഷ്ഠം നി
ന്നിലും സന്തതികളിലും ശാശ്വതം ചെൎന്നിരിക്കും എന്നു കല്പിച്ചു ഭൃത്യൻകു

ഷ്ഠരൊഗിയാക്കി വാങ്ങിപ്പൊകയും ചെയ്തു
അനന്തരം ഇസ്രയെൽ രാജാവ് സുറിയരൊടു പടകൂടിയപ്പൊൾ എലിശ ശ
ത്രുപാളയത്തിൽ നടക്കുന്നതെല്ലാം രാജാവെ അറിയിച്ചു- സുറിയരാജാ
വു ഇതിനെ കെട്ടറിഞ്ഞാറെ കൊപിച്ചു എലിശ പാർത്തുവരുന്ന
ദൊദാൻ പട്ടണത്തെ വളഞ്ഞു ദീർഘദർശിയെ പിടിച്ചു കൊണ്ടുവരുവാൻ
സൈന്യങ്ങളെ അയച്ചു ശത്രുക്കൾ രാത്രിയിൽ എത്തി പട്ടണത്തെ വളഞ്ഞു
ദീർഘദർശിയുടെ ബാലകൻ ഉഷസ്സിങ്കൽ എഴുനീറ്റു ശത്രുസൈന്യത്തെയും തെ
ർകുതിരകളെയും കണ്ടപ്പൊൾ യജമാനനെ അയ്യൊ കഷ്ടം നാം എ
ന്തു ചെയ്യെണ്ടു എന്നു വിളിച്ചു പറഞ്ഞാറെ എലിശ പെടിക്കെണ്ട നമ്മുടെ
പക്ഷമായിരിക്കുന്നവർ അവരെക്കാൾ അധികമുള്ളവരാകുന്നു എ
ന്നു പറഞ്ഞു പ്രാർത്ഥിച്ചശെഷം യഹൊവ ബാലകന്റെ കണ്ണുകളെ
തുറന്നു അവൻ നൊക്കിയപ്പൊൾ മലമെൽ നിറഞ്ഞും എലിശക്കു ചു
റ്റിനിന്നും കൊണ്ടിരിക്കുന്ന അഗ്നിമയമായ തെർകുതിരകളെ കാണുകയും
ചെയ്തു- അവർ ദൈവദൂതന്മാർ എല്ലാവരും രക്ഷയെ അനുഭവിക്കെ
ണ്ടിയവരുടെ ശുശ്രൂഷെക്കായിട്ടു നിയൊഗിച്ചയച്ച ആത്മാക്കൾ അ
ല്ലൊയൊ—

## ൪൬. അശ്ശൂരിലെ പ്രവാസം

ആഹാബിന്റെ ശെഷം ൧൨ രാജാക്കന്മാർ ക്രമത്താലെ ദശഗൊത്രരാ
ജ്യത്തെ ഭരിച്ചതിൽ ഒരൊരുത്തൻ മറ്റവനെ കൊന്നും തള്ളിയും താ
ൻ രാജാവാണ മറ്റൊരുത്തന്റെ അതിക്രമത്താൽ കഴിഞ്ഞുപൊയ
തിനാൽ അവരുടെ വാഴ്ചകാലം അല്പം അത്രെ ആകുന്നു- സുറിയക്കാ
ർ ഇസ്രയെൽ രാജ്യത്തെ അതിക്രമിച്ചു കവർച്ചയും പലനാശവും ചെ
യ്തുപൊന്നു- പ്രവാചകന്മാർ ബുദ്ധി ചൊല്ലി ദൈവത്തിന്റെ ഭയങ്കരശി
ക്ഷകളെ പണിപ്പെട്ടറിയിച്ചാറെയും ജനങ്ങൾക്കു ബൊധം വരാതെ ബിംബ
സെവകളിലും മഹാപാതകങ്ങളിലും തന്നെ രസിച്ചു ലയിച്ചു പൊകയും ചെയ്തു
ഒടുവിൽ ബലമുള്ള അശ്ശൂർ സെനകൾ വന്നു രാജ്യത്തെ പിടിച്ചടക്കുകയും

വാണുകൊണ്ടിരുന്നു-ഫൊശെയരാജാവ്അശ്ശൂർരാജാവായശൽമനെസ്സ രൊടുചെയ്തസന്ധികരാരെലംഘിച്ചപ്പൊൾഅവൻസൈന്യങ്ങളൊടു കൂടചുഴലിക്കാററുവന്നപൊലെവന്നുശമൎയ്യപട്ടണത്തെനശിപ്പിച്ചു ൧൦ഗൊത്രക്കാരെവാഗ്ദത്തദെശത്തിന്നുഅശ്ശൂൎയ്യമുതലായന്യരാ ജ്യങ്ങളിലെക്കകൊണ്ടുപൊയിപാൎപ്പിച്ചു-അപ്പൊൾയഹൂദാമാത്രംഇസ്ര യെൽനാട്ടിൽവസിപ്പാൻസമ്മതിച്ചുള്ളു-അതിന്റെശെഷംഅശ്ശൂൎരാ ജാവ്സൂറിയമെസൊപൊതാമ്യമുതലായനാട്ടുകാരെവരുത്തിപാഴാക്കി ത്തിന്നാട്ടിൽകുടിയിരുത്തിഒരുയാജകനെവെച്ചുദെവമാൎഗ്ഗത്തെഅ വൎക്കുപദെശിപ്പിച്ചു-ഇപ്രകാരം൧൦ഗൊത്രരാജ്യംഒടുങ്ങിയതിൽ ശെഷിച്ചഇസ്രയെല്യരുംഅവരൊടുചെൎന്നുപാൎത്തവരുമായപുറജാതിക്കാരും സമ്മിശ്രമായ്പൊകയാൽശമൎയ്യർഎന്നവകക്കാർഉണ്ടായിവരിക യുംചെയ്തു—

## ൫൭. പ്രവാചകനായയൊന.

അശ്ശൂർദെശത്തിലെക്കുംയഹൊവഇസ്രയെലിൽനിന്നുഒരുപ്രവാചക നെനിയൊഗിച്ചതുപറകാം-ആരാജ്യത്തിലെപ്രധാനനഗരമായനിനെ വെഅത്യന്തംശൊഭയുംമൂന്നുദിവസത്തെവഴിവിസ്താരവുമായിരുന്നു അതിൽനടന്നുവരുന്നദൊഷങ്ങളെയഹൊവകണ്ടിട്ടുയൊനയെന്നവ നൊടുനീഎഴുനീറ്റുവലിയനിനവെപട്ടണത്തിൽചെന്നുജനങ്ങളൊ ടുഅനുതാപംചെയ്വാൻവിളിച്ചുപറകഅവരുടെദുഷ്ടതയെന്റെ അരികിൽഎത്തിയിരിക്കുന്നുഎന്നുകല്പിച്ചപ്പൊൾയൊനഅനുസ രിയാതെഒരുകപ്പൽകയറിപ്പടിഞ്ഞാറൊട്ടുപൊയാറെയഹൊ വകൊടുങ്കാററുവരുത്തിയിട്ടു-കപ്പലിന്നുഛെദംവരുംഎന്നു കണ്ടുഎല്ലാവരുംഭ്രമപ്പെട്ടുഒരൊരൊകുലദെവതകളെവിളിച്ചു ഭാരംകുറെപ്പാൻചരക്കുംകടലിൽഇട്ടുകളഞ്ഞു-യൊനകപ്പലിന്റെഅടിത്തട്ടി ൽകിടന്നുറങ്ങിയപ്പൊൾകപ്പൽപ്രമാണിഎത്തിഉണൎത്തിനീഎഴുനീറ്റുനി ന്റെദെവരെവിളിക്കഎന്നുകല്പിച്ചു-മറെറവർനറുക്കുകളെ

ടെനിമിത്തംനമ്മുടെമെൽവന്നിരിക്കുന്നുഎന്നറിവാനായിനാ
ംചീട്ടിട്ടുകാണ്മാഎന്നത്രെതമ്മിൽതമ്മിൽപറഞ്ഞുചീട്ടുഇട്ടുയൊനതന്നെകുററക്കാ
രൻഎന്നുതെളിഞ്ഞു-എന്നാറെഅവൻഎന്നെഎടുത്തുകടലിൽചാ
ടിക്കയിൽഎന്നാൽസമുദ്രത്തിന്നുഅടക്കംവരുംഎന്നുപറഞ്ഞപ്പൊ
ൾഅവർയഹൊവയൊടുഅയ്യൊഇവന്റെനിമിത്തമായിഞങ്ങളെഒടുക്കുകയുംകു
ററമില്ലാത്തരക്തത്തെഞങ്ങളുടെമെൽവെക്കയുംചെയ്യരുതെ
എന്നുപ്രാർത്ഥിച്ചു-പിന്നെയൊനയെഎടുത്തുകടലിൽഇട്ടുകളഞ്ഞുഅത്
ശമിച്ചാറെജനങ്ങൾദൈവത്തെഏററവുംഭയപ്പെട്ടുബലികളുംനെർച്ച
കളുംകഴിക്കയുംചെയ്തു—

അനന്തരംഒരുവലിയമത്സ്യംയൊനയെവിഴുങ്ങി-ദൈവകടാക്ഷത്താ
ൽനാശംഒന്നുംവരാതെമൂന്നുരാപ്പകൽകഴിഞ്ഞശെഷംഅവനെ
കരമെൽഛർദ്ദിച്ചുകളഞ്ഞു-എന്നാറെയഹൊവരണ്ടാമതുംഅവനൊ
ടുനീഎഴുനീററുനിനവെപട്ടണത്തിലെക്കുചെന്നുഞാൻപറയുന്നതിനെ
ഘൊഷിച്ചുപറകഎന്നുകല്പിച്ചപ്പൊൾഅവൻചെന്നുഇനി൪൦ദിവ
സംചെല്ലുമ്പൊൾനിനവെഒടുങ്ങിപ്പൊകുംഎന്നുപ്രസിദ്ധമാക്കിയാറെജന
ങ്ങൾഭയപ്പെട്ടുഉപവാസംകഴിച്ചുരട്ടുകളെഉടുത്തുരാജാവുംദുഃഖിച്ചുമനു
ഷ്യരുംമൃഗങ്ങളുംഉപൊഷിച്ചുതാല്പര്യമായിദൈവത്തൊടുനിലവിളിച്ചു
ഒരൊരുത്തൻതന്റെദുഷ്ടതയെവിട്ടുമനസ്സുതിരിച്ചുകൊണ്ടിൻ
പരക്ഷദൈവംകരുണവിചാരിച്ചുവരെണ്ടുന്നനാശത്തെനീക്കികളകയും
എന്നുപട്ടണത്തിൽഎങ്ങുംപ്രസിദ്ധമാക്കി-അനന്തരംജനങ്ങൾഅനുതാ
പപ്പെട്ടുദൈവംകരുണകാട്ടിപട്ടണത്തെരക്ഷിച്ചപ്പൊൾയൊനാമുഷിഞ്ഞു
ച്ചുജീവനെക്കാൾഎനിക്കമരണംനല്ലൂഎന്നുപറഞ്ഞുപട്ടണത്തിന്നുഎന്തുസം
ഭവിക്കുംഎന്നുകാണെണ്ടതിന്നുപുറത്തുപൊയിഒരുകുടിൽഉണ്ടാക്കി
അതിൽപാർത്തുഅന്നുരാത്രിയിൽദൈവംഒരുചുരയെമുളപ്പിച്ചുയൊനാത
ന്റെമീതെപടരുന്നതുകണ്ടപ്പൊൾസന്തൊഷിച്ചുആശ്വസിച്ചു-പിറെറദിവ
സംരാവിലെഒരുപുഴുആചുരയെകടിക്കയാൽഉണങ്ങിപ്പൊയി-പിന്നെ

വെയിലിൽ യൊനയുടെ തലെക്ക തട്ടിയ സമയം അവൻ തനിക്ക മരിച്ചാൽ കൊ
ള്ളാം എന്നു വിചാരിക്കയും പറഞ്ഞു അപ്പൊൾ ദൈവം നീ മുൾച്ചെടി നിമി
ത്തം ക്രുദ്ധനാകുന്നതു ന്യായമൊ എന്നു ചൊദിച്ചതിന്നു യൊന ഞാൻ മരണം വരെയും
കൊപിച്ചിരിക്കുന്നതു ന്യായം തന്നെ എന്നു പറഞ്ഞാറെ ദൈവം നീ നട്ടു
വളർത്താതെ ഒരു രാത്രിയിൽ ഉണ്ടാകുന്നതും നശിച്ചതും ആയിരിക്കുന്ന ചെടി
നിമിത്തം നിനക്കു കനിവുണ്ടു. എന്നാൽ ഇടവും വലവും തിരിയാത്തതായി
രത്തിരുപതിനായിരത്തിൽ പരം കുഞ്ഞുങ്ങളും അനെകം നാല്ക്കാലികളും ഉള്ള
വലിയ പട്ടണമായ നിനവെയൊടു കനിവു തൊന്നാതിരിക്കുമൊ എന്നു കല്പി
ക്കയും ചെയ്തു —

൫൯. യഹൂദരാജ്യത്തിലെ അന്ത്യരാജാക്കന്മാർ

രാജ്യം രണ്ടായി പിരിഞ്ഞു പൊയ ശെഷം യരുശലെമിൽ ൩൮൭ സംവത്സര
ങ്ങൾക്കകം ദാവിദ്വംശക്കാരായ ൧൯ രാജാക്കന്മാർ ക്രമത്താലെ ഭരിച്ചു. ൧൦
ഗൊത്ര രാജ്യം ഒടുങ്ങിയതിൽ പിന്നെ യഹൂദരാജ്യം ൧൩൩ സംവത്സരം
അവർക്ക തന്നെ ശെഷിച്ചിരിക്കുന്നു. യഹൂദരാജാക്കന്മാരിലും യൊശ
ഫത്ത് ഹിസ്ക്കിയ യൊശിയ മുതലായവർ ഒഴികെ ശെഷമുള്ളവർ മദ്ധ്യമ
ന്മാരും അധമന്മാരുമായി യഹൊവയെ വിട്ടു ബിംബാരാധന മുതലാ
യ ദൊഷങ്ങളെ ചെയ്തുകൊണ്ടിരുന്നു —
ആഹാസ് ബാൽ ദെവന്നു യരുശലെമിലെ വീഥികളിൽ പീഠങ്ങളെ ഉണ്ടാക്കി
ച്ചു ദൈവാലയത്തിലെ വാതിലിനെ അടച്ചു കളഞ്ഞു — അവന്റെ പുത്രനായ
ഹിസ്ക്കിയ യഹൊവയെ ഭയപ്പെട്ടു അതിനെ പിന്നെയും തുറന്നു വെച്ചു ബിം
ബങ്ങളെയും പട്ടണത്തിൽ നിന്നു പുറത്താക്കി കളഞ്ഞു. പിന്നെ പിതാക്കന്മാ
രുടെ ദൈവത്തിങ്കലെക്ക തിരിഞ്ഞു കൊണ്ടു പെസഹ പെരുനാൾ യരു
ശലെമിൽ വെച്ചു കൊണ്ടാടുവാൻ ൧൨ ഗൊത്രക്കാരെ ക്ഷണിച്ചു — അ
വർ അശ്ശൂരിലെ പ്രവാസത്തിന്നു പൊകെണ്ടി വന്നപ്പൊൾ അനെകം ഇസ്രാ
യെല്യർ തങ്ങളുടെ ദെശം വിട്ടു ഓടിപ്പൊയി യഹൂദരാജ്യത്തിൽ വന്നു ഹിസ്ക്കിയയെ
ആശ്രയിച്ചു പാർക്കയും ചെയ്തു — സൻഹെരിബ്ബരുടെ സൈന്യം അശ്ശൂരിൽ നിന്ന വരുന്ന

സൻഹെരിബ്സൈന്യങ്ങളൊന്നു യഹൂദരാജ്യത്തിലെ ഉറപ്പുള്ള
പട്ടണങ്ങളെപ്പിടിച്ചു യരുശലെമിനെയും വളഞ്ഞു- അവൻ സ്ഥിവനങ്ങളെ ദൈ
വത്തെ ദൂഷിച്ചപ്പൊൾ ഹിസ്കിയ സ്വവസ്ത്രങ്ങളെ കീറി ഇസ്രയെൽ ദൈവ
ത്തൊടു പ്രാൎത്ഥിച്ചു എന്നാറെ യഹൊവയുടെ ദൂതൻ പുറപ്പെട്ടു അശ്ശൂർ
പാളയത്തിൽ വന്നു ഒരു രാത്രിയിൽ തന്നെ ൧൮൫൦൦൦ ആളുകളെ സം
ഹരിച്ചശെഷം സൻഹെരിബ ശെഷിച്ചവരൊടു കൂടെ നിനവയിലെ
ക്കു മടങ്ങിപ്പൊകയും ചെയ്തു—
അനന്തരം ഒരു മഹാവ്യാധി പിടിച്ചു ഹിസ്കിയ വലഞ്ഞു കിടന്ന സമയം പ്ര
വാചകനായ യശയ അവന്റെ അടുക്കെ ചെന്നു നീ മരിക്കുമാറാകയാൽ
നിന്റെ ഗൃഹകാൎയ്യങ്ങളെ ക്രമപ്പെടുത്തുക എന്നു ചൊന്നാറെ ഹിസ്കിയ
കരഞ്ഞു കൃസ്സുനിട്ടിത്തരുവാൻ ദൈവത്തൊടു അപെക്ഷിച്ചു- യ
ശയ പിന്നിലെ പൊകുമ്പൊൾ യഹൊവ കല്പിച്ചു നീ മടങ്ങി ചെന്നു ഹി
സ്കിയയൊടു ഞാൻ നിന്റെ പ്രാൎത്ഥന കെട്ടു കണ്ണുനീരും കണ്ടിരിക്കുന്നു
ഞാൻ നിനക്കു ൧൫ വൎഷത്തൊളം ആയുസ്സു തരും എന്നു പറക യശയ
ചെന്നു പറഞ്ഞു അത്തിപ്പഴം കൊണ്ടു ഒരു കുഴമ്പുണ്ടാക്കി പരുവിന്മെൽ ഇ
ട്ടു മൂന്നു ദിവസം കഴിഞ്ഞാറെ രാജാവിന്നു സൌഖ്യം വന്നു അവൻ
ദെവാലയത്തിൽ ചെന്നു ദൈവത്തെ വാഴ്ത്തുകയും ചെയ്തു—
ഹിസ്കിയയുടെ ദുഷ്ടപുത്രനായ മനശ്ശെ ൫൫ വൎഷം വാണു ഭക്തനായ അ
പ്പന്റെ ചട്ടങ്ങളെ എല്ലാം നീക്കി ജനങ്ങളെ വീണ്ടും വിഗ്രഹാരാ
ധനത്തിലെക്കു തന്നെ തിരിച്ചു- മരിക്കും മുമ്പെ അവൻ ബാബെലിലെ
ക്ക അടിമയായി പൊകെണ്ടി വന്നു- അവിടെ വെച്ചു തന്നെത്താൻ താഴ്ത്തി
യതിനാൽ ദൈവം അവന്റെ പ്രാൎത്ഥനയെ കെട്ടു സ്വരാജ്യത്തെക്കു ത
ന്നെ തിരികെ വരുത്തിയാറെ അവൻ യരുശലെമിൽ നിന്നു ഷിംബാരാ
ധനത്തിൽ വസിച്ചു- അവന്റെ പുത്രനായ ആമൊൻ തനിക്കു മുമ്പെ
ഉള്ള സകല രാജാക്കന്മാരെക്കാളും അധികം ദൊഷവാനായി- അവൻ
൨ വൎഷം രാജ്യം ഭരിച്ചു മരിച്ചശെഷം ൮ വയസ്സുള്ള മകനായ യൊശിയാ

വാഴ്ച പ്രാപിച്ചു അവൻ. ഹന്നയകൊണ്ടാളും മഹാചാൎയ്യന്റെ ഹിതത്താൽ ഞെ
ത്തിന്റെ ശേഷം രാജ്യഭാരം ഏറ്റു ബിംബങ്ങളെ നാട്ടിൽ നിന്നു നീക്കി
സ്സ്ത്രമായ ദൈവാലയത്തെയും വെടിപ്പാക്കിയപ്പോൾ മനശ്ശെയുടെ കാല
ത്തിൽ കാണാതെ പോയ മോശധൎമ്മപുസ്തകത്തെ കണ്ടുകിട്ടി - രാജാ
വ് വായിപ്പിച്ചു അതിൽ പറഞ്ഞ ശാപവാക്കുകളെ കേട്ടപ്പോൾ ഭ്രമി
ച്ചു തന്റെ വസ്ത്രങ്ങളെ കീറി കരഞ്ഞാറെ ദൈവനിയോഗത്താൽ ഒരു
സ്ത്രീ ഹുല്ദ എന്നവൾ അവനോടു അറിയിച്ചു ഈ വാക്കുകളെ കേട്ടു മനസ്സലി
ഞ്ഞതുകൊണ്ടു നീ സമാധാനത്തോടെ ശവക്കുഴിയിൽ ഇറങ്ങിയതിന്റെ ശേഷം
സ്ഥലത്തിന്നു വരുന്ന നാശത്തെ കാണാതിരിക്കും എന്നത്രെ കേട്ടിട്ടു
അവൻ ഉത്സാഹിച്ചു മോശധൎമ്മത്തിൽ കല്പിച്ച എല്ലാ ചട്ടങ്ങളെയും
ഇസ്രയേലിൽ വീണ്ടും സ്ഥാപിച്ചു ഒരു പ്രയാസം ഫലത്തിന്നു ശമുവെ
ലിന്റെ കാലത്തിൽ വെച്ചുണ്ടായ ശേഷം കഴിച്ചതിൽ വണ്ണം നടക്കാതിരുന്നതിനെ
ഒരുക്കി ആക്കിയിട്ടും ഇച്ചത്തെ എല്ലാത്തെ അവൻ ചെയ്തുവെച്ചു ഉള്ള ബെഥെലിലെ
യാഗപീഠത്തിൽ ശവക്കുഴികളിൽ നിന്നു അസ്ഥികളെ എടുത്തു ഒരു പ്രവാചകൻ
മുമ്പെ അറിയിച്ച പ്രകാരം അവറ്റെ അതിന്മേൽ ഇട്ടു ദഹിപ്പിച്ചു - അവൻ
മരിച്ച ശേഷം പുത്രപൌത്രരും അല്പകാലമെ വാണുള്ളു ദൈവത്തി
ന്റെ വിധികാലം അടുത്തിരിക്കുന്നു എന്നു പല അടയാളങ്ങളാൽ കാ
ണ്മാറാകുവതിന്നാകും. ചെയ്തു -

൧൨ പ്രവാചകന്മാർ

ഈ അടയാളങ്ങളുടെ അൎത്ഥം ജനങ്ങളോടു തെളിയിച്ചു പറഞ്ഞവർ പ്രവാ
ചകന്മാർ തന്നെ - ദിവ്യജ്ഞാനത്തെ ജനങ്ങൾക്കു ഉപദേശിപ്പാനും അടുത്തു
വരുന്ന ദുഃഖങ്ങളെ അറിയിപ്പാനും ദൈവം താൻ അവരിൽ നിന്നും
ശ്രേഷ്ഠന്മാരിൽ നിന്നും അവരെ തെരിഞ്ഞെടുത്തു - യശയ്യാ ദാനിയേൽ
എന്നവർ രാജവംശക്കാരും - യിരമിയാവും യെഹെസ്കിയേലും ആചാൎയ്യന്മാരും
ഹൊശെയാവ് - മീഖാവ് - യോനാ മീഖാ എന്നവർ നഗരക്കാരും - ആമൊ
സ് ഇടയനുമായിരുന്നു - ബാബെൽ രാജ്യം ചെറിയതും ശക്തികുറഞ്ഞതുമാ

ഷസമയം യശയനത്ത്പ്പെട്ടിൻ ശ്രീത്വം എല്ലാം എന്നും ശേഷം നഷ്ടിച്ചു ബലവാ
നായ കൊരെശ് എന്ന പാൎസി രാജാവ് അതിനെ മറിച്ചുകളകയും എന്നും അറി
യിച്ചു- നിനിവയും കല്ദായക്കാരാൽ ഉണ്ടാകുന്ന യരുശലെം നാശവും ആ
പട്ടണം പെഴക്കിക്കിടക്കൊണ്ടുന്ന വൎഷക്കണക്കും ക്രിസ്തു മിശിഹാവൊന്നിലെ
യലും യഹൂദഭവനത്തിന്റെ നാശത്തെ അറിയിച്ചു ദിവ്യശിക്ഷകളെയും ര
ക്ഷകളെയും പലവിധെന വൎണ്ണിച്ചു- ഇതിനെ പ്രവാചകന്മാർ ദൈവരി
ഷികളെ എത്രയും സ്പഷ്ടമാക്കി പറഞ്ഞുവൊരുന്നു എങ്കിലും അന്നത്തെ പാപ
ഷ്ട്ടു ദൈവത്തൊടു ഇണങ്ങുവാൻ ജനങ്ങൾക്കു മനസ്സുണ്ടായില്ല-
പ്രവാചകന്മാർ അറിയിക്കുന്ന വിശേഷങ്ങളെ പലപ്പൊഴും ഉപമകളെ
ചൊല്ലി തെളിയിച്ചു യിറമിയാ കുശവന്റെ പണിയെ മനസ്സിൽ ഉറപ്പാ
ഞ്ഞത് ജനങ്ങൾക്കു മൺപാത്രങ്ങളെ കുഴച്ചുകാണിക്കുന്ന പ്രകാരം ദൈ
വം യരുശലെമിനെ മറിച്ചുകളകയും ഹെബ്രായെൽ ഭവനക്കാരെ കുശ
വൻ ചക്രത്തിൽ വെച്ചു കൈയാൽ മറിക്കുന്ന പാത്രം കൂട്ടുവമാക്കി പൊയാ
ൽ അതിനെ കുഴച്ചു ഉരുട്ടി മറെറാരു പാത്രം തീൎക്കുന്നതു പൊലെ എനി
ക്കും നിങ്ങളൊടു ചെയ്യാമൊ എന്നു യഹൊവയുടെ കല്പന ആകുന്നു ഇതാ
കുശവന്റെ കൈയിൽ മണ്ണ് എത്ര പ്രകാരം അപ്രകാരം നിങ്ങൾ എന്റെ
കൈയിൽ ആകുന്നു- പ്രവാചകൻ മറെറാരു സമയം ഒരു ശൊഭയുള്ള പാ
ത്രം വാങ്ങി അതിനെ എടുത്തു ജനങ്ങളുടെ മൂപ്പന്മാരും ആചാൎയ്യന്മാരും കാണ്കെ
ക്കുനില ഉടച്ചു പറഞ്ഞത് സൈന്യങ്ങളുടെ യഹൊവ ഇപ്രകാരം പറ
യുന്നു കുശവന്റെ പാത്രത്തെ പൊളിച്ചാൽ നന്നാക്കുവാൻ കഴിയാത്ത
ത് പൊലെ ഞാൻ ഇബ്ബാരാധനക്കാരെ ഹൊതവാക്കി ഈ ജനങ്ങ
ളെയും പട്ടണത്തെയും രാജധാനികളെയും മറ്റും നശിപ്പിക്കയും
ചെയ്യും—

൧൦. ബാബെലിലെ പ്രവാസം-

പ്രവാചകന്മാർ അറിയിച്ചത് യഹൂദന്മാർ വിശ്വസിച്ചില്ല എങ്കിലും ദൈവം
ഭാക്തെ ഉത്തവന്നു- വിധികാലം എത്തിയപ്പൊൾ കല്ദായർ എന്ന കൊടി

യഹൂദജനങ്ങൾ നാട്ടിനെ അതിക്രമിച്ചു യറുശലെംപട്ടണത്തെയും
രാജ്യത്തെയും ഒട്ടൊഴിക്കവാൻ ദൈവം സംഗതിവരുത്തി തന്റെ വിധി
കളെ ക്രമെണ നടത്തുകയും ചെയ്തു—
കല്ദായരാജാവായ നബുകദ്നെച്ചർ യഹൂദരെ ജയിച്ചു അടിമകളാക്കുംവാ
ൻ തുടങ്ങിയ ശെഷം യൊക്കൊന്യാരാജാവും ൧൦൦൦൦ പട്ടാളക്കാർ ആശാരികൾ മുത
ലായവരെ ബാബെലിലെക്ക കൊണ്ടുപൊയി പിന്നെ തന്റെ കീഴിൽ ഭ
രിക്കെണ്ടുന്ന സിദെക്യാ എന്നവനെ വാഴിച്ചു അവൻ ൧൧ വൎഷം ഭരിച്ചു ക
ല്ദായന കരം തരുവാൻ തക്കം വന്നപ്പൊൾ വെല്ലുമിസ്രക്കാരെ
ആശ്രയിച്ചു കലഹം ഉണ്ടാക്കിയപ്പൊൾ നബുകദ്നെച്ചർ സൈന്യങ്ങളൊ
ടു കൂടവന്നു യറുശലെമെ വളഞ്ഞു ൧൮ മാസം പട്ടണത്തിൽ ക്ഷാമം ജനിച്ചു
വിശപ്പുനിമിത്തം വലിയവർ കുട്ടികളെയും കൊന്നു ഭക്ഷിച്ചു— രണ്ടു വൎഷം
കഴിഞ്ഞു യഹൂദക്ക് ബലക്ഷയം വന്നപ്പൊൾ കല്ദായർ അകത്തു പ്ര
വെശിച്ചു സകലവും നാനാവിധമാക്കി കളഞ്ഞു— സിദെക്യാ ഓടിപ്പൊ
യപ്പൊൾ ശത്രുക്കൾ അവനെ പിടിച്ചു അവൻ കാണ്കെ പുത്രന്മാരെ
കൊന്ന ശെഷം പ്രവാചകൻ മുന്നറിയിച്ച പ്രകാരം കണ്ണുകളെ കു
ത്തി എടുത്തു അവനെ ബാബെലിലെക്ക കൊണ്ടുപൊയി— പിന്നെ പട്ടണ
ത്തിലും ദൈവാലയത്തിലും കൊള്ളയിട്ട ശെഷം തീ കൊളുത്തി ചുട്ടു
ഇടിച്ചു കളഞ്ഞു— ദൈവാലയത്തിലെ വിശുദ്ധപാത്രങ്ങളെ എടുത്തു
ബാബെലിലെക്ക കൊണ്ടുപൊയി ബെലിന്റെ ആലയത്തിൽ വെക്കയും ചെയ്തു അ
ന്നെസമയത്ത സാക്ഷിപ്പെട്ടകത്തിന്ന എന്തു സംഭവിച്ചു എന്നാരും അ
റിയുന്നില്ല— നബുകദ്നെച്ചർ ശില പ്രമാണികളെയും ഒരു കൂട്ടം ദരിദ്ര
രെയും ഒഴികെ മറ്റെല്ലാവരെയും കാററ പതിരിനെ പറപ്പിക്കുന്ന പ്ര
കാരം തന്റെ രാജ്യത്തെക്ക കൊണ്ടുപൊയി അതാത് സ്ഥലങ്ങളിൽ
പാൎപ്പിച്ചു നാട്ടിൽ ശെഷിച്ചവരിൽ ഗദല്യ— യിരമിയാ എന്ന പ്രധാനമാ
രാകുന്നു ഗദല്യ കല്ദായരാജാവിന്റെ കല്പനപ്രകാരം മൂപ്പനാക്കീട്ടു ഭര
ണം നടത്തുമ്പൊൾ ദുഷ്ടരുടെ കൈയാൽ പട്ടുപൊയി— യിരമിയാവൊ

പാഴായിപ്പൊയ പട്ടണവും ദെശവും കണ്ടിട്ടും ചിലൎക്കു വിലാപിച്ചൊണ്ടു
ചമെച്ചു തിരെമ്യ്ക്ക വാൎത്ത പൊകയും ചെയ്തു—

൫-ാം. ദാനിയെൽ-

യഹൂദർ ബാബെലിൽ പാൎക്കുന്ന സമയം ഒരൊ യജമാനനെ സെവിച്ചു
കിന്ന ദാസവെല ചെയ്തു കൊണ്ടിരുന്നു എന്നു വിചാരിക്കെണ്ടതല്ല-രാജാ
വ് അവരെ സ്വദെശക്കാരെ എന്ന പൊലെ വിചാരിച്ചു പ്രാപ്തന്മാൎക്ക്
ഉദ്യൊഗങ്ങളെ കല്പിച്ചു കൊടുത്തു-രാജാവെ ബെലശീയിൽ കൊണ്ടിരുന്നവരെ
വൻ പല യഹൂദ ബാല്യക്കാരെ വളൎത്തി വിദ്യകളെയും പഠിപ്പിച്ചു-ദാനിയെ
ൽ-സദ്രാക്-മെശെക്-അബെദ്നെഗൊ എന്നവർ രാജാവിന്റെ കല്പ
നപ്രകാരം കല്ദായവിദ്യയും ഗ്രഹിച്ചു രാജ്യത്തിൽ സ്ഥാനമാനങ്ങൾ പ്രാപി
ച്ചപ്പൊൾ സ്വദെശക്കാൎക്ക് ഉപകാരം ചെയ്തു മാത്രമല്ല അവർ പുറജാ
തിക്കാൎക്കും സത്യദൈവത്തിന്റെ അറിവും ദിവ്യധൎമ്മങ്ങളും പരത്തുവാനായി
ശ്രമിച്ചു-എങ്കിലും അവർ സുഖമായി പാൎക്കുന്നില്ല അനെകദുഃഖങ്ങളെ
അനുഭവിക്കെണ്ടി വന്നു-രാജാവിന്റെ ഭക്ഷണസാധനങ്ങളെ തിന്നുന്ന
ത് അവൎക്കു അധൎമ്മമാകകൊണ്ടു മാംസവും വീഞ്ഞും മറ്റും വാങ്ങാതെ ചീരയും
വെള്ളവും മാത്രം അനുഭവിച്ചിരുന്നു-ദൈവാനുഗ്രഹത്താൽ ശരീരശക്തി
യും സൌന്ദൎയ്യവും കുറഞ്ഞുപൊകാതെ അധികമായി വന്നതെയുള്ളു-രാ
ജാവ് വന്നു പഠിക്കുന്നവരെ പരീക്ഷിച്ചു ഇപ്പൊൾ അവർ തന്നെ മറ്റവ
രെക്കാൾ ജ്ഞാനവും പ്രാപ്തിയുമുള്ളവർ എന്നു കണ്ടു അവരെ പാഠശാ
ലയിൽനിന്നു നീക്കി ഉദ്യൊഗസ്ഥരുടെ കൂട്ടത്തിൽ ചെൎക്കയും ചെയ്തു—
അനന്തരം രാജാവ് പലദിക്കുകളിൽനിന്നും പിടിച്ചുകൊണ്ടുവന്ന പൊ
ന്നുകൊണ്ടു ൬൦ മുഴം ഉയരമുള്ള ഒരു ബിംബം തീൎത്തുണ്ടാക്കിച്ചു-കലശ
പ്രതിഷ്ഠദിവസം രാജ്യശ്രെഷ്ഠന്മാരെല്ലാവരും വരുത്തിയപ്പൊൾ എന്നുള്ളവൊ
[illegible] ഒരൊരുത്തൻ ബിംബത്തിന്റെ മുമ്പാകെ വീ
ണു വണങ്ങെണം ചെയ്യാത്തവൻ തീച്ചൂളയിൽ തള്ളപ്പെട്ടും
[illegible] ഇരിച്ചു-പിന്നെ ദാനിയെലിന്റെ മൂന്നു സ്നെഹിതന്മാർ വണങ്ങാ

ഘൊഷം കെട്ടപ്പൊൾ എല്ലാവരും വീണു നമസ്കരിച്ചു അപ്പൊൾ ചില കല്ദാ
യക്കാർ ചെന്നു രാജാവെ കണ്ടു [illegible] പറഞ്ഞതാവിതു അപ്പൊൾ സ
ദ്രാക്ക്. മെശെക്ക്. അബെദ്നെഗൊ എന്നവർ വണങ്ങാതെ നിന്നതൊ
ല്ലുന്നു എന്നു കെട്ടാറെ കൊപിച്ചു സമക്ഷം രാജാവ് അവരെ വരു
ത്തി നിങ്ങൾ എന്റെ ദൈവത്തെ മാനിക്കാതിരിക്കുന്നു [illegible] നിങ്ങളെ എ
ന്റെ കൈയിൽനിന്നു വിടുവിക്കുന്ന ദൈവം ആർ എന്നു അപ്പൊൾ അവ
ർ ഇവരും എന്നു കല്പിച്ചു എത്തിനു അവർ ഞങ്ങൾ സെവിക്കുന്ന
ദൈവം ഞങ്ങളെ അഗ്നിച്ചൂളയിൽനിന്നു വിടുവിപ്പാൻ പ്രാപ്തൻ എന്നാലും അ
തിനെ ചെയ്തില്ല എങ്കിലും ഞങ്ങൾ നിന്റെ ദെവനെ സെവിക്കയില്ല
എന്നു ഉത്തരം ചൊല്ലുക എന്നതിനാൽ അപ്പൊൾ രാജാവ് ക്രുദ്ധിച്ചു ചൂ
ളയിൽ എഴു മടങ്ങ് [illegible] ചെയ്വിപ്പാൻ കല്പിച്ചു—
അനന്തരം അവരെ വസ്ത്രങ്ങളൊടു കൂട കെട്ടിച്ചു ചൂളയിൽ ഇടുവിച്ചു.
പിന്നെ നൊക്കിയപ്പൊൾ അവൻ ഭ്രമിച്ചു മന്ത്രികളൊടു ഞാൻ മൂന്നു
വരെ അല്ലൊ ചൂളയിൽ ഇട്ടത് ഞാൻ നാല് പെർ ദഹിക്കാതെ നടക്കു
ന്നതും നാലാമൻ ദെവപുത്രനു സമനായിരിക്കുന്നതും ഞാൻ കാണു
ന്നു എന്നു പറഞ്ഞാറെ ചൂളക്കു അടുത്തു അത്യുന്നതദൈവത്തിന്റെ
ഭൃത്യന്മാരായ സദ്രാക്ക്. മെശെക്ക്. അബെദ്നെഗൊ എന്നവരെ പുറത്തു വ
രുവിൻ എന്നു വിളിച്ചു അവർ പുറത്തു വന്നാറെ തലയിലെ ഒരു രൊമം പൊ
ലും വെന്തുപൊകാതെയും മണം തട്ടാതെയും കണ്ടിരുന്നു- പിന്നെ
രാജാവ് സ്തുതിച്ചു എങ്കിലും തന്നിൽ ആശ്രയിച്ച ഭൃത്യന്മാരെ രക്ഷിച്ചി
രിക്കുന്ന ദെവം വന്ദ്യൻ എന്നു പറഞ്ഞു- സദ്രാക്ക്. മെശെക്ക്. അബെദ്നെ
ഗൊ എന്നവരുടെ ദൈവത്തെ ദുഷിക്കുന്നവൻ മരിക്കെണം എന്നു കല്പന
എന്നു രാജ്യത്തിൽ എങ്ങും കല്പിച്ചു പിന്നെ ആ മൂന്നു പെരെ മഹാ സ്ഥാ
നമാനികളാക്കി വെക്കയും ചെയ്തു—
നബുകദ്നെചർ ബെൽശസ്സർ എന്ന രാജാക്കന്മാർ ദാനിയെലിനെ
മാനിച്ചു. പിന്നെ ദാര്യവുസ് രാജ്യത്തിന്റെ മൂന്നിൽ ഒരു അംശത്തെ

ട്ടിരിപ്പാൻ അവന്ന കല്പിച്ചപ്പൊൾ ശ്രെഷ്ഠന്മാർ അസൂയപ്പെട്ട മന്ത്രിയെ
സ്ഥാനഭ്രഷ്ടനാക്കുവാൻ ശ്രമിച്ചു നടപ്പിൽ ദൂഷ്യം ഒന്നും കാണാഞ്ഞുകൊണ്ടു
അവന്റെ ദൈവസെവയുടെ കാര്യത്തിൽ അവസരം എന്നുള്ളതൊഴി
വെ എന്നു കണ്ടു രാജാവൊടും പറഞ്ഞു വശീകരിച്ചശെഷം അവൻ ൩൰ ദിവ
സത്തിന്നകം രാജാവൊടല്ലാതെ ഒരു ദൈവത്തൊടൊ മനുഷ്യനൊ
ടൊ അപെക്ഷ കഴിക്കുന്നവനെ സിംഹഗുഹയിൽ തള്ളിക്കളകും എന്ന്
കല്പന പരസ്യമാക്കി-ദാനിയെൽ അതിനെ അറിഞ്ഞു എങ്കിലും ദിവസെ
ന മൂന്നുവട്ടം തന്റെ മുറിയിലെ കിളിവാതിൽ തുറന്നുവെച്ചു മുട്ടുകുത്തി യഹൊ
വയൊടു പ്രാർത്ഥിച്ചു എന്ന് ശത്രുക്കൾ അറിഞ്ഞു ഉടനെ ചെന്നു ബൊധിപ്പി
ച്ചാറെ രാജാവ് ദുഃഖിച്ചു ദാനിയെലെ രക്ഷിപ്പാൻ മനസ്സാക്കി-എങ്കിലും
കല്പന മാറ്റുവാൻ കഴിയാഞ്ഞുകൊണ്ടു സമ്മതിച്ചു ദാനിയെലിനൊടു നീ
സെവിച്ചുകൊണ്ടിരിക്കുന്ന ദൈവം നിന്നെ രക്ഷിക്കും എന്നു ചൊല്ലി സിം
ഹഗുഹയിൽ തള്ളിക്കളവാൻ ഏല്പിച്ചതും ഉടനെ ഗുഹയുടെ വാതി
ല്ക്കൽ മുദ്ര വെച്ചു അന്നു രാത്രിയിൽ ഭക്ഷണവും ഉറക്കവും ഇല്ലാതെ പാർത്തു-പു
ലരുമ്പൊൾ ബദ്ധപ്പെട്ടു ഗുഹയുടെ അരികെ ചെന്നു ജീവനുള്ള ദൈവത്തി
ന്റെ ഭൃത്യനാകുന്ന ദാനിയെലെ ദൈവം നിന്നെ സിംഹങ്ങളുടെ ഇടയിൽ നി
ന്നു രക്ഷിച്ചുവൊ എന്നു നിലവിളിച്ചാറെ ദാനിയെൽ സിംഹങ്ങൾ എന്നെ പെ
ദ്രവിക്കാതിരിപ്പാൻ ദൈവം തന്റെ ദൂതനെ അയച്ചു അവറ്റിന്റെ
വായെ അടച്ചുകളഞ്ഞു എന്നു പറഞ്ഞപ്പൊൾ രാജാവ് സന്തൊഷിച്ചു
അവനെ ഗുഹയിൽനിന്നു കരെറ്റി ദാനിയെൽ പുറത്തു വന്നതിന്റെ ശെ
ഷം രാജാവ് കുറ്റം ചുമത്തിയവരെ ആ ഗുഹയിൽ ഇടുവിച്ചു അവർ അടി
യിൽ എത്തും മുമ്പെ സിംഹങ്ങൾ അവരെ പിടിച്ചു നുറുക്കി ഭക്ഷിച്ചുകളഞ്ഞു
പിന്നെ രാജാവ് ദാനിയെലിന്റെ ദൈവത്തെ ഭയപ്പെട്ടു സെവിക്കെണം
അവൻ അത്രെ ജീവനുള്ള ദൈവം അവൻ പരലൊക ഭൂലൊകങ്ങളി
ലും അത്ഭുതങ്ങളെ ചെയ്യുന്നവനും ആകുന്നു എന്നു രാജ്യത്തിൽ ഒക്കെ
വിളിക്കയും ചെയ്തു—

൬൯. യരുശലെം പട്ടണത്തെ വീണ്ടും പണിയിച്ചത—

യഹൂദന്മാർ ബാബെൽദാസ്യം അകപ്പെട്ട ൭൦ാം വൎഷത്തിൽ പാൎസിരാജാവാകു
ന്ന കോരെശ് എന്നവൻ പാൎസ മെദ്യ ബാബെൽ എന്ന രാജ്യങ്ങളെ ഒന്നാക്കി ഭരിച്ചുവരു
മ്പോൾ പ്രവചിച്ചവാക്കിന്നു എല്ലാ യഹൂദരും സ്വരാജ്യത്തിൽ മടങ്ങിചെന്നു
പട്ടണത്തെയും ദൈവാലയത്തെയും വീണ്ടും പണിചെയ്യുവാൻ വേണ്ടതിന്നു ക
ല്പന കൊടുത്തു—യരുശലെമിൽ ഒരു ഭവനം കെട്ടിക്കുവാൻ സ്വൎഗ്ഗസ്ഥനായ
ദൈവം എന്നോടു കല്പിച്ചിരിക്കുന്നു—എന്നതിനാൽ അവന്റെ ജനമാ
യവർ എല്ലാവരും ദൈവം തുണക്കാകിട്ടു പുറപ്പെട്ടു മടങ്ങിചെല്ലാം എന്നു
രാജ്യത്തിൽ എങ്ങും അറിയിച്ചു അതല്ലാതെ ദൈവാലയത്തിൽനി
ന്നു ബാബെലിലെക്ക കൊണ്ടുവന്ന ൫൪൦൦ പൊൻപാത്രങ്ങളെ ഇസ്ര
യെല്യൎക്ക തന്നെ ഏല്പിച്ചു കൊടുത്തു—യാത്രക്ക സമയമായപ്പോൾ ഏറി
യ യഹൂദന്മാർ വീടുകളെയും നിലമ്പറമ്പുകളെയും വിട്ടു ശൂന്യമാക്കിയിട
ക്കുന്ന സ്ഥലത്തെക്ക പോകുവാൻ മനസ്സില്ലായ്കകൊണ്ടു യഹൂദഗോത്രത്തി
ൽനിന്നും ലെവ്യരിൽനിന്നും ൪൨൩൬൦ ആളുകൾ മാത്രം ദാവിദ്യനായ ജെ
രുബാബെൽ മഹാചാൎയ്യനായ യെശുവ എന്നവരൊടു കൂട യാത്രയാ
കയും ചെയ്തു—

പാഴായി കിടക്കുന്ന സ്ഥലത്ത എത്തിയപ്പോൾ അവർ ൨ാം വൎഷം ദൈവത്തിന്നാ
യ പണിയിച്ച ദൈവാലയത്തിന്റെ അടിസ്ഥാനവും ഇട്ടു—ആചാൎയ്യന്മാർ കാഹ
ളം ഊതി സ്തുതിച്ചപ്പോൾ മുമ്പെത്തെ ആലയത്തെ കണ്ട വയസ്സന്മാർ ഈ പ
ണിക്കു പണ്ടത്തതിനൊടു എന്തൊരു തുല്യത എന്നു ചൊല്ലി ദുഃഖിച്ചുക
രഞ്ഞു കൊണ്ടിരുന്നു—പണിക്കാർ പലവക പ്രയാസങ്ങളൊടു ഏറ്റപ്പോൾ
ഉപെക്ഷകൂടാതെ വിചാരിച്ചപ്രവണ്ണം നടത്തുവാൻ പ്രവാചകരായ ജഖൎയ്യാക്ക
കും. ഹഗ്ഗായിക്കും ബുദ്ധി ചൊല്ലി ധൈൎയ്യപ്പെടുത്തിച്ചും ഉപദേശിച്ചും കൊണ്ടിരു
ന്നു—ശമൎയ്യക്കാർ മുതലായ ശത്രുക്കൾ അതിൽ കഠിന വിരോധം ആക്കുക കൊണ്ടു
എഴുവൎഷത്തോളം കാലപ്പെട്ടു നിന്നു മുടക്കം വരുത്തുവാൻ രാജാവൊടു ഉപായം
ബോധിപ്പിച്ചു തന്റെ സാദ്ധ്യമായപ്പോൾ പണിക്കുന്നവരെട്ടു ഉപദ്രവ

ത്തടങ്ങിയെങ്ങളിൽ പെട്ടതിൽ കാരണം ദൈവങ്ങളെ ആശ്രയം ധരിച്ച ശത്രുക്കളെ
ജയിക്കുമെന്നുള്ളവൻ നിയമസമയം ഒരുമയതിന്റെ വാളും മറെറതിരുവണ്ടി
കൊണ്ടും എല്ലാത്തരത്തിനും ദൈവാരാധനയിൽ മിത്രങ്ങളും ചെയ്തു -
തൊരശ് മതിയാകുന്നതിന്റെ ശേഷം ദാക്ഷിണ്യവും രാജ്യാവ് ബാബേലിൽ ശേഷി
ച്ചവൊൻ പാത്രങ്ങളെ ഒക്കെയും വിക്കനായി അവൻ കൊണ്ട് പിന്നീട് യരുശലെ
മിലെ കൊണ്ടുവന്നു - അതിന്റെ ശേഷം അവിടെ ജനങ്ങൾ ദൈവാരാധനയും ആശാഖ്
ന്യായവും മറ്റും ക്രമപ്പെടുത്തിയതുമെങ്കിൽ പ്രതിമായത്തിനെ ആക്കി - എന്ന
ന്നശേഷം ഒക്കയുടെ കാലത്തിൽ മിത്രഭാവത്തെ നെഹമിയാകൂട്ടുന്നവരെയും ജനങ്ങ
ളൊടു കൂട യരുശലെമിൽ വന്നു പട്ടണമതിലുകളും മറ്റും കെട്ടിച്ചതിന്നാ
ട്ട പാഴിയായിരിക്കുന്ന ദിക്കുകളെ ഉണ്ടാക്കുകയും ചെയ്തു - പാർസിരാജാക്കന്മാർ
വിക്കവാദ്ദും യഹൂദന്മാരെ കാത്തിരുന്നു - ഒന്നാമത്തെ എന്നവൻ യഹൂദന്മാരു
കൾക്കായി ഒക്കെ ദിവസം ഉഴിച്ചതിനാൽ മിത്രം യഹൂദന്മാരെ ഉപകാര
ങ്ങൾ സംഭവിച്ചു - അവരുടെ സംബന്ധികളായ മറ്റൊരുത്തർക്കും രാജ്യത്തിലെ
പ്രധാനപ്രസ്ഥാനത്തിൽ -
നെഹമിയാ യരുശലെമിന്റെ ഉദ്യോഗസ്ഥനായിരുന്നിട്ടും കാലം രാജ്യം
വെട്ടുതുക്കൽ അല്ലും പൊലും വാങ്ങാതെ ദിവസേന ഏറെ പേരെ തന്നൊ
ടുകൂടെ ഭക്ഷിപ്പിക്കയും ആവശ്യമുള്ളവർക്ക് സഹായിക്കയും എല്ലാവരുടെ
ഉന്നതിന്നായും പ്രയാസപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ ദുഃഖങ്ങളെ അനുഭ
വിക്കയും ചെയ്തു - ശുശ്രൂഷയും പ്രയാസവും അവന്റെ ഉന്നതങ്ങളും
യജ്ഞവും കണ്ടപ്പോൾ സന്തോഷിച്ചു വഴിപ്പെട്ടുവാങ്ങിയ കാട ദരിദ്രർ
ഉൾപ്പെട്ടു കൊടുത്തു - ഇസ്രയേല്യരുടെ അവസ്ഥ പറഞ്ഞിരിക്കുന്ന പ്രകാ
രമുള്ള ഉപദേശങ്ങൾ പ്രകാശിപ്പിക്കുകയും സകലവും സ്വഭാവത്തിൽ ഉള്ളതു
രക്ഷിതാവായുള്ളവൻ പൊറുപ്പിക്കായ്കയാൽ ദൈവത്തെ അറിഞ്ഞിരി
ക്കു - ഞായാസനത്തെ അവൻ അയക്കും അവൻ അവന്റെ മുന്നിൽ വഴി
ഒരുക്കുവാൻ നടപ്പിക്കും ഉറപ്പിച്ചും ഉണ്ടാകപ്പെട്ടു ഉടനെ
മരണത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റവൻ ആകുന്നു

എന്നതിനെന്ന്യങ്ങളുടെയും എപൊഴവ കാണ്ടിരുന്നു—

പഴയനിയമത്തിന്റെ അവസാനകാലത്തിലെ വൃത്താന്തം.

ദാനിയെൽ പ്രവചിച്ച പ്രകാരം കോരെശ ബെം പട്ടണത്തിൽ നിന്നും പതിച്ചിട്ട കാലം മുതൽ ക്രിസ്തുവെരുക്കം ൫൩൬ വർഷം കഴിയുവൊളം ഉണ്ടായിരുന്നു. ആ സമയത്തിങ്കൽ യഹൂദർ പലവക അസഹ്യതാപ സന്താപങ്ങൾ അനുഭവിക്കെണ്ടി വന്നു—

പാർസിക്കാരുടെ സാമ്രാജ്യത്തെ പിടിച്ചടക്കിയ അലക്സന്തർ യഹൂദരാജ്യത്തു വന്നപ്പൊൾ ദൈവാലയത്തെയും ആചാര്യന്മാരെയും മാനിച്ചു അനെകം പല ഉപകാരങ്ങൾ ചെയ്തു—അവന്റെ ശെഷം മിസ്ര രാജാവായ പ്തൊലമായി യഹൂദരാജ്യം പിടിച്ചടക്കി ഏറിയ യഹൂദരെ അടിമകളായി മിസ്രയിലെക്ക കൊണ്ടുപോയി—അവന്റെ പുത്രനും അവരിൽ ദയ കാട്ടി വെദപുസ്തകത്തെ യവനഭാഷയിൽ ആക്കുവാൻ പലരെയും വഴിക്കയും ചെയ്തു—ഇങ്ങിനെ മിസ്രയെല്യർ ഏകദെശം ൧൦൦ വർഷം മിസ്രക്കാരെ ആശ്രയിച്ചു സെവിച്ചശെഷം സുറിയ രാജാവായ അന്ത്യൊക്യന്റെ വശത്തിൽ ആയി. ആ അവൻ മഹാദുഷ്ടനാകയാൽ നയഭയങ്ങളെ കാട്ടി പലരെയും ദൈവത്തൊട്ട വെർപ്പെട്ടു വിഗ്രഹാരാധന ചെയ്യിച്ചു എങ്കിലും ഏറിയ ആളുകൾ യഹൂദധർമ്മം വിടാതെ നിന്ദ്യം സഹിച്ചും മരണം തന്നെ അനുഭവിക്കയും ചെയ്തു—ആ കാലത്തിങ്കൽ ഒരിയ മക്കബ്യർ എന്ന പടനായകന്മാർ എഴുന്നെറ്റുവന്നു—അവർ യഹൂദരാജ്യം അന്ത്യൊകന്റെ അധികാരത്തിൽ നിന്ന വിടുവിച്ചു പിന്നെ ശത്രുക്കളുടെ നെരെ നില്പാൻ കഴിയാഞ്ഞപ്പൊൾ രൊമരുമായി സഖ്യത ചെയ്തു—കുറെ കാലം കഴിഞ്ഞാറെ അവർ പൊമ്പെയൊ ശിച്ചു യഹൂദരാജ്യത്തെ അടക്കി രൊമക്കിതിന്ന നാടുവാഴികളെ ആക്കി വാഴിച്ചു—ഒടുവിൽ ഹെരൊദ്യനായവൊരൊ ദാവുരൊമരുടെ കടാക്ഷത്തിൽ തന്നെ ഭരിച്ചു ഒരൊ ക്രൂര കാര്യങ്ങളെ നടത്തിയപ്പൊൾ ഭക്തിയുള്ള ഇസ്രയെല്യർ ദുഃഖിച്ചു വലഞ്ഞു ചെക്കൊൽ ആശ്

ദക്കിൽനിന്നു ഇറങ്ങി എന്നു കണ്ടു സത്യരക്ഷിതാവ് വരെണ്ടുന്ന കാലം അ
ടുത്തിരിക്കുന്നതു എന്നു ഊഹിക്കയും ചെയ്തു—

മലക്യാദികൾ ഇങ്ങിനെ പൊയശെഷം ഇസ്രയെല്യരെ ആശ്വസിപ്പിപ്പാനൊ
ശിക്ഷപ്പെടുത്തുവാൻ പ്രവാചകന്മാർ ഇല്ലായ്കയാൽ അവർ രൊമാദിക
രം ആശ്രയിച്ചു ദാവീദിൻ സിംഹാസനത്തെ ഹസ്മൊനസ്ഥാനത്തിൽ ആക്കിയെന്നു
ദൈവാധികാര നിവൃത്തി ഒരു ആൾ ഉത്ഭവിച്ചു എങ്കിലും
ആളുകളുടെ അനുഗ്രഹവും ദൈവവാഗ്ദത്തനിവൃത്തിയും തമ്മിൽ ഒക്കുകയി
ല്ല എന്നു അറിവാൻ യെശുവിൽ സംഗതിവന്നതു എന്നവസാനമായതൊ
ട്ടു പ്രവാചകനായ യശയ്യ പറഞ്ഞിരിക്കുന്നതു ദൈവവിചാരവും വഴികളും
മനുഷ്യരുടെ വിചാരത്തിനും വഴികൾക്കും സമമല്ല ആകാശം ഭൂമിയിൽനി
ന്നു ഉയർന്നിരിക്കുന്നതു പൊലെ തന്നെ ദൈവവിചാരവും വഴികളും മനു
ഷ്യരുടെ വഴിവിചാരങ്ങളെക്കാൾ ഇതെ ഉയർന്നിരിക്കുന്നു—

---

Tellicherry Mission Press
1842

[Chr. Gottl. Barth
Biblische Geschichten
1.

# സത്യവെദകഥകൾ

ഒന്നാംഖണ്ഡം

പഴയനിയമത്തിൽനിന്നെടുത്തവ

നന്പത്തരണ്ടു

തലശ്ശെരിക്കിലെഖശാലയിൽ

൧൮൪൮